കടിക്കുന്നതൊക്കെ കരിമ്പെന്നും പിടിക്കുന്നതൊക്കെ ഇരിമ്പെന്നും നാവിലെ വെള്ളം ഔഷധമെന്നും രാമൻ കൊരങ്ങന്മാൎക്ക വരം കൊടുത്തു.

Ramen blessed the monkeys with a privilege that every thing they bit should become sugar cane; that all they caught hold of should become iron; and that their saliva should become medicine.

3rd. This particle is frequently prefixed to neuter demonstrative pronouns with the following meaning.

എന്നതിന്റെ ശെഷം, *After that, whereupon*

എന്നത കൊണ്ട, *By that which, because of that.*

ഞാൻ വഴിയിൽ വെച്ച ഒരു പശുവിനെ കണ്ട ഒഴിഞ്ഞു പൊയി എന്നതിന്റെ ശെഷം ആളുകൾ എന്നെ പരിഹസിച്ചു.

When I was in the way I saw a cow and moved off; upon which the people mocked me.

153. എന്നാറെ. This particle always stands at the head of a sentence as a copulative conjunction; thus,

നീ നിന്റെ രക്ഷിതാവിനൊട അപെക്ഷിച്ചുകൊൾക എന്ന അവൻ ഗുണദൊഷമായിട്ട പറഞ്ഞു എന്നാറെ അവൻ അപ്രകാരം ചെയ്തു.

He recommended him to pray to his Saviour, upon which he did so.

ഞാൻ വളരെ വെള്ളം കുടിച്ചു എന്നാറെ ഇനിക്ക ദീനം പിടിച്ചു.

I drank a great quantity of water, in consequence of which I fell sick.

154. എന്നാൽ or എന്നാലും. This particle has various acceptations as,

1st. It serves to connect two antithetical sentences which, without having any necessary connexion, are brought together merely for the purpose of making each appear in a stronger light; as,

അഹങ്കാരികൾ ലജ്ജിക്കപ്പെട്ടും എന്നാൽ വിനയമുള്ളവർ സന്തൊഷിക്കയും ചെയ്യും.

The proud shall be ashamed, but the lowly shall rejoice.

നീതിമാൻ പലൎക്കും ഉപകാരം ചെയ്യുന്നു എന്നാൽ നീതി ഇല്ലാത്തവൻ പലരെയും ഉപദ്രവിക്കുന്നു.

The righteous does good to many, but the unrighteous injures many.

2nd. It connects sentences in the sense of *and*, *then;* as,

ഇനിക്ക ഉപദെശിക്കെണമെ എന്നാൽ ഞാൻ നിന്റെ കല്പനകളെ പ്രമാണിക്കും.

Instruct me, and I shall observe thy commands.

എന്നെ വിടുവിക്കെണമെ എന്നാൽ ഞാൻ രക്ഷിക്കപ്പെടും.

Deliver me, then I shall be safe.

ഈശ്വരനെന്നെ കുറിച്ച പ്രസാദിക്കുമെന്നാലിനിക്ക ദരിദ്ര്യത ശമിക്കും.

Eshwaren will rejoice in me, then my poverty will cease.

3rd. It stands at the head of sentences without any other meaning than to excite attention to the subject that follows: in this connexion it is similar to our word *now*, as it sometimes occurs in the Scriptures; thus in the beginning of the book of Ruth.

എന്നാൽ ന്യായാധിപതിമാർ ന്യായം നടത്തിയ നാളുകളിൽ ഉണ്ടായത എന്തെന്നാൽ.

Now it came to pass in the days when the Judges ruled.

എന്നാൽ ഞാൻ തിരുവനന്തപുരത്തെക്ക പൊകുവാൻ നിശ്ചയിച്ചിരിക്കുന്നു.

Well, I have resolved to go to Trevandrum.

4th. It is often a mere expletive; as,

എന്നാൽ നീ വന്ന കാൎയ്യം എന്ത?

What is the business you came about?

എന്നാൽ ആവശ്യമുള്ളപ്പോൾ വരെണം.

Come when it is necessary.

നീ ഒരു ചെരട്ട മെടിച്ചു കൊണ്ടുവാ; എന്നാൽ ആരൊട എങ്കിലും അത ചൊദിച്ചാൽ കിട്ടും.

Procure a cocoa nut shell and bring it: you will get it from any one you ask.

155. എന്തെന്നാൽ. This particle stands,

1st. At the head of sentences signifying *for;* as,

എന്തെന്നാൽ പുരാണങ്ങൾ പറയുന്നതിൽ നിത്യ രക്ഷക്കായിട്ട ആര എങ്കിലും ആശ്രയിച്ചാൽ അവൻ നിത്യമായിട്ട നശിച്ചുപൊകും നിശ്ചയം.

For whoever trusts for eternal salvation to what the puranas say, will assuredly perish for ever.

2nd. It is used thus,

അവൻ എഴുതിയത എന്തെന്നാൽ.

The particulars of his letter are thus; or, *He wrote as follows.*

156. എന്തകൊണ്ടെന്നാൽ. This particle is placed at the beginning of sentences, thus,

താൻ തന്റെ അപ്പനെയും തന്റെ അമ്മയെയും ബഹുമാനിപ്പാനുള്ളതാകുന്നു എന്തകൊണ്ടെന്നാൽ ഈശ്വരൻ ആ പ്രകാരം കല്പിച്ചിട്ടുണ്ടല്ലൊ.

You ought to honor your father and mother because you know that God hath so commanded.

There is another form of expressing the sense of this particle; viz. by adding എല്ലൊ to the word that precedes the final verb, and adding ത to the final verb; thus,

രാജാവെ എനിക്ക മാപ്പ തരെണമെ ഈ രാജ്യത്തിലുള്ള അധികാരം എല്ലാം നിനക്കുള്ളതല്ലൊ ആകുന്നത.

O king grant me forgiveness: have you not all authority in the kingdom; or, *is it not that all the authority in the kingdom is your's.*

This form, which in the translation reads flat, is in the original very

emphatic; and if a judgment can be formed from native writings, its use is anterior to that of എന്തകൊണ്ടെന്നാൽ.

157. ആയതകൊണ്ട, എന്നതകൊണ്ട, are used in sentences thus,

അവൻ ഒരു മൊഷണം ചെയ്തുവല്ലൊ, ആയതകൊണ്ട ഞാൻ അവനെ ശിക്ഷിക്കും.

He committed a robbery, on that very account I will punish him.

അവൻ നിന്നിൽ ആശ്രയിച്ചിരിക്കുന്നുവല്ലൊ, എന്നത കൊണ്ട അവനെ തള്ളികളയരുത.

You know he relies upon you, on which account you must not cast him out.

158. ആകകൊണ്ട, ആകയാൽ. This latter particle never coalesces with other words, but is placed in sentences; thus,

സകലത്തെയും സൃഷ്ടിച്ച ദൈവത്തിന്ന അല്ലാതെ നമ്മെ രക്ഷിപ്പാൻ ആൎക്കും കഴികയില്ല; ആകയാൽ എനിക്ക അവനെ സെവിപ്പാൻ അല്ലാതെ മറ്റൊന്നിന്നും മനസ്സില്ല.

No one can save us, but the God who created all things; on which account I have no other wish than to serve him.

ആകകൊണ്ട, is usually affixed to nouns or pronouns; sometimes the initial letter is changed into its short vowel when thus connected; as,

അവൻ ഇങ്ങിനെയുള്ള മനുഷ്യൻ ആകകൊണ്ട, ഞാൻ അവനൊട സംസാരിക്കയില്ല.

In consequence of his being, or, *because he is such a man, I will not speak to him.*

നിങ്ങൾ ക്രിസ്തുവിന്നുള്ളവരാകകൊണ്ട ഭാഗ്യവാന്മാർ.

Because you are Christ's, you are blessed.

നിങ്ങൾക്ക വരുവാൻ കഴിയായ്കകൊണ്ട ഒന്നും കിട്ടുകയില്ല.

Because you cannot come, you will get nothing.

അതകൊണ്ട, in the sense of ആകകൊണ്ട, is affixed to present and past participles; as,

ഞാൻ അവിടെ പൊകുന്നതകൊണ്ട അവൻ പൊകെണ്ടാ.

In consequence of my going thither, he need not go.

അവൻ നമ്മെ സ്നെഹിച്ചതകൊണ്ട നാം അവനെ സ്നെഹിക്കുന്നു.

Because he loved us, we love him.

159. പിന്നെ. This particle is used in various ways; as,

1st. It is placed at the head of sentences in the sense of *afterwards thereupon*, *moreover*, *&c.;* as,

പിന്നെ സന്യാസി സുബ്രഹ്മണ്യന്റെ വചനങ്ങൾ കെൾപ്പാനായിട്ട അവന്റെ അടുക്കൽ ചെന്ന വന്നു.

Afterwards the Sunyassee came near to Subramunyen, in order to hear his words.

പിന്നെ അവൻ അവളെ ശാസിച്ചു.

Thereupon he rebuked her.

പിന്നെയും നീ വെഗത്തിൽ പൊകെണമെന്ന കല്പിച്ചു.

Moreover he ordered that you were to go quickly.

2nd. It sometimes corresponds to the following English words and phrases; thus,

പിന്നെ ഉണ്ടൊ? *Have you any besides these?*

നീ വരുമൊ? പിന്നെയൊ.

Will you come? Of course I will, or, *can you suppose I will not come.*

ഞാൻ അത ചെയ്യുമൊ? പിന്നെഎന്ത?

Shall I do that? What else is there to do?

Sometimes പിന്നെ എന്ത? in the above connexion, means, *Why do you doubt*, or, *make a dispute about it.*

ഞാൻ ഒരു സിംഹത്തെ തന്നെ ഭയപ്പെടുന്നില്ല, പിന്നെ ഒരു പട്ടിയെ ഭയപ്പെടുമൊ?

I do not fear even a lion, Do you suppose then that I shall fear a dog?

3rd. This particle is sometimes merely expletive. It is also used to excite attention to the subject in hand; as,

പിന്നെ ഞാൻ പറയുന്നത കെൾക്കണം.

Pay attention to what I am saying.

വൈദ്യൻ ഇപ്പൊൾ ഇവിടെ വരും, പിന്നെ എന്തിന്ന ഞാൻ അങ്ങൊട്ട പൊകുന്നത.

The Doctor will be here just now, for what then am I going thither.

4th. This particle governs neuter pronouns in the ablative ending in ഇൽ; as,

അവൻ പൊയതിൽ പിന്നെ അവൾ വന്നു.

She came after he went.

അതിൽ പിന്നെ അവൻ ഒടിപ്പൊയി.

He ran away after that.

5th. It takes an ablative termination in ഇൽ, in the sense of *afterwards.*

അവൎക്ക മാപ്പ കൊടുത്തിരിക്കകൊണ്ട അവരൊട ചൊദ്യം ചെയ്യരുതെന്ന ഉത്തരവ വന്നു; പിന്നത്തെതിൽ അവരെ വിലങ്ങിട്ട കൂട്ടിയയക്കതെക്കവണ്ണവും ഉത്തരവ വന്നു.

An order came not to examine them because they had been forgiven: afterwards an order came to put them in chains and send them up (to court.)

6th. An adjective signifying the *next* is made from this particle; as,

പിന്നത്തെ കാൎയ്യം കെൾക്കട്ടെ.

Let us hear the next business.

160. ഉം. In its primary signification, this particle corresponds to the English conjunction *and.* It is used thus,

1st. When there are two or more words to be connected, this particle must be affixed to each of them:[33] this form corresponds to the English conjunction *and,* when used to connect a number of words in one sentence; as,

പുരുഷന്മാരും സ്ത്രീകളും നടക്കുന്നത ഞാൻ കണ്ടു.

I saw the men and women walking.

ശത്രുക്കളിൽനിന്ന അവനെയും അവന്റെ കുതിരകളെയും അവന്റെ രഥങ്ങളെയും അവർ രക്ഷിച്ചു.

They saved him, his horses, and his chariots, from the enemy.

---

[33] In many instances two or more verbs, that in English are connected by the particle *and,* are rendered into Malayalim by using past participles for all the preceding verbs; and the form made by the verbal noun and ചെയ്യുന്നു is used for the final verb.

This, it is to be observed, is not an exception to the rule for placing the conjunction ഉം in as much as all the preceding verbs in the sentence or words used for verbs; are considered to be in the same state as the final verb which, in this instance, has the particle ഉം; thus,

ഞാൻ അവനെ കണ്ട പറകയും ചെയ്തു. *I saw and spake with him.*

This form may be varied by using the neuter noun instead of the participle, in which case the conjunctive particle must be repeated; as,

ഞാൻ അവനെ കാണുകയും പറകയും ചെയ്തു.

I saw and spake with him.

ഞാൻ രാജാവിനെ കണ്ട, നീട്ട വാങ്ങിച്ച, അവന്ന അത കൊടുക്കയും ചെയ്യും.

I will see the Rajah, bring the letter, or *order, and give it to him.*

ഒരുത്തന വരികയും മറെറാരുത്തൻ പൊകയും ചെയ്യു
ന്നത കണ്ടു എന്ന അവൻ പറഞ്ഞു.

He said he saw that one was coming and another going.

ഇനിക്ക ഇപ്പൊൾ ചെയ്തിട്ടുള്ള ഉപകാരത്തിന്ന വെണ്ടി
യും മുമ്പെ കാണിച്ച കൃപെക്ക വെണ്ടിയും ഞാൻ നി
നക്ക സ്തൊത്രം ചെയ്യുന്നു.

I thank you for the benefit you have just conferred upon me, and for the kindness you showed me before.

2nd. This particle, used singly, corresponds to our ***also, even:*** as,

ഇന്നലെ അവൻ പൊയി, ഇന്ന ഞാനും പൊകും.
He went yesterday, I will also go to-day.

Sometimes കൂടെ is added to the conjunction, which renders the sentence more emphatic: as,

ഇനിക്ക ഒരു വീട തീൎത്തിച്ച തന്നുവല്ലൊ; ആ കണ്ടവും
കൂടെ മെടിച്ച തരെണമെന്ന ഞാൻ അപെക്ഷിക്കുന്നു.
Did you not build and give me this house; I pray you to procure and give me that paddy field also.

ആ വൃക്ഷം മുമ്പെ വെട്ടി, നീ ഇതും കൂടെ വെട്ടണം.
That tree was cut down before, you must also cut this down.

അവൻ കൊച്ചി വരെയും പൊയാറെ, അവനെ കണ്ടില്ല.
Though he went even as far as Cockin, he did not see him.

ആയാൾ ചെയ്തതിനെകാളും അധികം ദൊഷം ഇവൻ
ചെയ്തു.
This man did more evil even than that person.

ഇതും നല്ലതല്ല. ***Even this is not good.***

3rd. This particle is used singly to denote that the whole number of persons, or things spoken of, is meant; as,

അവന്റെ മൂന്ന വീടും വിററുകളഞ്ഞു.
He sold his three houses: meaning all he had.

അവന്റെ രണ്ട ഭൃത്യന്മാരെയും വരുത്തെണം.
Bring both his servants.

Implying that the person alluded to has only two servants.

If he had others, the conjunction is not required, and the construction of the sentence would be different; as,

അവന്റെ ഭൃത്യന്മാരിൽ രണ്ട, or രണ്ട പെരെ, വരുത്തെണം.

Bring two of his servants.

It must however be observed that though a part only be meant, if such be pointed out by the demonstrative അ, or ഈ, the particle ഉം, must be used; as,

അവന്റെ ഭൃത്യന്മാരിൽ ആ രണ്ട പെരെയും വരുത്തെണം.

Bring those two of his servants.

4th. When this conjunction is preceded in any part of the sentence, by a negative verb, and followed by a negative verb; its meaning is *neither;* as,

അവൻ പൊകയില്ല എങ്കിൽ ഞാനും പൊകയില്ല.
If he will not go neither will I.

5th. When this particle is repeated in negative sentences, the meaning is *neither*, *nor;* as,

പാലുമില്ല, വെള്ളവുമില്ല.
There is neither milk nor water.

അത ദൊഷമുള്ളതുമല്ല, ഗുണമുള്ളതുമല്ല.
That is neither good nor bad.

This particle serves also to give completeness to a sentence. It is thus elegantly used in a way, to which there is nothing corresponding in the English language.

161. തന്നെ. This particle follows the word to which it belongs, and sometimes has ഉം affixed to it. Its general meaning is *self*, *in reality*, *very*, *only;* and words of a similar import. It is however often used to render the sentence emphatic, without any specific meaning being attached to it;

അവർ തന്നെ, *They themselves.*

അത സത്യം തന്നെ. *It is a truth indeed.*

ഈ കാൎയ്യത്തിന്റെ കുറ്റം അവൎക്ക തന്നെ അല്ല.
They are not the only persons guilty in this affair.

ആ പക്ഷിയെ തന്നെ ഞാൻ മുമ്പെ കണ്ടു.
I saw that very same bird before.

ആ വീട്ടിൽ തന്നെ അവൻ പൊയി.
He went into that very house.

ആയാൾ താൻ തന്നെ ആകുന്നു.
You are that very person.

Many of the above English particles when rendered by തന്നെ must be connected with other words signifying *truth*, *&c.* and these must be placed after the final verb as a separate sentence; thus,

അതിനെ കുറിച്ച നിശ്ചയമുണ്ടൊ? നിശ്ചയം തന്നെ.
Are you sure of it? Very sure.

നാളെ രാജാവ വരും നിശ്ചയം തന്നെ.
It is very certain the king will come to-morrow.

അവൻ പറഞ്ഞത സത്യം തന്നെ.
What he said was really a truth.

When the Malayalim adverbial form is used with, or without തന്നെ, in any of the above senses, it must be placed before the verb; as,

അവൻ വരുമെന്ന നിശ്ചയമായിട്ട, or, നിശ്ചയമായിട്ട തന്നെ കെട്ടു.
I heard for certain that he will come.

താൻ, in Native writings, is sometimes used in the sense of *either*, *or* *neither*, *nor;* as,

ഇക്കഥ കെൾക്ക താൻ ഭക്ത്യാ പഠിക്ക താൻ ചെയ്യുന്ന വൎക്ക മൊക്ഷം വരും നിൎണ്ണയം.
Those who either hear, or learn this story, will certainly obtain heaven.

ഞാൻ പൊക താൻ അവനെ കാണുക താൻ അവനൊട വല്ലതും സംസാരിക്ക താൻ ഒന്നും തന്നെ ഉണ്ടായില്ല.
I neither went, nor saw him, nor spake to him.

162. ഒ. This particle is used in a variety of ways; as,

1st. It stands as the sign of interrogation; thus,

അവൻ വരുമൊ? *Will he come?*

അവന്റെ അപ്പനും അവനൊട കൂടെ പൊയൊ?
Did his father also go with him?

അവർ അപ്രകാരം ചെയ്കയില്ലയൊ? *Will they not do so?*

നിങ്ങൾ അത അറിയുന്നില്ലയൊ? *Do you not know that?*

2nd. When the interrogative pronouns are used, simply to ask questions, the particle of interrogation is omitted; as,

ആര വരും? *Who will come?*

എന്ത കാൎയ്യത്തെ കുറിച്ച അവൻ സംസാരിച്ചു.
About what affair did he speak.

എന്ത പറയുന്നു? *What do you say?*

3rd. In sentences where the English words *like as*, *even as*, *&c.* occur they are sometimes rendered into Malayalim by the interrogative pronoun, and ഒ affixed to the following verb; as,

എതപ്രകാരം ആയാൾ ചെയ്തുവൊ അപ്രകാരം തന്നെ ഇവനും ചെയ്യും.
This man will do even as, or, *like as that man did.*

This form which it is to be observed is from the Sanscrit, is not very concise; the Malayalim idiom for the same kind of phrase is much more simple; thus,

ആയാൾ ചെയ്തത പൊലെ തന്നെ ഇവനും ചെയ്യും; or
ആയാൾ ചെയ്ത പ്രകാരം തന്നെ ഇവനും ചെയ്യും.
This man will do like as; or, *according as that man did.*

4th. In sentences where our pronouns *whoever; whatever* are used the interrogative particle is sometimes affixed to the verb; as,

ആര എങ്കിലും ഇപ്രകാരം ചെയ്യുമൊ അവന്ന സമ്മാനം കിട്ടും.
Whoever will do so will obtain a reward.

എത എങ്കിലും അവൻ കല്പിക്കുന്നുവൊ അത പ്രമാണിച്ച ചെയ്യിൻ.
Whatever he commands that observe and do.

These forms are from the Sanscrit, and chiefly confined to Native writings: the more common and better form is thus,

ആര എങ്കിലും ഇപ്രകാരം ചെയ്താൽ അവന്ന സമ്മാനം കിട്ടും.

എന്ത എങ്കിലും അവൻ കല്പിച്ചാൽ അത പ്രമാണിച്ച ചെയ്യിൻ.

5th. When questions apply to different persons or things, the particle of interrogation must be affixed to each noun, pronoun, or verb, according

to the nature of the question, and an interrogative pronoun is usually placed before them; but this is sometimes omitted. Our words *whether*, *or*, are sometimes rendered by the particle ഒ in the same manner; as,

> എവിടെക്ക പൊകും കൊച്ചിക്കൊ, കൊല്ലത്തെക്കൊ?
> *Whither will you go, to Cochin or Quilon?*

> കൊച്ചിക്ക പൊകുമൊ കൊല്ലത്തിന്ന പൊകുമൊ?
> *Will you go to Cochin or Quilon?*

> ആര പൊകും അവനൊ, അവളൊ, അവരൊ?
> *Who will go, he, she, or they?*

> ഇതിന്നൊ, അതിന്നൊ, അധികം പ്രയാസം?
> *Which is the more difficult, this or that?*

> ഈ വീടുകൾ രാജാവിന്റെ വകയൊ ദിവാനിജിയുടെ വകയൊ?
> *Are these houses the property of the Rajah, or Dewan?*

> ആ കുതിര വെളുത്തൊ കറുത്തൊ ഇരിക്കുന്നു എന്ന ഞാൻ അറിയുന്നില്ല, or, ആ കുതിര വെളുത്തതൊ കറുത്തതൊ എന്ന ഞാൻ അറിയുന്നില്ല.
> *I do not know whether that horse is white or black.*

> നിങ്ങൾ ഭക്ഷിക്കയൊ കുടിക്കയൊ എന്ത എങ്കിലും ചെയ്യുയൊ ചെയ്യ്യാൽ ദൈവത്തിന്റെ മഹത്വത്തിനായിട്ട എല്ലാം ചെയ്യിൻ.
> "*Whether ye eat, or drink, or whatsoever ye do, do all to the glory of God.*"

6th. This particle is frequently used with nouns, and affirmative verbs in an ironical sense, or to imply denial: such forms of speech are much more emphatic than a simple negative; as,

> അവനൊ മിടുക്കൻ?
> *Is he clever?* Meaning that he is just the reverse.

> അവൻ ബുദ്ധിയുള്ളവനൊ?
> *Is he wise?* Meaning that he is a simpleton.

> അവൻ അപ്രകാരം ചെയ്യുമൊ?
> *Will he do so?* Implying the impossibility of his being guilty of such a deed.

7th. It is used to express *grief* and *astonishment*; as,

അയ്യൊ എനിക്ക ഇപ്രകാരം വന്നിരിക്കുന്നത എന്ത!

O dear, what is this that has thus happened to me!

അയ്യൊ എന്റെ പൈതൽ കിണറ്റിൽ വീണു!

O dear, my child fell into the well!

8th. In many instances this particle is merely expletive, sometimes it is used thus,

അവന്റെ വിചാരമൊ അത ഭൊഷത്വം തന്നെ.

As to his opinion, lit. thought, *it is folly.*

നിങ്ങളൊ എനിക്ക വിരൊധമായിട്ട അത നിശ്ചയിച്ചു അവനൊ എന്നെ രക്ഷിപ്പാനായിട്ട അത ചെയ്തു.

As for you, you determined it against me; but as for him, he did it in order to save me.

163. ഒളം. This particle is used,

1st. With the nominative case of nouns; as,

ഞാൻ അഞ്ചു വയസ്സൊളം അവിടെ പാൎത്തു.

I lived there till I was five years of age.

അവൻ മാവെലിക്കരയൊളം പൊയി.

He went as far as Mavelicara.

It is used with the nominative case as a particle of comparison; as,

ഈ പശു ഒരു കുതിരയൊളം ഉണ്ട.

This cow is as big as a horse.

അവനൊളം ദുഷ്ടൻ ആരുമില്ല.

There is no one so wicked as he.

2nd. It is used with a dative in the same way; thus,

ഈ തൂണ ഒരു വൃക്ഷത്തിനൊളം പൊക്കം ഉണ്ട.

This pillar is as high as a tree.

ഇത അതിനൊളം ഉണ്ട. *This is equal to that.*

3rd. In a few cases it is used with the ablative; as,

അവന്റെ വീട്ടിലൊളം അവൾ പൊയി.

She went as far as his house.

അവൎക്ക എടുപ്പാൻ കഴിയുന്നെടത്തൊളം അവൎക്ക കൊടുക്കെണം.

Give them as much as they can take away.

4th. It is used with the future tense of verbs, and in this connexion the particle is sometimes declined; as,

അവൻ വരുവൊളത്തിന്ന അവൾ പൊകയില്ല.
She will not go until he come.

ആ കാൎയ്യം നിവൃത്തിക്കുവൊളം അവൻ ഇവിടെ താമസിക്കും.
He will remain here until that affair be accomplished.

അവൻ ഇവിടെ വരുവൊളത്തെക്ക എനിക്ക ചിലവിന്ന തന്നിട്ടുണ്ട.
He has paid for my expences till he come here.

164. എല്ലൊ. This particle is always used at the end of sentences; as,

ഇത എനിക്ക മെടിച്ചാൽ കൊള്ളായിരുന്നു എന്നാൽ കയ്യിൽ പണമില്ലല്ലൊ.
I wish to purchase this, but it is known I have no money with me.

See the Etymology on this particle.

165. മാത്രം. This particle has various acceptations; as,

1st. It is affixed to nouns and pronouns in all cases, and sometimes to another particle in the sense of *only;* thus.

ഇത മാത്രമല്ല. *Not only this.*

നിങ്ങൾ അവരൊട നിങ്ങളുടെ മനസ്സിൻ പ്രകാരം ചെയ്യിൻ ഈ ആളിനൊട മാത്രം ഒന്നും ചെയ്യരുത.
Do as you please to them, but, or, *only to this person do nothing.*

ഞാൻ മാത്രമല്ല എല്ലാവരും പൊയ്ക്കളഞ്ഞു.
Not only I, but all went away.

സമുദ്രത്തിൽ മാത്രമല്ല കായലിലും ഉപ്പുവെള്ളം ഉണ്ട.
There is salt water not only in the sea, but also in the lake.

2nd. When *but* in the sense of *except* comes in the same sentence with *only*, അല്ലാതെ is added to മാത്രം; as,

ദൈവത്തിന്ന മാത്രമല്ലാതെ ഇത ചെയ്വാൻ ആൎക്ക കഴിയും?
Who can do this but God only?

ഈ ആൾ മാത്രം അല്ലാതെ ഇവിടെ ആരും വന്നില്ല.
No one came here but this person only, or, *except this person.*

3rd. To denote *completeness* ഉള്ളു is added to the final verb, and an ഏ inserted before the last letter of മാത്രം; thus,

ഈ പശു മാത്രമെ ജീവനൊടെ ശെഷിക്കുന്നുള്ളു.
This cow only remains alive.

ആലപ്പുഴനിന്ന കൊണ്ടുവന്ന ആട്ടുകളിൽ ഒന്ന മാത്രമെ ചത്തുള്ളു.
Only one of the sheep that were brought from Allepie died.

Sometimes മാത്രം is understood, and the ഏ is joined to a noun in the sentence, or to the verb that precedes ഉള്ളു; thus,

ഇനിക്ക ഒന്നെ ഉള്ളു. *I have only one.*
ഇത ചെയ്തെ ഉള്ളു. *I did this only.*

166. എങ്കിൽ. This particle is invariably affixed to verbs in any tense as,

1st. To denote the English substantive with *if;* thus,

താൻ ആ മനുഷ്യന്റെ പുത്രനാകുന്നു എങ്കിൽ അപ്രകാരം പറയെണം.
If you are that man's son, say so.

ഇപ്രകാരം വെണം എങ്കിൽ പൊകെണം.
If it must be so, go.

അവൻ അപ്രകാരം കല്പിച്ചു എങ്കിൽ നീ അപ്രകാരം ചെയ്യെണം.
If he did so command, you must do so.

ഞാൻ ഇതിനെ ചെയ്തിട്ടുണ്ടെങ്കിൽ എന്നൊട ക്ഷമിക്കെണമെ.
If I have done this, forgive me.

അവർ നമ്മുടെ പക്ഷത്തിൽ ആയിരുന്നു എങ്കിൽ നമ്മൊട കൂടിയിരിക്കുമായിരുന്നു.
If they had been of our party, they would have joined us.

2nd. എങ്കിൽ. Affixed to negative verbs, corresponds to *unless, if not;* as,

താൻ ഇനിക്ക സഹായിക്കുന്നില്ല എങ്കിൽ അത ചെയ്വാൻ ഇനിക്ക കഴികയില്ല.
I cannot do it unless you assist me.

അവർ ഒരു ആനയെ കൊണ്ടുവരുന്നില്ല എങ്കിൽ ൟ മരം ത
ടി കാമരം കെററുവാൻ കഴികയില്ല.

That timber cannot be placed on the stand (to be sawed) unless they bring an Elephant.

രാജാവ എന്നൊട കല്പിച്ചാൽ ഞാൻ വരാം, കല്പിച്ചില്ല എങ്കിൽ വരികയില്ല.

If the king commands me I will come; if not, I will not come.

പാലും വെള്ളവും കുടിക്കയില്ല എങ്കിൽ അവൻ മരിച്ചു പൊകും.

If he will not drink milk and water he will die.

എന്ന വരികിൽ, ആയാൽ, and ആൽ, have the same meaning as, and are often used for എങ്കിൽ; thus,

അവൻ വന്നു എന്ന വരികിൽ ഞാൻ അവനൊട സം
സാരിച്ചുകൊള്ളാം

If he come, I will speak with him.

ഇപ്രകാരമായാൽ വരെണ്ട.

If it be so, do not come.

നീ ഇവിടെ വന്നാൽ ഒരു മുണ്ട തരാം.

If you come, I will give a cloth. (i. e. *garment.)*

നാം ആ പട്ടണത്തിലെക്ക ചെന്നാൽ അവിടെ വെച്ചു
മരിച്ചുപൊകും നിശ്ചയം.

If we go into that city, we shall certainly die.

167. എങ്കിലും. This particle has several applications; as,

1st. എങ്കിലും corresponds to our word *but*, when used to point out something in reference to the persons or things spoken of in the former part of the sentence; as,

ഞാൻ അവനെ കണ്ടില്ല എങ്കിലും അവൻ എന്നെ കണ്ടു.

I did not see him, but he saw me.

അവൎക്ക കണ്ണുകൾ ഉണ്ട നിശ്ചയം എങ്കിലും അവൎക്ക കാ
ണ്മാൻ കഴികയില്ല.

It is true they have eyes, but they cannot see.

അവൻ എന്നൊട ഒരു വലിയ കുററം ചെയ്തു എങ്കിലും
ഞാൻ അവനെ തള്ളികളകയില്ല.

He committed a great crime against me, but I will not cast him out.

2nd. താനം. May in general be said to have a similar meaning with എങ്കിലും used as above. It is invariably placed at the end of sentences, on which it confers great force and elegance; and can only be used in particular cases; which must be learned by practice:

വളരെ വിഷമം ഉണ്ടായി ഞാൻ കാൎയ്യം സാധിച്ചു താനം.

There was great difficulty, but I accomplished the business.

3rd. എങ്കിലും corresponds to *although* and *though*, when the thing spoken of, is unconditionally certain; as, *Though he was rich, yet he became poor.*

അവൻ എന്നൊട കല്പിച്ചു എങ്കിലും ഞാൻ അവിടെ പൊയില്ല.

Although he commanded me, I did not go thither.

നീ അത ഒരിക്കൽ അറിഞ്ഞിട്ടുണ്ടെങ്കിലും നിന്നെ ഒരു പ്രാവശ്യം കൂടെ ഓൎമ്മപ്പെടുത്തും.

Though you have known it once, I will again remind you.

എന്റെ വചനം വിശ്വസിക്കുന്നില്ല എങ്കിലും അവർ പറയുന്നത വിശ്വസിപ്പിൻ.

Although you do not believe my word, believe what they say.

4th. This particle is sometimes rendered by the English words *nevertheless, notwithstanding;* as,

അവൻ ഉറങ്ങുന്നു എങ്കിലും നാം അവന്റെ അടുക്കൽ പൊകെണം.

He is sleeping, nevertheless we must go to him.

ഞാൻ ഒരു ധനവാനാകുന്നു എങ്കിലും നിന്റെ ഭൃത്യൻ ആകുന്നു.

Notwithstanding I am a rich man, I am your servant.

5th. എങ്കിലും is sometimes put for *even;* thus,

അവൻ അല്ലാതെ ആരും അവന്റെ സ്ത്രീ എങ്കിലും അത അറിയുന്നില്ല.

No one, but he, not even his wife, knows it.

6th. When എങ്കിലും is repeated in affirmative sentences the meaning is *either, or.* In negative sentences *neither, nor;* as,

ഞാൻ എങ്കിലും അവൻ എങ്കിലും വരും.

Either I, or he will come.

ഞാൻ എങ്കിലും അവൻ എങ്കിലും വരികയില്ല.

Neither I, nor he will come.

ആനകളെ എങ്കിലും കുതിരകളെ എങ്കിലും അവർ കൊണ്ടുവരും.

They will bring either the Elephants or Horses.

168. എന്നിട്ടും. This particle is in many cases merely expletive sometimes it answers to *although*, *after that*, *&c.;* as,

ഞാൻ ഒരു കാൎയ്യത്തെ കുറിച്ച വളരെ ഗുണദൊഷം പറഞ്ഞു എന്നിട്ടും അവന്റെ ശീലത്തിന്ന ഒട്ടും ഭെദം വന്നില്ല.

Although, or, *after I gave much good advice, there was no change in his disposition.*

169. ആലും. This particle is used,

1st. In sentences in connexion with an interrogative pronoun, to signify *whoever*, *whatever;* as,

ആര വന്നാലും ഞാൻ ഇവിടെനിന്ന പൊകയില്ല.

Whoever may come, I will not go hence.

അവൻ എന്ത പറഞ്ഞാലും, ഞാൻ അത ചെയ്യും.

Whatever he may say, I will do it.

2nd. It denotes the English subjunctive with *although;* and must be carefully distinguished from എങ്കിലും, when used for *although;*

എന്നെ താമസിപ്പിച്ചാലും നിന്നൊട കൂടെ പൊരികയില്ല.

Although, or, *even if you detain me, I will not go with you.*

ഞാൻ വൻകാട്ടിൽ നടന്നാലും ഭയപ്പെടുകയില്ല.

Though I should walk in a great Jungle, I will not be afraid.

3rd. This particle repeated in the sentence corresponds to *whether, or;* as,

നീ വീട്ടിൽ പൊയാലും കൊള്ളാം ഇവിടെ ഇരുന്നാലും കൊള്ളാം എന്നാൽ ഉച്ചയാകുമ്പൊൾ നമ്മുടെ അടുക്കൽ വരെണം.

It is indifferent whether you go home or remain here, but you must come to me at noon.

170. പ്രകാരം. This particle is used in sentences thus,

1st. With the nominative case of nouns in their full shape, except

where they end in ം, which is dropped when the particle is added; as,

കാഴ്ചപ്രകാരം വിധിക്കരുത.

Judge not by appearance.

താൻ അവന്റെ ഇഷ്ട പ്രകാരം ചെയ്യെണം.

You must do according to his will.

2nd. With the genitive case of nouns abbreviated; as,

അവരുടെ ചട്ടത്തിൻ പ്രകാരം അവർ നടന്നു.

They walked according to their custom.

അവരുടെ ക്രിയകളിൻ പ്രകാരം അവൻ അവൎക്ക പക
രം നല്കും.

He will recompence them according to their doings.

നിന്റെ കരുണയിൻ പ്രകാരം എന്നെ ഒൎക്കണമെ.

Remember me according to thy mercy.

3rd. It is used with participles thus,

അവനവന്ന ആവശ്യമുള്ള പ്രകാരം അവൻ കൊടുക്കും.

He will give as each one has need.

താൻ എന്നൊട പറഞ്ഞ പ്രകാരം ഞാൻ ചെയ്യാം.

I will do as you told me.

നിന്നെ സെവിക്കുന്നവരൊട നീ ചെയ്യ വരുന്ന പ്ര
കാരം എന്നൊടും കരുണ ഉണ്ടാകെണമെ.

Have mercy upon me, as thou art wont to do to those who serve thee.

4th. തന്നെ, is frequently added to പ്രകാരം, to strengthen the sentence; as,

അവനവൻ നിശ്ചയിച്ച പ്രകാരം തന്നെ ചെയ്യട്ടെ.

Let each one do as he severally determined.

അവരുടെ കുറ്റങ്ങളിൻ പ്രകാരം തന്നെ താൻ അവരെ
ശിക്ഷിക്കെണം.

You must punish them according to their crimes.

5th. When ആ, or ൟ, changed into their short vowels, is prefixed to പ്രകാരം; it signifies *in this* or *that wanner;* as,

നീ അപ്രകാരം ചെയ്യരുത. *You must not do so.*

അവൻ ഇപ്രകാരം അത ചെയ്യുതിനാൽ നീയും ഇപ്ര
കാരം തന്നെ ചെയ്യെണം.

Because he did it in this manner, you must also do it so.

നീ ആപത്തിൽനിന്ന അവരെ രക്ഷിച്ചത കൊണ്ട ന
ല്ലവൻ എന്നാൽ നിനക്ക ദുഃഖം വന്നാൽ ഞാനും അ
പ്രകാരം തന്നെ നിനക്ക സഹായിക്കും.

You are a good man for saving them from distress: if trouble come upon you, I will in like manner assist you.

171. ഉടനെ. This particle requires verbs, or participles, and is used thus,

ഞാൻ അവിടെ ചെന്നാൽ ഉടനെ വള്ളം ഇങ്ങൊട്ട കൊ
ടുത്തയക്കാം.

As soon as I go thither, I will send the Boat.

മഴ പെയ്ത ഉടനെ വെള്ളം പൊങ്ങി.

The water rose as soon as it had rained.

ഞാൻ അവിടെ ചെന്ന ഉടനെ അവൻ പൊയ്ക്കളഞ്ഞു.

He went away immediately I went there.

172. തൊറും, is placed in sentences thus,

തൊട്ടം തൊറും വൃക്ഷം നാട തൊറും ഭാഷ.

In every garden a tree; in every country a language.

നീ നടക്കുന്തൊറും നിന്റെ ദീനം വൎദ്ധിക്കും.

The more you walk, the more your disease will increase.

173. മുതൽ. Besides being used with participles as explained before, this particle is frequently used with nouns, or pronouns in the nominative case; as,

ഈ ആണ്ട മുതൽ ആ പറമ്പിന്ന കരം തരെണം.

From this year, you must pay tax for that field.

ഇന്ന മുതൽ, or, ഈ ദിവസം മുതൽ ഞാൻ അപ്രകാരം
ചെയ്യാം.

From this day forward, I will do so.

174. വരെ, This particle referring to time and place is used.

1st. With nouns, or pronouns in the nominative case; thus,

ഞാൻ അത സാധിക്കുന്നത വരെ ഇവിടെനിന്ന പൊ
കയില്ല.

I will not go hence, until this is accomplished.

അവൻ പൊയ നാൾ വരെ ഞാൻ അവനൊട കൂടെ
പാൎത്തു.

I lived with him up to the day he left.

ൟ നാഴിക വരെ ഞാൻ ഒന്നും മൊഷ്ടിച്ചിട്ടില്ല.
Up to this moment I have stolen nothing.

അവൻ മുമ്പെ കണ്ട സ്ഥലം വരെ പൊയി.
He went unto, or, *as far as, the place he saw before.*

2nd. വരെ, is generally used in the same sentence with മുതൽ; in which case, ഉം is added to വരെ: sometimes വരെ takes a dative termination; thus,

കന്യാകുമാരി മുതൽ കൊച്ചി വരെയും, or, വരെക്കും ഞാൻ നടന്നിട്ടുണ്ട.
I have walked from Cape Comorin as far up as Cochin.

അവൻ രാവിലെ ആറ മണി മുതൽ ൟ നെരം വരെയും പഠിച്ചുംകൊണ്ടിരിക്കുന്നു.
He has been learning from six o'clock this morning, up to this time.

3rd. The participle ഉള്ള is frequently added to വരെ; as,

കണ്ണൂർ മുതൽ ത്രിശ്ശൂർ വരെയുള്ള ജനത്തിൽ പതിനായിരം പെർ മരിച്ചുപൊയി.
Of the people who dwell between Cannanore and Trichoor, 10000 *died.*

175. തൊട്ട is used,

1st. With nouns in the nominative case, and with adverbs in the same sense as മുതൽ; thus,

ആയാണ്ട തൊട്ട അവൻ കരം കൊടുത്തവരുന്നു.
He has been in the habit of giving tax from that year.

അത കെട്ടന്നതൊട്ട എൻ മനസ്സിൽ വിഷാദം തുടങ്ങിയിരിക്കുന്നു.
Grief has arisen in my mind from the time I heard that.

2nd. തൊട്ട, is used with വരെ in the same sense as മുതൽ; thus,

ആലപ്പുഴതൊട്ട കൊല്ലം വരെയും വള്ളത്തിൽ തന്നെ പൊയി.
He went from Aleppie to Quilon by boat.

ബ്രാഹ്മണൻ തൊട്ട പുലയൻ വരെയുള്ള ജാതിക്ക ഒക്കെയും അതതിന്നുള്ള മൎയ്യാദ ഉണ്ട.
Every sect, from the Brahmin to the Slave, has its own Custom.

3rd. തൊട്ട, is sometimes used in connexion with ഒളം, the latter being used in the sense of വരെ; as,

ആനതൊട്ട അണ്ണാനൊളമുള്ള മൃഗങ്ങൾ.

The beasts from the Elephant to the Squirrel.

176. അല്ലാതെ, ഇല്ലാതെ, ഒഴികെ. The whole of these particles require nouns, or pronouns chiefly in the nominative case, the two former words are sometimes affixed to participles. They are used in sentences,

1st. In the sense of *besides ;* as,

അവൻ അവിടെ ചെയ്ത പ്രവൃത്തി അല്ലാതെ ഇതും കൂടി ചെയ്തു.

Besides the work he did there ; he did this also.

പാപത്തിൽനിന്ന മനുഷ്യരെ രക്ഷിപ്പാൻ ദൈവം അല്ലാതെ മററാരുമില്ല.

There is none other besides God, to save men from sin.

അല്ലാതെ, with the conjunctive particle ഉം affixed to it, sometimes corresponds to *moreover.*

2nd. These particles sometimes correspond to *without ;* as,

ഹേതുവില്ലാതെ അവർ എന്നെ തല്ലി.

They beat me without a cause.

ശുദ്ധിയില്ലാതെ ജനിച്ച മനുജനെ ശുദ്ധനാക്കീടുവാനാക്കാവത.

Who can cleanse a man, born without holiness.

3rd. They are used in the sense of *except;* as,

അവൻ ഇവിടെ വന്നല്ലാതെ ഞാൻ ഇവിടെനിന്ന പുറപ്പെടുകയില്ല.

I will not depart hence, except he come.

ഇതല്ലാതെ ഇവിടെ ഒന്നുമില്ല.

There is nothing here, except this.

ആയാൾ ഒഴികെ എല്ലാവരും പൊയി.

All went except this person.

അത ഒഴികെ ൟ രോഗത്തിന്ന മറെറാരു മരുന്നില്ല.

There is no medicine for this disease except this.

4th. Either of the above forms, or any negative verbal participle following a noun or pronoun, with ഇരുന്നാൽ, answers to *except:* the

participle retaining the meaning of the verb from which it was derived; as,

ഒരുത്തനും സഹായക്കാരൻ തന്നൊട കൂടെ ഇല്ലാതെ ഇരുന്നാൽ ഇപ്രകാരം ചെയ്യാൻ കഴികയില്ല.

No one, except an assistant be with him, can do so.

അവർ വരാതെ ഇരുന്നാൽ ഞാൻ പൊകയില്ല.

I will not go, except they come.

Sometimes an adverb is placed between the noun and participle; as,

മഴ നന്നായി പെയ്യാതെ ഇരുന്നാൽ കൃഷിക്ക ദൊഷം വരും.

The crop will be destroyed, except it rain well.

5th. If ഇരിപ്പാൻ, ഇരിപ്പാനായിട്ട, ഇരിക്കെണ്ടുന്നതിന്ന, or ഇരിക്കെണ്ടുന്നതിന്നായിട്ട, be added to the negative participle instead of ഇരുന്നാൽ, the meaning is *lest;* as,

ദുഷ്ടന്മാർ നിന്നെ വഞ്ചിക്കാതെ ഇരിപ്പാൻ അവരൊട സംസാരിക്കരുത.

Talk not with wicked men, lest they deceive you.

ഇവിടെ ആരും കെറാതെ ഇരിപ്പാൻ വാതിൽ പൂട്ടെണം.

Lock the gate, lest any one should come in.

അവർ നിഗളമായിട്ട നടക്കാതെ ഇരിക്കെണ്ടുന്നതിന്ന അവൎക്ക നല്ലപൊലെ ഉപദെശിക്കെണം.

Instruct them well, lest they should behave proudly.

177. കൂടാതെ, Used as a particle, corresponds to *without.* It is used in sentences thus,

1st. With the nominative case of nouns; as,

അവൻ കൂടാതെ ഞാൻ പൊകയില്ല.

I will not go without him.

ഈ രാജ്യത്തിൽ പാൎക്കുന്നവർ ബഹു കാലമായിട്ട സത്യമുള്ള ദൈവത്തെ കുറിച്ചുള്ള അറിവ കൂടാതെയും അവൎക്ക ഉപദെശിക്കുന്നതിന്ന വിശ്വാസമുള്ള പട്ടക്കാർ കൂടാതെയും സത്യമുള്ള ന്യായപ്രമാണം കൂടാതെയും ഇരുന്നു.

The people of this kingdom were for a long time without the knowledge of the true God, without faithful Ministers to instruct them, and without a true law.

2nd. It is used with the accusative case of nouns; as,

അവർ ക്രിസ്തുവിനെ കൂടാതെ ഇരിക്കുന്നതാകകൊണ്ടു നശിച്ചു പൊകുന്നു.

Because they are without Christ, they are perishing.

3rd. Negative participles are sometimes used in the sense of *without;* the participle retaining the meaning of the verb; as,

അവർ നനയാതെ വന്നു.

They came without getting wet.

അവൻ എന്നൊട പറയാതെ പൊയി.

He went away without speaking to me.

അവർ വിചാരിക്കാതെ ഇത ചെയ്തു.

They did this without thinking.

178. പൊലെ. This particle is used,

1st. With the accusative case of nouns; as,

അവർ പൈതങ്ങളെ പൊലെ ആകുന്നു.

They are like children.

അവനെ പൊലെ ആരുള്ളു?

Who is like unto him?

ആ രാജാവിനെ പൊലെ മറ്റൊരുത്തനുമില്ല.

There is no one like that king.

2nd. Sometimes with other cases of nouns; but in such instances എന്ന must be inserted between the noun and particle; thus,

മറ്റ സകല ജാതികളും എന്ന പൊലെ അവർ ചെയ്തു.

They acted like all other nations.

ശത്രുവിനൊട എന്ന പൊലെ അവൻ എന്നൊട ചെയ്തു.

He acted towards me, as to an enemy.

3rd. As the nominative is generally used for the accusative in the case of neuter nouns and pronouns, when the nominative of such words stands for the accusative എന്ന is omitted; as,

അത പൊലെ ചെയ്യെണം.

Do like that.

അത ഒരു വൃക്ഷം പൊലെ ഇരിക്കുന്നു.

It is like a tree.

ആ ദിവസം പൊലെ അതിന്ന മുമ്പും അതിന്ന പിമ്പും ഉണ്ടായിട്ടില്ല.

There has been no day like that, before or after it.

ദുഃഖങ്ങളും സുഖങ്ങളും ചക്രം പൊലെ ചുററുന്ന.

Griefs and Joys revolve like a wheel.

179. ആയിട്ട. This particle has a variety of applications; thus,

1st. It is affixed to the nominative case of nouns, in the sense of തമ്മിൽ *together*, *with each other*, *&c.;* as,

ഞാനും അവനുമായിട്ട തൎക്കിച്ചു.

He and I disputed.

ഇവരും അവരുമായിട്ട സംസാരിച്ചു.

These and those conversed together.

2nd. When affixed to the nominative case, it frequently gives an adverbial sense to the noun; as,

ഞാനും അവനും കൂടെ പങ്കായിട്ട കച്ചവടം ചെയ്തു.

I and he traded together, as equal partners.

അത നാലിരട്ടിയായിട്ട വൎദ്ധിച്ചു.

It increased four-fold.

അവൻ ഭൊഷനായിട്ട ഇത അനുസരിച്ചു.

He acknowledged this like a fool.

ആയിരം പണം ഒന്നായിട്ട കൊടുപ്പാൻ കഴികയില്ല.

I cannot give a thousand fanams at once.

അവനെ കാണ്മാൻ ആഗ്രഹമായിട്ട വന്ന.

I came with desire to see him.

3rd. It is affixed to the dative case of nouns, and sometimes to adverbs in the sense of *for*, *to;* as,

അവൻ മാനത്തിന്നായിട്ട ഇത ചെയ്തു.

He did this for the sake of honor.

ഞാൻ അവന്നായിട്ട കൊടുത്തു. *I gave it for*, or, *to him.*

ഓണ ചിലവിന്നായിട്ട അവൻ അത വിററു.

He sold it for the expences of the Onam Festival; i. e. *to defray the expences of that feast.*

എന്തിനായിട്ട ഇപ്രകാരം ചെയ്യുന്ന?

For what are you doing this?

4th. It is affixed to pronouns in the dative case; and to the Infinitive Mood of verbs in the sense of *for*, *for the purpose of*, *in order to;* as,

അവൻ ഇരിക്കുന്നതിനായിട്ട ഒരു സ്ഥലം അന്വെഷിച്ചു.

He sought a place to sit down.

അവൻ പാൎക്കെണ്ടുന്നതിനായിട്ട ഒരു വീട ഉണ്ടാക്കി.

He made a house to dwell in.

അവൻ അവളെ കാണെണ്ടുന്നതിനായിട്ട അവിടെ പൊയി.

He went thither for the purpose of seeing her.

അവർ കുളിപ്പാനായിട്ട പൊയി.

They went in order to bathe.

അവന്ന കൊടുപ്പാനായിട്ട ഞാൻ അത ഇവിടെ വെച്ചു.

I placed it here in order to give him.

നിങ്ങൾ അവന്റെ കീൎത്തിയെ അറിയിക്കെണ്ടുന്നതിനായിട്ട അവർ നിങ്ങളെ തെരിഞ്ഞെടുത്തു.

They selected you that you might proclaim his fame.

5th. Adverbs are formed by adding ആയിട്ട to the nominative case of nouns; as,

അവൻ അവനൊട രഹസ്യമായിട്ട പറഞ്ഞു.

He spake with him secretly.

180. നിമിത്തം, നിമിത്തമായിട്ട, ഹെതു, ഹെതുവായിട്ട, മൂലം, മൂലമായിട്ട. നിമിത്തം, ഹെതു, and മൂലം, are Sanscrit nouns signifying *cause*, *&c.:* at times they are used as nouns in the Malayalim language and regularly declined. In other cases all the above words are used indifferently, with or without the affix ആയിട്ട, as particles, and usually follow a nominative; as,

ഞാൻ നിമിത്തം അവൻ സമ്പന്നനായി.

It is through me he is rich.

അവന്റെ ദുഷ്ടവൃത്തി ഹെതുവായിട്ട അവൻ നശിച്ചു പൊയി.

He perished on account of his wickedness.

താൻ മൂലം അവൻ അപ്രകാരം ചെയ്തു.

It was through you that he did so.

In some few instances these particles govern other cases, thus from the Ramayana,

നിൻ മൂലം എൻ മകൻ വനത്തിന്ന പൊയി.

Through you, my son went into the wilderness.

181. തമ്മിൽ. This particle is used with the nominative case of nouns and pronouns. If there be more than two persons this particle must be repeated; if two only it is to be used singly; thus,

അവർ തമ്മിൽ തമ്മിൽ ദുർവ്വാക്കുകൾ പറഞ്ഞു.

They spake bad words to one another.

ആ രണ്ട പെരും തമ്മിൽ ആലൊചന ചെയ്തു.

Those two persons took counsel together.

അവർ തമ്മിൽ തമ്മിൽ അടിച്ചു. *They beat each other.*

അവർ തമ്മിൽ തല്ലി. *They struck each other.*

The particle ഉള്ള is sometimes added to തമ്മിൽ, and used thus,

അവർ തമ്മിലുള്ള പക നന്നായി വർദ്ധിച്ചു.

The hatred they had to each other, increased greatly.

182. ശെഷം. This particle is used in three ways; thus,

1st. As a particle requiring the genitive case, in the sense of the English preposition *after;* as,

അതിന്റെ ശെഷം കള്ളന്മാർ അവന്റെ ദ്രവ്യം മൊഷ്ടിച്ചു.

After that the thieves robbed him.

അവൻ പൊയതിന്റെ ശെഷം അവർ വന്നു.

They came after he went.

2nd. It is prefixed to nouns or pronouns, or stands alone as an indefinite pronoun; in such cases it signifies *others, the rest, the remainder;* as,

അവൻ ശെഷം എല്ലാവരൊടും അത അറിയിച്ചു.

He made it known to all the others.

അവൻ അഞ്ചു പക്ഷികളെ പിടിച്ചതിന്റെ ശെഷം ര
ണ്ട ചത്തുപൊയി ശെഷം പറന്നുപൊയി.

After he caught five birds, two died, and the rest flew away.

ഒരു പട്ടാളം ഇവിടെ വന്നു അതിൽ ൭൦൦ പെർ വള്ളത്തി
ൽ പൊയി ശെഷം പെർ കരയ്ക്കും പൊയി.

A regiment came here, from which 700 men went away by water, the remainder by land.

3rd. In some cases when it is prefixed to nouns, it is used adjectively with or without the sign of the adjective; as,

അവൻ ശെഷം പട്ടണത്തെ പണിയിച്ചു.
He caused the remainder of the city to be built.

അവൻ ശെഷമുള്ള ആടുകളെ കൊണ്ടുവന്നു.
He brought the other sheep.

183. അടുക്കൽ, which is sometimes declined thus അടുക്കലെക്ക, is used with the genitive case of masculine and feminine nouns, and with neuter nouns of things endued with animal life. It is often, though incorrectly, used with nouns of all kinds.

എന്തിന്ന എന്റെ അടുക്കൽ വരുന്നു. *Why do you come to me.*

അവൻ അവളുടെ അടുക്കൽ പൊയി. *He went to her.*

ആ ആനയുടെ അടുക്കൽ പൊകരുത.
Do not go near that Elephant.

രാജാവിന്റെ അടുക്കലെക്കും ദിവാന്ജിയുടെ അടുക്കലെക്കും ചെല്ലെണമെന്ന അവൻ അവരൊട കല്പിച്ചു.
He commanded them to go to the Rajah and Dewan.

അവൻ ശിവന്റെ അടുക്കലെക്ക മൂന്നാളുകളെ പറഞ്ഞയച്ചു.
He sent three persons unto Shewa.

184. പറ്റിൽ, പക്കൽ, *By*, *with*. Signifying the present possession of any thing. These particles are used indifferently, and require the genitive case; as,

എന്റെ പക്കൽ ഒരു ചക്രം പൊലുമില്ല.
I have not even a Chuckrum with me.

ആ കച്ചവടക്കാരന്റെ പറ്റിൽ നല്ല പഞ്ചസാര ഉണ്ട.
That merchant has good sugar by him.

185. പിന്നാലെ. Is used literally and metaphorically in the sense of *walking behind*, or *following after*, and requires the genitive case; as,

ആ നായ അന്യന്റെ പിന്നാലെ പൊകയില്ല.
That dog will not follow a stranger.

നിന്റെ പിന്നാലെ വരുവാൻ അവൾക്ക മനസ്സില്ല എങ്കിൽ നിൎവ്വാഹമില്ല.
If she will not follow you, it cannot be helped.

എന്റെ പിന്നാലെ നടക്കുന്നവന്ന ഉപകാരം ഉണ്ടാകും.
He that walketh after me, will obtain a benefit.

186. അരികെ, അരികിൽ, are used with all kinds of neuter nouns, except those denoting animals; as,

അവർ നദിയുടെ അരികെ നിന്നു.

They stood by the river.

അവൻ വെള്ളത്തിന്റെ അരികെ ചെന്നു.

He went to the water.

ആ സ്ഥലത്തിന്റെ അരികിൽ ഒരു വൃക്ഷം പോലും നടരുത.

You must not plant even a tree, near that place.

These particles sometimes follow a dative; as,

പള്ളിക്ക അരികെ.

Near the Church.

അവന്റെ വീട ആ വഴിക്ക അരികെ ആകുന്നു.

His house is near the road.

ഉള്ള is sometimes affixed to these particles; as,

കാട്ടിന്റെ അരികെ ഉള്ള കണ്ടം.

A paddy field near the jungle.

The force of the above English particles, is often rendered into Malayalim by അടുക്കുന്നു, or സമീപത്ത; as,

ആപത്ത തങ്ങൾക്ക അടുത്തിരിക്കുന്നു എന്ന അവർ അറിഞ്ഞു.

They knew that distress was near them; or *They knew they were liable to trouble.*

അവൻ അടുത്ത ചെന്നു. *He went near.*

സ്നേഹിതാ താൻ സമീപത്ത ഇരിക്കുന്നുവല്ലൊ ഇനിക്ക സഹായിക്കെണം.

Friend you are at hand, I pray you to help me.

ആ പട്ടണം സമീപത്ത ആയിരുന്നു എങ്കിലും അവർ അവിടെ പൊയില്ല.

Although that city was near, they did not go thither.

187. നെരെ. This particle is used,

1st. With the the genitive case; as,

അവൻ അവന്റെ നെരെ യുദ്ധത്തിന്ന വന്നു.

He came against him to fight.

അവർ ആനയുടെ നെരെ ചെന്നു.

They went towards the Elephant. i. e. *in a direct line towards it.*

പള്ളിയുടെ നെരെ ഒരു പ്രാക്കൂട ഉണ്ട.

There is a pigeon house opposite the Church.

2nd. With a dative; as,

അവർ വനത്തിന്ന നെരെ ഒടിപൊയി.

They ran direct towards the wilderness.

അവൻ അവന്റെ വലത്തെ കൈക്ക നെരെ അത വെച്ചു.

He placed it towards his right hand.

3rd. It is sometimes placed before words signifying *straight*, or *direct;* thus,

അവൻ നെരെ തെക്കൊട്ട പൊയി.

He went direct to the Southward.

188. ഇടയിൽ. Is placed in sentences thus,

1st. With a genitive; as,

അവൻ ഈ ആളുകളുടെ ഇടയിൽ ഉണ്ട.

He is among these people.

ആ തൂണുകളുടെ ഇടയിൽ ഒരൊ തൂണ കൂടെ ഉണ്ടാക്കിയാൽ കൊള്ളാം.

It would be well, if you were to build another pillar between each of these.

ആ പ്ലാവുകളുടെ ഇടയിൽ ചില തെങ്ങുകളും നില്ക്കുന്നുണ്ട.

There are some Cocoa nut trees standing among those Jack trees.

2nd. With a dative; as,

അത ആടുകൾക്ക ഇടയിൽ കിടക്കുന്നു.

It is lying down among the sheep.

ഞങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുന്നതിന്നിടയിൽ അവൻ വന്നു.

In the midst of our speaking he came.

3rd. The force of this particle is often rendered by the noun being put in the ablative in ഇൽ, without any particle; as,

ആ ജനങ്ങളിൽ ദുഷ്ടന്മാർ കണ്ടെത്തപ്പെട്ടിരിക്കുന്നു.

Wicked men are found among that people.

ആയാളുകളിൽ പലരും ധനവാന്മാരാകുന്നു.

There are many rich among those persons.

189. മെൽ, മെലെ, മിതെ. These particles are used,

1st. With a genitive case; as,

അവന്ന രണ്ടു നഗരങ്ങളുടെ മെൽ അധികാരം ഉണ്ടായി.

He had authority over two cities.

ഈ പാപം എന്റെ മെൽ ഇരിക്കട്ടെ.

Let this sin be upon me.

അവൻ കുന്നിന്മെൽ ഇരിക്കുന്നു.

He is sitting upon the hill.

അവൻ എന്റെ ശത്രുക്കളുടെ മെലെ എന്നെ ഉയൎത്തി.

He raised me above my enemies.

അവന്റെ കട്ടിലിന്റെ മെലെ പല പുഷ്പങ്ങൾ കെട്ടി തൂക്കിയിരിക്കുന്നു.

There are many flowers tied up and hanging over his bed.

ഇതിന്റെ മിതെ അവർ ഇരുന്നു. *They sat over this.*

അതു ഭൂമിയുടെ മിതെ പറന്നു. *It flew above the earth.*

2nd. With a dative; as,

മെഘത്തിന്ന മെൽ ആ പക്ഷിക്ക പറപ്പാൻ വഹിയ.

That Bird cannot fly above the Clouds.

അവന്റെ തലെക്ക മെലെ ഒരു വിളക്ക തൂക്കിയിരിക്കുന്നു.

A lamp is hanging over his head.

ആ സ്ഥലത്തിന്ന മിതെ അവൻ അതു വെച്ചു.

He put it over that place.

3rd. In some few instances, the sign of *from* is affixed to മെൽ; as,

അവൻ ആ വീട്ടിന്റെ മെൽനിന്ന വീണു.

He fell from the top of that house.

മെൽ, is sometimes doubled; the first being put in the dative; as,

മെല്ക്കുമെൽ ദുഃഖം വന്നു.

Sorrow increased more and more.

190. മുമ്പെ, മുമ്പാകെ, മുമ്പിൽ. When reference is made to time, place, the being in any particular state, or, to the performance of an action, മുമ്പെ is generally used, and placed in sentences thus,

ഞാൻ പറഞ്ഞു തീരുന്നതിന്ന മുമ്പെ അവൻ വന്നു.

He came before I had done speaking.

ദീനം പിടിച്ചതിന്ന മുമ്പെ ഞാൻ അവിടെ പൊയി.

I went there before I fell sick.

അവൻ മുമ്പെ ഇരുന്ന സ്ഥലത്തെക്ക പിന്നെയും പൊയി.

He went again to the place where he had been before.

അവന്റെ മരണത്തിന്ന മുമ്പെ ആ കാൎയ്യം ഉണ്ടായി.

That event happened before his death.

നീ എന്റെ മുമ്പെ നടക്കെണം.

You must walk before me.

മുൻ, is sometimes used for മുമ്പെ; as,

മുൻ നിശ്ചയിച്ച ആളുകളെ തന്നെ അവൻ പറഞ്ഞയച്ചു.

He sent the people whom he had before appointed.

ഞാൻ മുൻ നാളിലെ അനുഭവിച്ച വരുന്നത ഇപ്പൊൾ കിട്ടാഞ്ഞാൽ ഇനിക്ക സങ്കടം ഉണ്ടാകും.

If I do not now get what I was in the habit of enjoying in former days, it will be a grievance to me.

2nd. മുമ്പാകെ. Signifying *in the presence of*, is used thus,

ആ മനുഷ്യന്റെ മുമ്പാകെ നിനക്ക കൃപ ലഭിക്കുമാറാകട്ടെ.

May you find favor in the presence of that man.

അവന്റെ മുമ്പാകെ സന്തൊഷത്തൊട കൂടെ പൊകെണം.

You must go before him with joy.

അവന്റെ മുമ്പാകെ അവർ മുട്ടുകുത്തി.

They kneeled before him.

3rd. മുമ്പിൽ. Signifying *before*, in point of time; sometimes *in the presence of*, is used thus,

അവൻ ഇതിന്ന മുമ്പിൽ വരുവാനുള്ളതാകുന്നു.

He ought to come before this.

നീ എന്റെ മുമ്പിൽ വരെണം.

Come before me, i. e. *into my presence.*

അവന്ന മുമ്പിൽ ഉണ്ടായിരുന്ന എല്ലാവരെകാളും അധികം ദൊഷം അവൻ ചെയ്തു.

He did more evil, than all those who were before him.

കൂട്ടി, is very often added to മുമ്പിൽ; sometimes to മുമ്പെ, to signify *beforehand;* as,

ആ മനുഷ്യന്റെ കാൎയ്യങ്ങളെ കുറിച്ച അവൻ മുമ്പിൽ കൂട്ടി പറഞ്ഞു.

He spake beforehand of that man's affairs.

അവിടെ പൊകുമ്പൊൾ എന്ത പറയെണമെന്ന മുമ്പിൽ കൂട്ടി നന്നായി വിചാരിക്കെണം.

Think well beforehand what you must say when you go there.

മഴ പെയ്യും എന്ന ഞാൻ നിങ്ങളൊട മുമ്പെ കൂട്ടി പറയുന്നു.

I tell you beforehand that it will rain.

The sign of the fourth ablative is frequently affixed to മുമ്പിൽ; as,

നീ എന്റെ മുമ്പിൽനിന്ന പൊ. *Go from my presence.*

അതിന്റെ മുമ്പിൽനിന്ന അവൻ ഒടിപ്പൊയി.

He fled from before it.

191. പിമ്പെ, പിമ്പിൽ, പിറകെ, പിറകിൽ. These particles are used thus,

നീ എന്റെ പിമ്പെ വാ. *Come behind me.*

അവൻ പശുവിന്റെ പിമ്പിൽ നിന്നു.

He stood behind the cow.

കുതിര അവന്റെ പിറകെ നടക്കുന്നു.

The horse is walking behind him.

അവൻ ജനകൂട്ടത്തിന്റെ പിറകിൽ വന്നു.

He came behind the crowd.

Our words *before* and *behind* are rendered thus.

മുമ്പും പിമ്പും, *Before and behind.*

Sometimes thus,

മനുഷ്യർ അവരുടെ മുമ്പിലും പിറകിലും ഉണ്ടായിരുന്നു.

There were men before and behind them.

192. കീഴെ, കീഴിൽ. These particles are used with the Genitive or Dative thus,

1st. കീഴെ, must be used when it means *beneath*, or *under*, in place; as,

ആ കട്ടിലിന്റെ കീഴെ ഒരു പെട്ടി ഉണ്ട.

There is a box beneath that bed.

പടിക്ക കീഴെ കല്ലുണ്ട.

There are stones underneath the threshold.

2nd. കീഴിൽ, ought to be used when it implies *lowness* of rank, *inferiority* of station, &c.; as,

അവൻ എന്റെ കീഴിൽ ആകുന്നു. *He is under me.*

ദിവാനിജിയുടെ കീഴിൽ വളരെ ഉദ്ദ്യൊഗസ്ഥന്മാർ ഉണ്ട.

There are many officers under the Dewan.

193. താഴെ, is placed in sentences thus,

അത മുറിയിൽ താഴെ വെക്കെണം.

Put it down in the room.

അവൻ മാളികയിൽനിന്ന താഴെ ഇറങ്ങി.

He came down from the chamber.

അവൻ ഇവന്റെ താഴെ ആകുന്നു.

He is below this person. i. e. *inferior to* or *younger than*, *&c.*

രാജാവ സിംഹാസനത്തിന്മെൽ ഇരുന്നു മറ്റുള്ളവർ അതിന്റെ താഴെ നിന്നു.

The king sat upon the throne, and the others stood below it.

There are various other modes in Malayalim, of expressing the sense of this particle; thus,

അസ്തമിക്കുമ്പൊൾ വാ. *Come when the sun is down.*

മരത്തിൽനിന്ന അവൻ അത ഇറക്കി.

He took it down from the tree.

194. നടുവെ, മദ്ധ്യെ. The English words, *between*, *betwixt*, *midst*, *middle*, are rendered into Malayalim by these particles;

1st. They are placed in sentences thus,

ആ രണ്ട മലകളുടെയും നടുവെ ഒരു തൊടുണ്ട.

There is a channel between those two mountains.

അവർ വെലിക്ക നടുവെ ഒരു പടിവാതിൽ ഉണ്ടാക്കി വെച്ചു.

They put up a gate in the middle of that hedge.

രാജാവ നിങ്ങളുടെയും ഞങ്ങളുടെയും മദ്ധ്യെ ആ ആറ അതിരാക്കിയിരിക്കുന്നു.

The king hath made that river a boundary between us.

ഞങ്ങൾ പൊകുമ്പൊൾ വഴിയുടെ മദ്ധ്യെ വെച്ചു അവനെ കണ്ടു.

As we went we met him in the middle of the way.

2nd. നടവെ, is sometimes used thus,

അവൻ ൧൦ം അപ്പം നടവെ മുറിച്ചു.

He broke the bread in the middle; or, *He divided this loaf into two halves.*

ആ മുണ്ട നടവെ കീറിപ്പൊയി.

That cloth is torn in two in the middle, or *in two halves:* according to the English phrase.

3rd. നടവെ, is sometimes declined in ഇൽ; as,

ആ മുണ്ട നടുവിൽ കീറി കിടക്കുന്നു.

That cloth is torn in the middle.

അവൻ അവരുടെ നടുവിൽ നിന്നു. *He stood between them.*

അവൻ ആ വള്ളത്തിന്റെ നടുവിൽ ഇരുന്നു.

He sat in the middle of that Boat.

ആററിന്റെ നടുവിൽ ഒരു വൃക്ഷം നില്ക്കുന്നുണ്ട.

There is a tree standing iu the middle of the river.

195. സമീപെ, സമീപത്ത. These particles are thus used,

എന്റെ വീട പള്ളിയുടെ സമീപെ തന്നെ ആകുന്നു.

My house is very near the church.

ക്ഷെത്രത്തിന്റെ സമീപത്ത ഒരു കുളം ഉണ്ട.

There is a tank near the temple.

ബുദ്ധിമാന്മാർ രാജാവിന്റെയും സൎപ്പത്തിന്റെയും തീയുടെയും സമീപത്ത പാൎക്കയില്ല.

Wise men will not dwell near a king, a serpent, nor a fire.

ആ തെരുവ നമ്മുടെ ഭവനത്തിന്ന സമീപെ ആകുന്നു.

That street is near my house.

196. ചുററം. This particle requires a genitive or dative; as,

അവൻ തന്റെ പറമ്പിന ചുററം ഒരു വെലി കെട്ടി.

He made a hedge round is field.

അവർ എന്റെ ചുററം നിന്നു. *They stood round about me.*

197. വെണ്ടി. Follows a dative; thus,

താൻ ഇനിക്ക വെണ്ടി ഇത ചെയ്യെണം.

You must do this for me.

നീ ആൎക്ക വെണ്ടി പ്രയാസപ്പെടുന്നു?

For whom are you labouring?

198. അകത്ത, is used thus,

അത പുരക്കകത്ത ഇരിപ്പുണ്ട. *It is within the house.*

വള്ളത്തിനകത്ത വെള്ളം ഉണ്ട.

There is water in the boat.

അവന്റെ വായ്ക്കകത്ത ദീനം ഉണ്ട.

He has a disease in his mouth.

199. പകരം, follows a Dative; thus,

അവർ നന്മെക്ക പകരം അവന്ന തിന്മ ചെയ്തു.

They rewarded him evil for good.

ഇനിക്ക പകരം അവൻ ഇത ചെയ്യും.

He will do this instead of me.

200. ആയ്ക്കൊണ്ട, is thus used with a Dative;

ഞാൻ കച്ചവടത്തിന്നായ്ക്കൊണ്ട ൱ പണം കടം വാങ്ങിച്ചു.

I borrowed 100 *fanams to trade with.*

ഭക്ഷണത്തിന്നായ്ക്കൊണ്ട ഞാൻ അവനെ ക്ഷണിച്ചു.

I invited him to eat.

201. തക്ക, തക്കവണ്ണം, ഒത്ത, ഒത്തവണ്ണം, ഒത്ത പൊലെ. These particles are used thus,

1st. With the Dative case; as,

ജഡ്ജി അവന്റെ കുറ്റത്തിന്ന തക്ക ശിക്ഷ അവന്ന വിധിച്ചു.

The Judge sentenced him to a punishment suitable to his crime.

ആ ദിവാനിജി ഈ രാജാവിന്ന തക്ക മന്ത്രി ആകുന്നു.

That Dewan is a suitable minister for this Rajah.

അവൻ തന്റെ ശക്തിക്ക തക്കവണ്ണം വെല ചെയ്യും.

He will labour according to his strength.

ആ മനുഷ്യന്ന വണ്ണത്തിന്ന ഒത്ത നീളം ഉണ്ട.

That man is tall in proportion to his stoutness.

അവൻ തന്റെ സമ്പത്തിന്ന ഒത്ത പൊലെ ധമ്മം ചെയ്യുന്നുണ്ട.

He gives alms according to his ability.

അവന്ന ഒത്തവണ്ണം അവന്റെ കായ്യം.

His business is according to his mind.

2nd. These particles are used with verbal nouns, and neuter pronouns; sometimes ഉള്ള is affixed to the particle; as,

> എന്നെ അടിക്കത്തക്കവണ്ണം ഞാൻ ഒരു കുററവും ചെയ്തി ട്ടില്ല.
>
> *I have committed no crime to deserve a beating.*

This form implies either that the punishment has been inflicted, or that it is only threatened.

> അവൻ പാത്രം എത്തി എടുക്കത്തക്കവണ്ണം വെച്ചു.
>
> *He placed the vessel within his reach.*
>
> അവന്ന മരിക്കത്തക്കവണ്ണമുള്ള ദീനം ഉണ്ട.
>
> *He hath a disease that will prove fatal.*
>
> അത ഒത്തവണ്ണം ഒന്നും ഒത്തില്ല.
>
> *There is nothing suitable to that;* or, *There is nothing that suits so well as that.*
>
> അവൻ പറഞ്ഞത ഒത്തു; അത ഒത്തവണ്ണം ഇനി പറ യുന്നതും ഒക്കും.
>
> *What he said was correct,* (or as the English phrase is, *was to the purpose*) *and what he may hereafter say will be like it.* i. e. *The known character of the man for wisdom, probity, &c., is a sufficient warrant to justify such a conclusion.*

3rd. With an infinitive mood; as,

> അവൻ എന്നെ അടിപ്പാൻ തക്കവണ്ണം വന്നു.
>
> *He came up to beat me:* That is, *he manifested signs of his intention;* or, as we say in English, *he did every thing short of striking me.* Such phrases in Malayalim are very forcible and must be carefully distinguished from the form made with the infinitive and ആയിട്ട with which they are often confounded.
>
> അവൻ എന്നെ അടിപ്പാനായിട്ട വന്നു.
>
> *He came for the purpose of beating me:* That is, *he merely came with such an intention, without showing signs of his purpose.*
>
> അവന്ന സങ്കടം തൊന്നുവാൻ തക്കവണ്ണമുള്ള വൎത്തമാ നം ഒന്നും കെട്ടില്ല.
>
> *He heard no news that could cause him to grieve.*

4th. തക്കവണ്ണം, വണ്ണം, and sometimes the other particles are

used with the future tense of a verb; in which case the last ഉം of the future is dropped or not: thus,

അവിടെ പറയത്തക്കവണ്ണം ഒന്നുമില്ല.
There is nothing there, worth speaking about.

ആ ക്ഷെത്രത്തിൽ കാണ്മാത്തക്ക വിശെഷം ഒന്നുമില്ല.
There is nothing particularly worth seeing in that Temple.

എന്നാൽ കഴിയും വണ്ണം ഞാൻ ശ്രമിക്കാം.
I will strive as much as possible.

5th. തക്കവണ്ണം and വണ്ണം, are used with past participles; as,

നൂറ.പറ നെല്ലു കിട്ടത്തക്കവണ്ണം ഞാൻ വിത്ത വിതച്ചിട്ടുണ്ട.
I have sown sufficient seed to obtain 100 parahs of paddy.

ഞാൻ വിചാരിച്ചവണ്ണം സാധിച്ചില്ല.
It was not effected according as I thought, (it would be.)

ആ കാൎയ്യം നാം കെട്ടവണ്ണമല്ല.
That business is not so as I heard it.

ഞാൻ പറഞ്ഞവണ്ണം അവൻ ചെയ്തില്ല.
He did not do as I told him.

6th. Some of these particles are used thus,

ഒരുത്തനും ഒത്ത പൊലെ ചെന്ന രാജാവിനെ കാണ്മാൻ കഴികയില്ല.
No one can go when he pleases, to see the king.

അവൻ ഒത്തവണ്ണം ചെയ്യട്ടെ.
Let him do as he likes.

202. പറ്റി, and കുറിച്ച always require an accusative case; as,

ആ കാൎയ്യത്തെ പറ്റി ഒരു അപത്തും വരിക ഇല്ല.
No danger will happen about that affair.

അവന്റെ അവസ്ഥയെ പറ്റി വല്ലവനും സംസാരിച്ചാൽ അവന്ന കൊപം വരും.
If any one speak to him about his state he will be angry.

എന്തിനെ കുറിച്ച താൻ സംസാരിക്കുന്നു.
What are you talking about.

ആ കാൎയ്യത്തെ കുറിച്ച അവർ അവനൊട അറിയിച്ചു.
They informed him of that matter.

203. കൊണ്ട. The use of this particle, in the formation of compound words and with the verbs, has been fully described. When used with nouns in the nominative, or accusative, it signifies *cause* or *instrument;* as,

രാജാവിന്റെ കല്പന കൊണ്ട ഞാൻ അത ചെയ്തു.
I did it by the order of the king.

ഞാൻ ഒരു കൊടാലി കൊണ്ട ആ വൃക്ഷം വെട്ടികളഞ്ഞു.
I cut down that tree with an axe.

ഞാൻ പട്ടിയെ കൊണ്ട അവനെ കടിപ്പിച്ചു.
I caused the dog to bite him.

ഞാൻ അവനെ കൊണ്ട കച്ചവടം ചെയ്യിച്ചു.
I traded through him.

204. കൂടി, signifying *through* requires an ablative in ഇൽ; as,

ആ വഴിയിൽ കൂടി അവൻ പൊയി.
He went through that way.

അവൻ കിളിവാതിലിൽ കൂടി വീണ മരിക്കയും ചെയ്തു.
He fell through the window and died.

There is another form made by abbreviating the noun and particle and coalescing the remaining letters; but this, it is to be observed, is a mere northern provincialism: thus,

താൻ ഈ ആറ്റിലൂടെ നടന്നാൽ മുങ്ങി ചാകും.
If you walk through this river you will be drowned.

205. കൂടെ. This particle requires the ablative in ഒട; as,

അവൻ അവരൊട കൂടെ വന്നു.
He came with them.

അവർ അവിടെ ചെന്നപ്പൊൾ അവൻ അവനൊട കൂടെ സംസാരിച്ചുകൊണ്ടിരുന്നു
When they went thither he was conversing with him.

കൂടെ, is sometimes used with a genitive in the above sense, but this is incorrect, and chiefly confined to the Southern Districts; thus,

എന്റെ കൂടെ വാ. *Come with me.*

കൂടെ, is frequently used for *also*, *even*, and words of a similar import; as,

അവൻ എന്നെ തല്ലി ഞാനും കൂടെ തല്ലി.
He struck me, and I also struck.

അവൻ പറഞ്ഞത ഞാൻ കൂടെ കെട്ടു.
I also heard what he said.

ഞാനും അവനും കൂടെ അത ഭക്ഷിച്ചു.
I and he ate it together.

അവൾ അവളുടെ കുഞ്ഞിന്ന കൂടെ അത കൊടുത്തില്ല.
She did not even give it to her child.

ഈ സമയത്ത മഴ കൂടക്കൂടെ പെയ്യാതെ ഇരിക്കയില്ല.
It will frequently rain at this season.

206. വെച്ചു. This particle has a variety of significations, and is used,

1st. With the nominative case of nouns and pronouns, with എന്ന placed between the noun and വെച്ചു; as,

അത നല്ലത എന്ന വെച്ചു അവൻ തിന്നു.
He ate supposing it to be good.

അവൻ എന്റെ സഹോദരൻ എന്ന വെച്ചു അവനൊട ഗുണദൊഷം പറഞ്ഞു.
I advised him as though he had been my brother.

The student will observe not to confound this word used as a particle, with its use as a verb. When placed after a neuter noun in the nominitive case, as a verb or participle, എന്ന is not required; as,

ഞാൻ രാജാവിന്റെ തിരുമുമ്പാകെ കാഴ്ച വെച്ചു എന്റെ കാൎയ്യം തിരുമനസ്സു അറിയിച്ചു.
I placed my gift before the Rajah, and told him my business.

Used as a verb വെച്ചു sometimes follows a dative; thus,

അവൻ ക്ഷെത്രത്തിൽ പൊയി നാല ചക്രം നടയ്ക്ക വെച്ചു തൊഴുതു.
He went to the temple placed four chuckrums at the door (as an offering) and bowed (before the Idol.)

2nd. വെച്ചു, used as a particle, requires the ablative in ഇൽ; as,

വഴിയിൽ വെച്ചു ഞാൻ അവനെ കണ്ടു.
I saw him in the way.

അവൻ തന്റെ വീട്ടിൽ വെച്ചു ഒരു വിരുന്ന കഴിച്ചു.
He made a feast in his house.

With this ablative വെച്ചു is sometimes used as a particle of comparison; thus,

> എന്നിൽ വെച്ചു വലിയവൻ ആരുമില്ല എന്ന അവന്ന ഭാവം.
>
> *His opinion is, there is no one greater than I.*

3rd. This particle is frequently used with Adverbs; as,

> ഇവിടെ വെച്ചു ൟ കാൎയ്യം തീൎക്കയില്ല എങ്കിൽ ഞാൻ കൊട്ടിൽ പൊകും.
>
> *If you will not settle this business here, I will go to Court.*

4th. വെച്ചു is very commonly used after the past tense of a verb to which the conjunctive particle ഉം has been affixed, to signify *after*, or denote completeness; as,

> ഞാൻ ഇത ചെയ്തുംവെച്ചു അത ചെയ്യാം.
>
> *When this is finished I will do that.*
>
> ഞാൻ കുളിച്ചും വെച്ചു വരാം.
>
> *After I have bathed I will come.*

These forms are generally united thus, for കുളിച്ചുംവെച്ചു, കുളിച്ചെച്ചു. The pronunciation is varied, or rather corrupted accordingly.

> ഞാൻ അവനെ കണ്ടെച്ചു പൊയി.
>
> *After I saw him, I went.*

SYNTAX OF PRONOUNS.

207. As it was necessary to anticipate this subject when treating of the Etymology of Pronouns, and of the Syntax of the Nouns and Particles, the Student will have seen that with the exceptions already stated, the Malayalim pronoun is used as in English. It is however to be particularly observed here, that the natives, always both in writing and speaking, use the neuter singular pronoun in reference to neuter nouns of all numbers: but such a practice is merely, the consequence of ignorance; it is as much a violation of the idiom of their own language, as it is in opposition to common sense.

PERSONAL PRONOUNS.

208. Examples of the use of the personal pronouns,

1st. നാം വരാം എന്ന അവൻ പറഞ്ഞു. *He said I will come.*

ഞാൻ അവിടെ പൊകയില്ല എന്ന അവൻ പറഞ്ഞു.
He said I will not go there.

രാജാവ ഇത ചെയ്യെണമെന്ന എന്നൊട കല്പിച്ചു ഞാൻ ചെയ്യാം എന്ന ഉത്തരമായിട്ട പറകയും ചെയ്തു.
The king ordered me to do this, and I answered that I would.

എങ്ങിനെ ആയാലും നീ പൊകെണം.
However it may be you must go.

താൻ അവരെ കണ്ടാൽ നമ്മൊട പറയെണം.
Tell me if you see them.

ഇനിക്ക അത തരികയില്ല എന്ന അവൻ പറഞ്ഞു.
He said he would not give it to me.

തന്നെ പൊലെ ബുദ്ധിയും ജ്ഞാനവുമുള്ളവൻ ഒരുത്തനമില്ല.
There is no one so wise and learned as you.

അവൎക്ക അത കൊടുക്കെണം. *Give it to them.*

ഒരു ആൾ അവന്റെ മുമ്പാകെ വെണ്ണയും പാലും അരിയും കൊണ്ടുചെന്ന വെച്ചു അവൻ ഭക്ഷിക്കയും ചെയ്തു.
This person placed before him Butter, Milk, and Rice, and he eat.

നിങ്ങൾ ഭയപ്പെടാതെയും വിഷാദിക്കാതെയും ഇരിപ്പിൻ.
Be ye neither afraid nor dismayed.

അവർ അതിനെ കണ്ടപ്പൊൾ അവൎക്ക വളരെ സന്തൊഷം ഉണ്ടായി.
When they saw it they had much joy.

2nd. Examples of the use of നാം and ഞങ്ങൾ, as first persons plural.

പിന്നെ ആ കാൎയ്യത്തെ കുറിച്ചു നാം കുറ്റക്കാരാകുന്നു സത്യം എന്ന അവർ തമ്മിൽ തമ്മിൽ പറഞ്ഞു.
And they said one to another, we are really guilty of that thing.

ലെങ്കയിൽ ചെന്നു നാം പുക്കിതെന്നാകിലൊ ലെങ്കെശ്വരൻ മരിക്കും നിൎണ്ണയം.
If we enter into Lenka Lenka-Eshwaren will assuredly die.

ദൈവമെ ഞങ്ങൾ നിന്റെ കല്പനകളെ ലംഘിച്ചിട്ടുണ്ട.
O Lord, we have broken thy commandments.

യജമാനൻ കല്പിക്കുന്നത എല്ലാം ഞങ്ങൾ ചെയ്യും.
We will do all that master orders.

3rd. When താൻ is used for the second person singular; or if the second person singular be addressed, the pronouns that may be required in the sentence having reference to it must be in the same form of the pronoun and in such cases as the sentence may require; as,

> താൻ ഇവിടെ വരുമ്പൊൾ തന്റെ പുസ്തകം കൂടെ കൊണ്ടുവരെണം.
>
> *When you come, bring your Book also.*
>
> അവർ ഇന്നലെ തന്നെ അന്വെഷിച്ചു.
>
> *They looked for you yesterday.*
>
> ഇവിടെ തനിക്ക ഒന്നും തരികയില്ല.
>
> *I will not give you any thing.*

In this case the adverb ഇവിടെ is put for the personal pronoun ഞാൻ. ഇവിടെ *here*, and അവിടെ *there*, are thus very frequently used among the higher classes, as honorary words, for the first and second person singular of the personal pronoun.

4th. If the nominative case be in the third person singular, or plural, and have pronouns in the sentence referring to it, such pronouns ought to be rendered by താൻ, or തങ്ങൾ in the case required; as,

> അവൻ തന്റെ ഭൃത്യന്മാരിൽ രണ്ടുപെരെ പറഞ്ഞയച്ചു.
>
> *He sent two of his (own) servants.*

Had this sentence been, അവന്റെ ഭൃത്യന്മാരിൽ രണ്ടുപെരെ പറഞ്ഞയച്ചു; it would mean that *he sent two of his* (i. e. of some other persons) *servants.*

> ആയാൾ തന്റെ സ്നെഹിതന്മാരുടെ വാക്കിനാൽ ധൈര്യപ്പെട്ടു.
>
> *That person was encouraged by the word of his friends*
>
> അവർ തങ്ങളുടെതല്ലാത്ത പറമ്പിൽ പൊയി.
>
> *They went into a field that was not theirs.*
>
> ഓടിപ്പൊയ ജനങ്ങൾ തങ്ങളെ ഓടിച്ചവരുടെ നെരെ തിരികെ ചെന്നു.
>
> *The people who fled turned back upon their pursuers.*

5th. In compound sentences where several nominatives occur, the above rule holds good in such parts of the sentence that have reference

to a third person as a nominative either expressed or understood; thus,

ഞാൻ രാജാവിനെ കാണ്മാൻ പൊകുന്നു എന്ന അവൻ തന്റെ സ്നെഹിതന്മാരൊട പറഞ്ഞു.

He told his friends that he was going to see the king.

ആയാളുകൾ അവിടെ ചെന്നതിന്റെ ശെഷം അവൻ തങ്ങളൊട പറഞ്ഞ പ്രകാരം ചെയ്തു.

After those persons went there they did as he ordered them.

ഞങ്ങൾ പൊകട്ടെ എന്ന തങ്ങളുടെ കൂട്ടകാരൊട ചൊദിച്ചു.

They asked their companions to permit them to go.

6th. The regular form of the reflective pronoun for the second person singular is thus,

താൻ തന്നെ അത ചെയ്യെണം.

Do that yourself.

For the second person plural, used in this sense, നിങ്ങൾ is employed; as,

നിങ്ങൾ തന്നെ അവിടെ ചെല്ലെണം.

Go there yourselves.

For the third person singular the form is thus,

തന്നെ താൻ കുത്തി മരിക്കയും ചെയ്തു.

He stabbed himself and died.

For the third person plural അവർ തന്നെ, or തങ്ങൾ തന്നെ is in common use; as,

തങ്ങൾക്ക നാശം തങ്ങൾ തന്നെ.

Their destruction was their own work.

അവർ അത മൊഷ്ടിച്ചു എന്ന അവർ തന്നെ പറഞ്ഞു.

They themselves acknowledged that they stole it.

The plural forms are sometimes thus,

അവർ തങ്ങൾ തന്നെ കുററക്കാരാകുന്നു എന്ന ഏററ പറഞ്ഞു.

They confessed themselves guilty.

അവർ തങ്ങളെ തന്നെ ഇന്നാർ എന്ന അറിയിച്ചു.

They themselves said who they were; or, *They declared themselves to be such persons.*

These reflective pronouns are often expressed by the help of the particle താനെ for the second and third person singular; thus.

നീ താനെ തന്നെ ആ ചുമട എടുക്കെണം.
Carry that load yourself.

അവൻ താനെ തന്നെ തൂങ്ങി ചത്തു.
He hung himself.

അവൻ താനെ തന്നെ അവൎക്ക ചൊറ വിളമ്പി.
He himself gave out the rice for them.

അവൻ താനെ തന്നെ കൊടാലി കൊണ്ട തന്റെ കാല വെട്ടി മുറിച്ചു.
He himself wounded his own leg with an axe.

INTERROGATIVE PRONOUNS.

209. Examples of the use of these pronouns.

1st. Of ആര. Masculine and Feminine Gender of both numbers.

ആര പൊയി?
Who went?

അത ആരുടെ കുതിര?
Whose horse is that?

ഞാൻ ആരുടെ അടുക്കൽ പൊകും?
To whom shall I go?

ഞാൻ ആൎക്ക ഇത കൊടുക്കെണം?
To whom must I give this?

താൻ ആരെ കുറിച്ചു സംസാരിച്ചു?
Whom did you speak of?

അവൻ ആരൊട അത വാങ്ങിച്ചു?
From whom did he obtain that?

2nd. എത is seldom declined; it stands alone or is prefixed to other words; as,

എത പശു നല്ലത.
Which cow is best?

എത വലിയത ഇതൊ അതൊ?
Which is greater this, or that?

എത സ്ഥലത്ത താൻ പൊകുന്നു?
To what place are you going.

ൟ തടി എത ആന വലിച്ചു?
Which Elephant drew this timber?

എവൻ, &c., are placed in sentences thus,

ഇവരിരുവരിൽ എവൻ നല്ലവനാകുന്നു?
Who is the best of these two (men.)

എവൾ ഇപ്രകാരം പറഞ്ഞു?
Who was she who thus spake?

3rd. എന്ത, is placed in sentences before the verb, or after nouns and pronouns; as,

അതിന്ന ഞങ്ങൾക്ക എന്ത?
What is that to us?

ഞങ്ങൾ എന്ത ചെയ്യെണ്ടു?
What shall we do?

ഇത എന്ത എന്ന അവൻ ചൊദിച്ചു.
What is this, he asked?

അവർ എന്തിന്നായിട്ട വന്നു?
For what did they come?

എന്തിനെ കുറിച്ച താൻ സംസാരിക്കുന്നു?
What are you talking about?

നീ പറഞ്ഞത എന്ത?
What was that you said?

എന്ത, is sometimes prefixed to nouns, in which case, ഒരു is usually inserted between എന്ത and the noun. In this connexion it corresponds to our phrases, *what kind*, *what sort;* as,

ഇവൻ എന്തൊരു മനുഷ്യൻ ആകുന്നു?
What kind of a man is this?

ൟ കാൎയ്യത്തിന്ന എന്തൊരു ദൊഷമുള്ളു?
What evil is there in this thing?

ൟ തൂവൽ എന്തൊരു പക്ഷിയുടെതാകുന്നു?
From what sort of a bird does this feather come?

എന്തൊരു ദൊഷത്താൽ എനിക്ക ഇത വന്നിരിക്കുന്നു?
In consequence of what sin has this happened to me?

When എങ്കിലും or ആലും is affixed to ആർ or എത, and the following verb is put in the past tense with ആൽ they correspond to our words *whoever*, *whichever;* as,

ആര എങ്കിലും ഇവിടെ വന്നാൽ അടി കൊള്ളും.
Whoever may come here will be beaten.

ആരായാലും വെല ചെയ്യാൽ അവന്ന കൂലി കിട്ടും.
Whoever may work will get wages.

ആൎക്ക എങ്കിലും ആപത്ത വന്നാൽ ഞാൻ അവന്ന സഹായിക്കും.
To whomsoever distress may come, I will assist him.

ഈ ആനകളിൽ എത എങ്കിലും ആ കാട്ടിൽ പൊയാൽ ചത്തുപൊകും.
Whichever of those Elephants go into that Jungle he will die.

എന്ത followed by a verb with ആലും affixed, corresponds to *whatever;* as,

താൻ എന്ത പറഞ്ഞാലും ഞാൻ അവിടെ പൊകും.
Whatever you may say, I will go there.

The construction of these Malayalim sentences sometimes varies a little; as,

ഇപ്രകാരം ചെയ്യുവൻ ആര എങ്കിലും നല്ലവനല്ല.
Whoever he was that did this, is not good.

എനിക്ക ശത്രുവായിട്ടുള്ളവൻ എവൻ എങ്കിലും എന്നൊട ഇത ചെയ്തു.
Whoever it was that did this to me, is my enemy.

എനിക്ക പ്രിയമുള്ളവന്ന എവന്ന എങ്കിലും ഞാൻ അത കൊടുക്കുന്നു.
I give it to whomsoever I like.

The use of the interrogative particle ഒ, and the manner of placing it in sentences has been fully shown. (See para 163.)

DEMONSTRATIVE PRONOUNS.

210. Examples of the use of these pronouns.

ആര അപ്രകാരം പറഞ്ഞു? അവൻ തന്നെ.
Who said so? *That very man.*

ഇവൻ ആ ഭവനത്തിൽനിന്ന ഇത കൊണ്ടുവന്നു.

This man brought it from that house.

അവൻ അവരെ കുറിച്ച സംസാരിച്ചു.

He spake about them.

ഇത അവന്ന കൊടുക്കെണം.

Give this to him.

ഇവൻ വന്നതിന്റെ ശെഷം അവർ പൊകയും ചെയ്തു

After he came they went.

Examples of the use of the demonstrative particles ആ and ഈ.

ഈ പുസ്തകം കൊണ്ടുപൊ അതും കൊണ്ടുവാ.

Take away this book and bring that.

ആ കാൎയ്യം ചെയ്തവർ ഇവർ തന്നെ ആകുന്നു.

These are the persons who did that thing.

ഈ സ്ത്രീ അവളെക്കാൾ നല്ലവളാകുന്നു.

This woman is better than that.

ആയാളുകൾ ഇവിടെ വന്നപ്പൊൾ ഈ കാൎയ്യങ്ങളെ കുറിച്ച എന്നൊട ചൊദിച്ചു.

When those persons came here they asked me about these things.

These particles, affixed to ആൾ or ആളുകൾ, are used as the honorary pronouns for the third persons singular and plural; thus instead of saying ഇവൻ ചെയ്തത ഗുണം തന്നെ, we must say ഈ ആൾ ചെയ്തത ഗുണം തന്നെ. *What this person did is good.*

Sometimes instead of ആൾ *person*, ദെഹം *body*, is added to the particle. This form is considered more respectful than ആൾ; as, ആ ദെഹം അത കല്പിച്ചു. *That individual ordered it.*

POSSESSIVE PRONOUNS.

211. Examples of the use of words of this kind.

ഞാൻ പണ്ടാര വെല ചെയ്യുന്നത കൊണ്ട എന്റെ കാൎയ്യങ്ങൾക്ക വിഴ്ച വന്നിരിക്കുന്നു.

On account of my doing the Sircar work, I cannot attend to my own affairs; or, *my business is prevented.*

ഈ ഭവനം അവൎക്കുള്ളതാകുന്നു.

This is their house.

അവൻ തനിക്കുള്ള സകലവും ആയാളിന്റെ കയ്യിൽ എല്പിക്കയും ചെയ്തു.

He delivered all his property into that person's care; lit: *hand.*

എന്റെയും നിന്റെയും സങ്കടം തീൎപ്പാൻ ഒരു രാജാവ ഉണ്ട.

There is a king to settle my and your dispute.

ൟ ദ്രവ്യം ഇനിക്കും നിനക്കുമുള്ളതല്ല.

This money is neither yours nor mine.

ഇനിക്ക വരുവാനുള്ള ദ്രവ്യം മാത്രമെ ഞാൻ എടുത്തുള്ളു.

I only took the money that is to come to me.

ഇത ഞങ്ങൾക്ക പണ്ടെ ഉള്ള വീടാകുന്നു.

This is our ancient house.

ഞങ്ങൾക്കുള്ള ദ്രവ്യം കൊണ്ട പലരും വൎദ്ധിച്ചിട്ടുണ്ട.

Many have grown rich by our money; lit: *have increased.*

RELATIVE PRONOUNS.

212. The relative is used in sentences thus,

ആ കാൎയ്യത്തെ കുറിച്ച പറഞ്ഞവൻ ഇവിടെയും വന്നു.

He who spake of that affair, came here also.

ആ കാൎയ്യത്തെ കുറിച്ച പറഞ്ഞവന്റെ മകൻ തിരുവനന്തപുരത്ത പൊയിരിക്കുന്നു.

The son of the man who spake of that affair, has gone to Trevandrum.

അവർ ചെയ്തതൊക്കയും അവൻ അറിഞ്ഞു.

He knew all they did.

ഞാൻ കണ്ടിട്ടുള്ള പശു നല്ലതല്ല.

The cow that I have seen is not good.

ദൈവത്തെ ഭയപ്പെടാത്ത മനുഷ്യരൊട കൂടെ നടക്കരുത.

Keep no company with men who have not the fear of God.

ഞാൻ ക്രിസ്ത്യാനിയായി തീൎന്നതിന്റെ ശെഷം ഇനിക്ക മുമ്പെ അന്ന്യായമായിട്ട ലഭിക്കുന്ന ലാഭം ഞാൻ ഉപെക്ഷിച്ചുകളഞ്ഞു.

After I became a Christian, I cast away the gain I had before unrighteously obtained.

Two or more relatives may belong to the same noun. In that case they

follow each other, or are separated by other words: but a verb cannot be placed between them; as,

സംസാരിച്ചു പാടുന്ന കിളി ഇവിടെ ഉണ്ടു.

The parrot which speaks and sings is here.

അവിടെ പൊയി അവനെ കണ്ടു മനുഷ്യൻ വന്നു; or, അവിടെ പൊകയും അവനെ കാണുകയും ചെയ്തു മനുഷ്യൻ വന്നു.

The man who went there and saw him came.

INDETERMINATE PRONOUNS.

213. Examples of the manner of placing these words in sentences.

1st. Of ഒക്ക or ഒക്കയും

ഒക്ക വന്നു. *The whole came.*

അവൻ ഒക്ക വിറ്റു കളഞ്ഞു. *He sold all.*

കൃഷി ഒക്കയും പിഴച്ചുപൊയി.

The whole of the crop has failed.

അവൻ എന്റെ ദ്രവ്യം ഒക്കയും മൊഷ്ടിച്ചു കളഞ്ഞു.

He stole all my money.

അവനുള്ളതിൽനിന്നു ഒക്കയും അവർ കുറെശ്ശ എടുത്തു.

They took a little from all he had.

താൻ കാണുന്നതൊക്കയും ഇനിക്കുള്ളതാകുന്നു.

All that you see is mine.

ഇതൊക്കയും ഞങ്ങൾക്ക വന്നു. *All this happened to us.*

2nd. എല്ലാവരും. Mas. and Fem. plural, is used thus,

അവർ എല്ലാവരും ഇവിടെ ഉണ്ടൊ? എല്ലാവരും ഉണ്ടു.

Are they all here? All are here.

അവൻ അവരുടെ എല്ലാവരുടെയും മുമ്പാകെ നിന്നപ്പൊൾ അവരെ എല്ലാവരെയും അറിഞ്ഞില്ല.

When he stood before them all, he did not know the whole of them.

ഈ ചൊറ അവൎക്ക എല്ലാവൎക്കും ഭക്ഷിപ്പാൻ തികയും.

This rice will be sufficient for the whole of them.

ഞാൻ അവരൊട എല്ലാവരൊടും നല്ല ഗുണദൊഷം പറഞ്ഞു.

I gave them all excellent advice.

3rd. എല്ലാം, Neuter Gender, is placed in sentences thus,

അവൻ എല്ലാം കൊണ്ടുവന്നു. *He brought all.*

ആ മൃഗങ്ങൾ എല്ലാം ഓടിപ്പോയി.

The whole of those Beasts ran away.

അവൻ ഈ വൃക്ഷങ്ങൾ എല്ലാം വെട്ടികളഞ്ഞു.

He cut down all these trees.

ഈ തൈകൾ എല്ലാത്തിന്റെയും ഇലകൾ പൊഴിഞ്ഞു പോയി.

The leaves fell from the whole of these plants.

അവൻ ഈ തൈകൾക്ക എല്ലാം വളം ഇട്ടു.

He put manure to the whole of these plants.

ഇത എല്ലാത്തിനെക്കാളും നല്ലതാകുന്നു. *This is better than all.*

ഈ വീടുകൾ എല്ലാത്തിലും ആളുകൾ പാൎക്കുന്നുണ്ട.

There are people living in all these houses.

4th. എല്ലാ, abbreviated and prefixed, or affixed in its full shape, to അവൻ is rendered into English by our words *each one, every one;* thus,

എല്ലാവനും അപ്രകാരം ചെയ്യേണം. *Every one must do so.*

നന്മ ചെയ്യുന്നവൻ എല്ലാം ദൈവത്തെ പ്രസാദിപ്പിക്കും.

Every one that doeth good will please God.

ഇതിനെ വിശ്വസിക്കുന്നവൻ എല്ലാം ദോഷത്തിൽനിന്ന ഒഴിയും.

Each one who believeth this will avoid evil.

It is to be observed as a general rule, that when pronouns in the sentence refer to such nominatives as signify *each one, every one;* however the Malayalim forms may be made; such pronouns must be doubled, and if the pronoun be made with any of the cases of അവൻ, the first is put in the nominative and the last in the case required. When they are formed with any of the cases of താൻ; both the pronouns are, usually, put in the case required, or one of the cases of താൻ is supplied by തന്നെ, used as a particle; as,

നല്ല മനുഷ്യൻ എല്ലാം അവനവന്റെ, or തന്റെ തന്റെ ഇഷ്ടത്തിൻ പ്രകാരം നടക്കയില്ല ദൈവത്തിന്റെ കല്പന പ്രകാരം നടക്കെയുള്ളു.

No good man will walk according to his own pleasure, but according to the command of God only.

എല്ലാവനും അവനവന്റെ കാൎയ്യങ്ങളെ വിചാരിക്കെണം.

Each one must mind his own affairs.

എല്ലാവനും തന്റെ തന്റെ കാൎയ്യങ്ങളെ കുറിച്ച രാജാവിനൊട ബൊധിപ്പിക്കെണം.

Each one must inform the king about his own affairs.

എല്ലാ ജാതികളും അതത സെവിച്ചുവരുന്ന ബിംബങ്ങളെ ഉണ്ടാക്കി.

Each sect made the images that it is in the habit of serving.

ആ പശുക്കൾ എല്ലാം വന്നപ്പൊൾ അതതിനെ കെട്ടുന്ന സ്ഥലത്ത ചെന്ന നിന്നു.

When the whole of the cows came, each went and stood at the place where (the people were in the habit) of fastening it.

5th. Examples of the use of ഒരുത്തൻ, &c.

ഒരുത്തൻ വന്നു.

One (man) came.

അവരിൽ ഒരുത്തൻ അപ്രകാരം പറഞ്ഞു.

One of them said so.

ആ സ്ത്രീകളിൽ ഒരുത്തി പൊയി.

One of those women went.

ആ വീടുകളിൽ ഒന്നിൽ നീ പാൎത്തുകൊള്ളുക.

Live in one of those houses.

ഈ കുതിരകളിൽ ഒന്നിന്റെ കാല ഒടിഞ്ഞുപൊയി.

The leg of one of these horses is broken.

അഞ്ചു പെർ പൊയവരിൽ ഒരുത്തനെ പാറാവിൽ ആക്കി.

One of the five that went he put in prison.

6th. The method of using ഒരൊരുത്തൻ, &c., in sentences is thus,

ഒരൊരുത്തൻ പറഞ്ഞ വാക്ക ഒരൊരൊ പ്രകാരം ആയിരുന്നു.

Each one's word was different (from the other.)

അവൻ ഒരൊരുത്തന്ന അയ്യഞ്ച പണം വീതം കൊടുത്തു.

He gave five fanams to each.

ഇത്തരമൊരൊന്നരുൾ ചെയ്തിരിക്കുമ്പൊൾ.

While thus speaking about each.

These pronouns are often used with plural nouns or pronouns thus,

അവർ എല്ലാവരും ഒരൊരുത്തനായിട്ട രാജാവിനെ കണ്ടു.

Each of them saw the king; or, *they all saw the king one after the other.*

നിങ്ങൾ ഒരൊരുത്തിയായിട്ട വെള്ളത്തിൽ ഇറങ്ങെണം.

You must all go into the water one by one.

ആ പൂമരത്തിൽനിന്ന പുഷ്പങ്ങൾ ഒരൊന്നായിട്ട പറിച്ച എടുക്കെണം.

Pluck all the flowers, one by one, from that tree.

In the same sense may be rendered the following sentences.

ആ ഉദ്യൊഗസ്ഥന്മാരെ അവനവന്റെ സ്ഥാനത്തിനിന്ന മാററി അവൎക്ക പകരം വെറെ ആളുകളെ ആക്കെണം.

Remove those officers every one from his place, and appoint others in their stead.

ആ രാജാക്കന്മാർ തന്റെ തന്റെ വലത്തെ കയ്യിൽ വാൾ പിടിച്ചുകൊണ്ട അവനവന്റെ സിംഹാസനത്തിന്മെൽ ഇരുന്നു.

Those kings sat each upon his throne holding a sword in his right hand.

അവനവൻ തന്റെ തന്റെ വീട്ടിലെക്ക പൊകെണം എന്ന രാജാവ കല്പിച്ചു.

The king commanded that each man should go to his own house.

അവർ തന്റെ തന്റെ ആയുധങ്ങളും എടുത്ത അവനവന്റെ കാവൽ സ്ഥലത്തിലെക്ക പൊകെണമെന്ന രാജാവ കല്പിച്ചു.

The king commanded that they should each take his arms, and go to his several guard.

7th. Examples of the use of യാതൊരുത്തൻ, &c.

യാതൊരുത്തൻ എങ്കിലും അവളെ കണ്ടാൽ സ്നെഹിക്കാതെ ഇരിക്കയില്ല.

Whoever may see her will certainly love her.

യാതൊരുത്തന്ന എങ്കിലും ഇവിടെ വരുവാൻ മനസ്സുണ്ടെങ്കിൽ വരട്ടെ.

Whoever will, let him come.

ഞാൻ നിനക്ക വിരൊധമായിട്ട യാതൊന്ന എങ്കിലും ചെയ്തിട്ടില്ല.
I have done nothing whatever against you.

യാതൊരുത്തൻ ആയാലും കള്ള കുടിച്ചാൽ എന്റെ വീട്ടിൽ വരരുത.
Whoever may get intoxicated must not come to my house.

8th. Examples of the use of മറ്റൊരുത്തൻ, മറ്റവൻ, വല്ലവൻ, ഇന്നവൻ, ചിലർ, and പലർ.

അവൻ പൊയപ്പൊൾ മറ്റൊരുത്തൻ വന്നു.
When he went another came.

ഞാൻ മുമ്പെ കണ്ടത ഈ പുസ്തകം തന്നെ മറ്റൊന്നല്ല.
What I saw before was this very book, and none other.

ഇവൻ വന്നു മറ്റവൻ വന്നില്ല.
This person came, the other did not.

വലിയ പെട്ടി ഇവിടെ ഉണ്ട മറ്റെത ഞാൻ കണ്ടില്ല.
The large box is here, but I did not see the other.

വല്ലവൻ പല്ലക്ക കെറിയാലും എൻ മകൻ ചുമക്കെണം.
Whoever may ride in a palanquin my son must carry it.

വല്ലടത്തും വല്ലതും കണ്ടാൽ അവൻ അത മൊഷ്ടിച്ചു കൊണ്ടുപൊകും.
If he see any thing in any place he will steal it.

ഇത മൊഷ്ടിച്ചവൻ ഇന്നവൻ എന്ന ഞാൻ അറിഞ്ഞിരിക്കുന്നു.
I know who he is that stole this.

അവൻ ഇന്നവന്റെ മകൻ എന്ന ഞാൻ മുമ്പെ തന്നെ അറിഞ്ഞിരിക്കുന്നു.
I knew beforehand he was such an one's son.

അവരിൽ ചിലർ വന്നു, ചിലർ വന്നില്ല.
Some of them came and some did not.

നിനക്ക ആവശ്യമുള്ള വസ്തുക്കളിൽ ചിലത ഇവിടെ ഉണ്ട.
Some of the things you want are here.

ഞാൻ ചെന്നപ്പൊൾ പലരും അവിടെ ഉണ്ടായിരുന്നു.
When I went, many (persons) were there.

SYNTAX OF VERBS.

214. In reference to this part of speech, it is to be observed as a general rule;

1st. That when there are two or more verbs in the sentence having reference to the same time, past participles may be used for the former verbs, the last verb is put in the tense required, and the participles must be construed as verbs in the same tense as the last,[34] thus,

അവൻ ഇവിടെ വന്ന തന്റെ കുതിരയെ വിററ പിന്നെ പൊകയും ചെയ്തു.

He came here, sold his horse, and went away again.

ആ വൃക്ഷം വെട്ടപ്പെട്ടു തീയിൽ ഇടപ്പെട്ടു.

That tree was cut down and put into the fire.

When the past tense of the verb ends in ഇ, that tense is used instead of the participle, but to be construed like the final verb; thus,

അവൻ അവിടെ പൊയി തന്റെ കുതിരയെ വിററ പിന്നെ വരികയും ചെയ്യും.

He will go there, sell his horse, and come again.

അവർ കുളിച്ചു കരെറി തൊൎത്തി.

They bathed, came out of the water, and wiped themselves.

2nd. When instead of participles the form made with the verbal noun and ചെയ്യുന്ന is used, such forms are employed for all transitive and intransitive verbs; and by some few writers for the passive verb also; but this latter is not agreeable to the idiom of the language and therefore not to be imitated.

അവർ ഭക്ഷിക്കയും കിടക്കയും ഉറങ്ങുകയും ചെയ്തു.

They eat, lie down, and slept.

Verbs represented by this form ought to be of one kind, as in the last example, where all the verbs are intransitive. If a verb of a different species come in between two or more such verbs; it requires to be put in a different form, but the tense must be considered the same as the others; thus in the following example where all the verbs but one are transitive.

അവൻ ആനയെ കുളിപ്പിക്കയും തണലിൽ കെട്ടുകയും പിന്നെ വന്ന അതിനെ അഴിക്കയും ചെയ്യും.

He will bathe the Elephant, tie it in the shade, come again and loose it.

---

[34] See para: 222, on this subject.

3rd. Intransitive verbs frequently have the past participle of ആകു ന്നു prefixed to them, in which case they give an adverbial sense to the noun with which they are connected; as,

അവൻ നല്ലവൻ ആയിതീൎന്നു. *He became good.*

ഞാൻ ദരിദ്രൻ ആയി ഭവിച്ചു. *I became poor.*

OF THE PRESENT TENSE.

215. This tense is used,

1st. To represent present time; as,

ഞാൻ അവളെ സ്നെഹിക്കുന്നു; or, ഞാൻ അവളെ സ്നെഹിക്കുന്നുണ്ട.

I love her; or, *am loving her.*

യജമാനൻ അവനൊട സംസാരിക്കുന്നു.

The master is conversing with him.

അവൻ പൊകുന്നു. *He is going.*

2nd. When in Malayalim replies are made to such questions as, *what is he doing,* കൊണ്ട must be added to the past tense of the principal verb, and if the answer refers to some business that requires the standing posture, the present tense of the verb നില്ക്കുന്നു *to stand,* ought to be added to കൊണ്ട; as,

അവൻ എന്ത എടുക്കുന്നു? *What is he doing?*

അവൻ കിളച്ചുകൊണ്ട നില്ക്കുന്നു.

He is digging; lit: he stands digging.

അവർ വെറക വെട്ടി കൊണ്ട നില്ക്കുന്നു.

They are cutting fire wood.

If the business requires the sitting posture, the present progressive form is used; as,

അവൻ നെയ്യുകൊണ്ടിരിക്കുന്നു. *He is weaving.*

3rd. മാറ, annexed to verbs, qualifies them thus,

1st. When affixed to the future tense of a principal verb with ആകുന്നു, or, more commonly ആയി or ഉം added to it, the meaning is *preparation for* any thing; as,

അവൻ അത ചെയ്യുമാറായി.

He is prepared to do that.

The usual form in which witnesses, in courts of justice, close their written evidence is thus,

> ഇതിന്ന ഭെദം വന്നാൽ കല്പന പൊലെ കെട്ടുകൊള്ളുമാറും സമ്മതിച്ച ഇന്ത കച്ചീട്ട എഴുതി വെച്ച രാമൻ രാമൻ.
>
> *The Kychet which Ramen wrote and placed (in court,) acknowledging that, if any discrepancy should be found in his evidence, he is prepared to receive punishment.* lit. *If there should be any difference in this, he is prepared to hear what is commanded.*

2nd. മാറാകുന്നു or ആയി, affixed to the infinitive signifies *being on the point of doing* any thing; as,

> അവൻ മരിപ്പാറായി.
> *He is upon the point of death.*
>
> അവൻ ഇത ചെയ്വാറായിരിക്കുന്നു.
> *He is upon the point of doing this.*
>
> ഇത തീരുവാറായി.
> *This is just about finished.*
>
> വള്ളം മുങ്ങുവാറായിരിക്കുന്നു.
> *The Boat is upon the point of sinking.*

3rd. When ഉണ്ട is added to മാറ, and both affixed to the infinitive, the meaning is *habit*; as,

> അവൻ വരുവാറുണ്ട. *He is in the habit of coming.*
>
> അവൻ ആ പൈതലിനെ അടിപ്പാറുണ്ട.
> *He is frequently beating that child.*

വരുന്നു added to the past tense of a principal verb gives the same meaning; as,

> ഞാൻ ദിവസം തൊറും ഇത ചെയ്തുവരുന്നു.
> *I am in the daily habit of doing this.*

4th. The present tense is used when, in relating past events, the verb serves to point out some circumstance as existing or happening at the time referred to by the past tense; as,

> അവർ നൊക്കി എട്ടുണ്ടെന്ന കണ്ടപ്പൊൾ അവന്ന രണ്ട കൊടുത്തു.
> *When they looked and saw that there were,* lit: *are, eight, they gave him two.*

രാജാവ വരുന്നു എന്ന കെട്ടപ്പൊൾ അവൻ അവനെ എതിരെല്പാനായിട്ട ചെന്നു.

When he heard that the king was, lit: *is coming he went to meet him.*

വെള്ളം പൊങ്ങുന്നു എന്ന കാവൽക്കാർ അവനൊട പറഞ്ഞപ്പൊൾ തന്റെ കൃഷി നശിച്ചുപൊകും എന്ന വെച്ച അവൻ അവിടെ പൊയി.

When the watchmen told him that the water was, lit: *is, rising, he went there supposing his crop would be destroyed.*

അത അപ്രകാരം ആകുന്നു എന്ന അവർ അറിയിച്ചപ്പൊൾ അവൻ മിണ്ടാതെ ഇരുന്നു.

When they declared that it was, lit: *is, so he was speechless.*

PAST TENSES.

216. The manner of using these tenses, has been already so fully described, as to render it unnecessary to do more than to give a few examples of each form; thus,

വൈക്കത്ത സദ്യക്ക എലവെപ്പാറായി എന്ന കെട്ടപ്പൊൾ ഒരു ബ്രാഹ്മണൻ നീന്തി അക്കരെ കടപ്പാനായിട്ട കായലിൽ ചാടി കുടിച്ച ചത്തു.

When a Brahmin heard that they were about placing the leaves for the feast at Wykem, he jumped into the Back-water in order to swim over and was drowned, lit: *drank and died.*

This refers to the story of a Brahmin, who, fearing he might be too late for his rice if he waited for a Boat, jumped into the water and was drowned. By the *leaves* are meant plantain leaves which they use as plates.

അത പുല്ല പുഷ്പങ്ങളുടെ മെൽ മഞ്ഞ പെയ്യുന്ന സമയത്തായിരുന്നു.

It was at the time when dew was falling upon the grass and flowers.

എന്റെ അപ്പൻ മരിക്കുന്ന സമയത്ത ഞാൻ കൊഴിക്കൊട്ട ആയിരുന്നു.

I was at Calicut at the time of my father's death.

അവർ ഭക്ഷണത്തിന്ന പൊകുമ്പൊൾ ഞാൻ ആട്ടം കണ്ടുകൊണ്ടിരുന്നു.

While they were going to eat, I was looking at the dance.

അവൻ എനിക്ക ഒരു കുതിരയെ കൊടുത്തയച്ചിട്ടുണ്ടു.
He hath sent me a horse.

ഞാൻ എറ നാളായിട്ട അവന്റെ വരവിനെ കാത്തിരിക്കുന്നു.
I have waited his coming for many days.

ഞാൻ അവിടെക്ക പൊകുവാൻ നിശ്ചയിച്ചിരിക്കുന്നു.
I have resolved to go thither.

അവന്റെ കാൎയ്യത്തെ കുറിച്ച പലപ്പൊഴും ഞാൻ കെട്ടിട്ടുണ്ടായിരുന്നു.
I had often heard of his business.

അവൾക്ക ചെറുതായിട്ട ഒരു തൊട്ടം ഉണ്ടായിരുന്നു.
She had a small garden.

രാജാവ ഇവിടെ വരുമെന്ന മുമ്പിൽ കെട്ടിരുന്നു ഇപ്പൊൾ ഒന്നും കെൾക്കുന്നില്ല താനും.
I had before heard that the king would come but now I hear nothing (about it.)

If ആയിരിക്കും be added to the perfect tense, it denotes *uncertainty;* as,

അവൻ അപ്രകാരം ചെയ്തിട്ടുണ്ടായിരിക്കും.
Perhaps he has done so.

FUTURE TENSE.

217. The Malayalim simple future tense, which corresponds to the English future and future perfect tenses, is placed in sentences thus,

1st. ഞാൻ അവന്ന എഴുതിയതിന്റെ മറുപടി ഇവിടെ വരും:
The answer to what I wrote him will come here.

കൊയിത്ത കഴിഞ്ഞ ശെഷം ഞാൻ അവിടെ പൊകും.
I will go there after the reaping.

വൎഷം വരുന്നതിന്ന മുമ്പെ ഞാൻ ഠരം പുര തീൎക്കും.
I shall have finished this house before the rain sets in.

പത്ത ദിവസത്തിന്ന മുമ്പെ ഞാൻ ആ മുതലയെ കൊല്ലും.
Before ten days I shall have killed that Alligator.

2nd. A future continued action is denoted by adding കൊണ്ടിരിക്കും. to the past tense of the principal verb; as,

ആര എങ്കിലും വന്നാൽ ഞാൻ എന്റെ വെല ചെയ്തു കൊണ്ടിരിക്കും.

Whoever may come I shall continue doing my work.

എന്തെല്ലാം തടവുകൾ ഉണ്ടായാലും ആറ ഒഴികികൊണ്ടിരിക്കും.

Whatever obstructions there may be the river will eontinue flowing.

The whole of the above sentences may be expressed by the verbal negative participle of the principal verb, and the future negative of ഇരിക്കുന്നു added to it. Sentences made with this form are more emphatic, and denote a greater degree of certainty than those made by the simple future affirmative; as,

രാജാവു വരാതെ ഇരിക്കയില്ല.

The king will come; lit: *The king will not be without coming.*

From these remarks it will be observed, that in Malayalim two negatives not only destroy one another, but that they are more than an equivalent to a mere affirmative. When correctly used they render sentences very elegant, and more forcible than they could be otherwise expressed.

3rd. Examples of the use of the future tense with the first person singular and plural to denote *willingness.*

ആ വെല ഞാൻ എടുക്കാം. *I will do that labor.*

ആ നെല്ലു ഞങ്ങൾ കൊണ്ടുവരാം. *We will bring that paddy.*

4th. Sometimes when ഉണ്ട, is added to the present tense of the principal verb it is used for the future.

This form being, found in Native writings, and sometimes spoken, is here noticed for the purpose of informing the student that it is incorrect and ought to be discouraged; thus,

നീ അപ്രകാരം ചെയ്താൽ ഞാൻ നിന്നെ അടിക്കുന്നുണ്ട

If you do so I will beat you.

വീരനാമാദിത്യനന്ദനൻമൊദെന ശ്രീരാമചന്ദ്രനൊടാശുചൊല്ലീടിനാൻ നാരീമണിയായജാനകിദെവിയെയാരാഞ്ഞറിഞ്ഞുതരുന്നൊണ്ടുനിൎണ്ണയം.

Weranamadityanunenen with joy replied quickly to Shree-Ramenchundren, I will assuredly seek the Goddess Naremaneyayganeky and inform you.

5th. ആയിരിക്കും, added to the future tense implies *doubt*; as,

കള്ളന്മാർ അവന്റെ നെല്ലു മൊഷ്ടിക്കുമായിരിക്കും.

Perhaps the thieves will steal his paddy.

6th. The future indicative is commonly used for the indefinite mood in such sentences as the following,

അവൻ വരും എന്ന അവൻ പറഞ്ഞു ഞാൻ അവന്റെ വാക്ക വിശ്വസിച്ചില്ല.

He said that he would; lit: *will, come, but I did not believe his word.*

IMPERATIVE MOOD.

218. The Imperative is used in sentences; thus,

നീ ഇറങ്ങി വരിക.

You come down.

ഞാൻ എങ്കിലും അവൻ എങ്കിലും അവർ എങ്കിലും അത ചെയ്യട്ടെ.

Let me, or him, or them do that.

നിങ്ങൾ പൊകുവിൻ. *You go.*

നാം പൊക.

Let us (plural) *go.*

2nd. When there are two or more imperatives in the sentence, participles are used for all the verbs but the last; thus,

നീ അവിടെ ചെന്ന ഇത അവന്ന കൊടുക്ക.

Go there and give him this.

നിങ്ങൾ ദൈവത്തിന്റെ കല്പനകളെ പ്രമാണിച്ച അവനെ സ്നെഹിച്ച സെവിച്ച അവനൊട പ്രാൎത്ഥിച്ചുകൊൾവിൻ.

Reverence the commands of the Lord; love, serve, and pray to Him.

ഈ പുസ്തകത്തെ വായിക്കുന്നവൻ അത പറയുന്ന കാൎയ്യങ്ങളെ കുറിച്ച നന്നായി വിചാരിച്ച പിന്നെ ഇങ്ങൊട്ട തരട്ടെ.

Let the reader of this Book think well about its contents and give it to me again.

ആ രണ്ട പെരും ഇവിടെ വരെണം എന്ന പറയെണം.

Tell those two persons to come here.

3rd. Examples of the use of the polite Imperative, permissive, and precative forms.

ഞാൻ എവിടെക്ക പൊകെണമെന്ന കല്പിച്ചാലും.

Be pleased to say where I am to go.

ഞങ്ങൾ ഇത ചെയ്തിട്ട വരട്ടെ, or, ഞങ്ങൾ ഇത ചെയ്തു• വെച്ചു, or ചെയ്തെച്ചു വരട്ടെ.

Allow us to come after doing this.

ഇനിക്ക വീട്ടിൽ പൊകുവാൻ കല്പന കിട്ടിയാൽ കൊള്ളാ യിരുന്നു.

Be pleased to permit me to go home ; lit: *It were well if I got permission to go home.*

വൈദ്യൻ എന്റെ ദീനം ഭെദം വരുത്തിയാൽ വളരെ ഉപകാരമായിരിക്കുന്നു.

I pray you to cure my disease ; lit: *If the Doctor would remove my disease it would be a great benefit.*

യജമാനനെ ആ കാൎയ്യം ഇനിക്ക സാധിപ്പിച്ചു തരെണം.

Oh master be pleased to effect that object for me!

മററാരും ഇനിക്ക രക്ഷയില്ല. നീ തന്നെ ഇനിക്ക രക്ഷ യാകുന്നു അത ഹെതുവായിട്ട കാരുണ്യ ഭാവത്തൊട കൂടെ നാരായണ നീ എന്നെ രക്ഷിച്ചുകൊള്ളെണമെ.

I have no other help, thou alone art my salvation, therefore Oh Narayana, (or whoever may be the tutelar deity of the temple,) save me.

This is one of the Muntrums from the Shastras, used by Brahmins when they enter into the presence of the idol in the temple.

From hence it follows that a Brahmins faith if fervid, is not very lasting; for he will repeat this form before the image of Vishnoo, at one time, and if interest call him will repeat the same before an image of Shewa, or any other Deity, immediately after.

അമ്പു പറിച്ചു തൃക്കൈ കൊണ്ടടിയനെ അമ്പൊട മെല്ലെ തൊടുകയും വെണം.

Be pleased to pluck out the arrow, and in love, gently touch thy servant with thy holy hand.

തിരു. In reference to the Deity signifies *holy*. When applied to a mere man, *excellent* or *honored ;* as,

രാജാവിന്റെ തൃക്കൈ. *The honored hand of the king.*

INDEFINITE MOOD.

219. Examples of the use of words of this description,

ഇവൻ പൊകുന്നെടത്തൊളം അവന്ന പൊകുവാൻ കഴിയും.

That person can go as far as this one goes.

ഞാൻ തന്നെ അവിടെ ചെന്നാൽ ആ കാൎയ്യം സാധിക്കാം.

If I myself go there, I can accomplish that business.

പണം ഉണ്ടായിരുന്നാൽ നിനക്ക ചെന്ന വല്ലതും മെടിക്കാമെല്ലൊ.

If you have money you can go and purchase any thing.

എന്റെ കുഡുംബം ഞാൻ രക്ഷിപ്പാനുള്ളതാകുന്നു.

I ought to succour my family.

നാംഎല്ലായ്പൊഴും ദൈവത്തെ സെവിക്കെണ്ടുന്നതാകുന്നു

We should serve God at all times.

അവൻ അപ്രകാരം ചെയ്യെണ്ടതാകുന്നു. *He should do so.*

താൻ ചെയ്യെണ്ടുന്ന കാൎയ്യം ഇത തന്നെ ആകുന്നു.

This is the thing you ought to do.

നീ പഠിത്വമുള്ളവനായിരുന്നു എങ്കിൽ നിനക്ക ആ വെല തന്നെനെ.

If you had been learned he would have[35] given you that employ.

നിനക്ക മനസ്സുണ്ടായിരുന്നാൽ അവിടെ ചെന്ന അവനെ കണ്ട അത മെടിച്ചെനെ.

If you had been so disposed you could have gone thither, have seen him, and have purchased that.

താൻ അവിടെ ചെന്ന അവനൊട ചൊദിച്ചാൽ അവൻ അത തരും.

If you go there and ask him, he will give it.

ദുഷ്ടന്മാൎക്ക ഗുണം ചെയ്താലും അവൎക്ക നന്ദി തൊന്നുകയില്ല.

Although you do good to wicked men they will not be grateful.

---

[35] In reference to past time, determination of purpose connected with a hypothetical case, as *even though the king had forbidden I would have gone,* cannot be expressed in Malayalim by the indefinite mood: in such cases the indicative past time, connected with a variety of expressions is used thus,

ഒരം കാൎയ്യത്തിന്ന എതൊരു വിരൊധം ഉണ്ട എങ്കിലും ഇല്ല എങ്കിലും ഞാൻ അത അവന്ന കൊടുത്തു.

lit: *Whether there is any opposition to this thing or not, I gave it him.*

INFINITIVE MOOD.

220. With the following exceptions this mood is used as in English thus,

നന്മ ചെയ്വാൻ പഠിപ്പിൻ. *Learn to do good.*

അവൻ ഇവിടെ വന്നത അവളെ കാണ്മാൻ ആകുന്നു.

The purpose of his coming here is to see her.

അവൻ ഈ വീട തീൎപ്പാൻ തുടങ്ങി.

He began to finish this house.

അവൻ അവളാൽ സ്നേഹിക്കപ്പെടുവാൻ യോഗ്യനല്ല.

He is not worthy to be loved by her.

The following forms are frequently used indifferently with the infinitive; and may be rendered into English by the indefinite mood; thus,

അവൻ അത അറിയിക്കെണ്ടുന്നതിന്നായിട്ട ഇവിടെ വന്നു; or, അവൻ അത അറിയിപ്പാനായിട്ട ഇവിടെ വന്നു.

He came here that he might make that known.

അവൻ കുളിക്കെണ്ടുന്നതിന്നായിട്ട ആറ്റിൽ പൊയി.

He went to the river in order to, or, *that he might bathe.*

നിന്റെ നിലം തരിശായിട്ട കിടന്നാലും അതിന്റെ കരം നീ കൊടുക്കെണ്ടി വരും.

Although your field is lying uncultivated you must pay tax for it.

ഞാൻ അവനെ രക്ഷിക്കെണ്ടുന്നതിന്നായിട്ട അവിടെ പൊയി.

I went thither to save him.

The Dative case of any relative neuter pronoun is often used for the infinitive. In some instances either form may be employed indifferently, but this is by no means the case always. No rule however, without numerous exceptions can be given on the subject. To know how to apply each form correctly, requires an acquaintance with the language that can only be acquired by the Students own industry.

അവൻ രാജാവിനെ കാണുന്നതിന്ന നാഗരകൊവിലിൽ പൊയി.

He went to Nagercoil to see the Rajah.

ഇവിടെ വരുന്നതിന എനിക്ക ശക്തി തന്നിട്ടുള്ള ദൈവം എന്നെ രക്ഷിക്കും.

God who hath given me power to come here, will preserve me.

RELATIVE PARTICIPLES.

221. In addition to what has already been written on this subject, when treating of the Etymology of relative pronouns, and participles; it is to be observed as a general rule that any number of relative participles may belong to the same noun; thus,

1st. If the noun has two or more relative participles attached to it, expressive of different actions performed by the same or by different persons, the form made with the verbal noun and ചെയ്യുന്ന in the tense required, is generally used; thus,

ആ കണ്ടത്തിൽ ഉഴുകയും വിതക്കയും ചെയ്യുന്ന ആളുകൾ ഇവിടെ വരെണമെന്ന പറക.

Tell the men who are ploughing and sowing in that paddy field to come here.

ആററിൽ മീൻ പിടിക്കയും മണൽ വാരുകയും ചെയ്തവരെ ഇവിടെ വരുത്തെണം.

Bring those persons here, who fished in the river and gathered sand.

2nd. In other instances when several relatives follow each other, all but the last are put in the past participle, as in the case of the verbs; thus,

ഇവിടെ വന്ന പാൎത്തവനെ ഞാൻ കണ്ടു.

I saw him who came and resided here.

സകലവും കണ്ടറിഞ്ഞിരിക്കുന്ന ദൈവത്തിൽ ഞാൻ ആശ്രയിക്കുന്നുണ്ട.

I trust in God who sees and knows all things.

3rd. Relative participles belonging to the same noun, are sometimes separated by other words; as,

വന്ന വൎത്തമാനം പറഞ്ഞ മിടുക്കുള്ള പൈതൽ ഇവിടെ ഉണ്ട.

The clever child, who came and told the story, is here.

In all cases when the relative participle stands alone, as in the last example, the open vowel sound of അ at the end of the participle ought to be fully expressed to distinguish these words from the same assemblage of letters when used as verbal participles.

If there be many intervening clauses between the participles, it is better to use the verbal noun with ചെയ്യുന്ന, as in the first rule; thus,

> സത്യമുള്ള മശിഹായെ ഉപെക്ഷിക്കയും അവന്റെ രക്തം ഞങ്ങളുടെയും ഞങ്ങളുടെ മക്കളുടെയും മെൽ ഇരിക്കട്ടെ എന്ന പറകയും ചെയ്ത യഹൂദന്മാർ നശിച്ച പൊയി.
>
> *The Jews who rejected the true Saviour, and who said, his blood be upon us and our children, perished.*

In very long sentences of this kind, it is generally better to use the form made with the participle and pronoun as before explained; thus,

> കഴിഞ്ഞ ആണ്ടിൽ തന്റെ അപ്പനെ അവമാനിച്ചവനായും തന്റെ അയല്ക്കാരെ ചതിച്ച വരുന്നവനായും നല്ല മനുഷ്യരെ നിന്ദിക്കുന്നവനായും ആഭാസന്മാരൊട കൂടെ നടക്കുന്നവനായുമിരിക്കുന്ന മനുഷ്യൻ ഇവിടെ ഉണ്ട.
>
> *Here is the man who dishonored his father last year, who is in the habit of deceiving his neighbours, who despises good men, and associates with the vile.*

4th. All the nouns in the sentence may have separate relative participles which may be qualified by other words; as,

> തന്റെ പ്രജകളെ എററവും സ്നെഹിക്കുന്ന രാജാവിനാൽ നല്ലവണ്ണം രക്ഷിക്കപ്പെട്ടിരിക്കുന്ന ജനങ്ങൾ അവന ആപത്ത വന്നാൽ സങ്കടപ്പെടാതെ ഇരിക്കയില്ല.
>
> *The people who are well protected by a king, who very much loves his subjects, will not fail to grieve if misfortune happen to him.*

VERBAL PARTICIPLES.

222. The Malayalim words made with കൊണ്ട affixed to past participles or the past tenses of verbs, may be rendered into English by the words *seeing*, *hearing*, *&c.*, in such sentences as *he remained in the house doing his work;* thus,

> അവൻ സിംഹത്തെ നൊക്കി കൊണ്ട അവിടെ ഇരുന്നു.
>
> *He sat there looking at the Lion.*
>
> അവൻ അവനൊട സംസാരിച്ചുംകൊണ്ട ആ സ്ഥലത്ത നിന്നു.
>
> *He stood at that place talking with him.*

അവർ കാട്ടാനകളെ കണ്ടുകൊണ്ടും ഭയങ്കരമായ ശബ്ദം കെട്ടുകൊണ്ടും ഒടിപൊയി.

They seeing wild Elephants and hearing a noise fled away.

It has been shown, in para 214, that when a number of verbs occur in the same sentence, all but the last are put in the past participle; but to be construed as verbs of the same tense as the final verb. It is however to be noted here, that sometimes the preceding verbal participle may refer to a past action, and be construed as a participle while the final verb may be in any tense; thus,

അവൻ വഴി നടന്ന ക്ഷീണമായി കിടക്കുന്നു.

He having walked is lying down faint.

This form however, though used, is inelegant. In such cases ഇട്ടു should be added to the participle, which in this connexion denotes *completeness.* Sometimes ആറെ is added instead of ഇട്ടു; thus,

ഞാൻ അപ്രകാരം പറഞ്ഞിട്ടു അവന്ന പത്ത ചക്രം കൊടുത്തു.

Having spoken thus I gave him ten chuckrums.

തൊട്ടത്തിൽ ചെന്ന വൃക്ഷങ്ങളെ വെട്ടീട്ടു അവൻ വീട്ടിൽ പൊയി.

After having gone to the garden and cut down the trees, he went home.

ഇത തീൎത്തിട്ടു ഞാൻ അവിടെ പൊകാം.

After having finished this, I will go there.

ഞാൻ അവിടെ ചെന്നാറെ അവനെ കണ്ടില്ല.

When I went there, I did not see him.

ആ പശുവിനെ കൊണ്ടുവന്ന കറന്നാറെ വെണ്ടുവൊളം പാല കിട്ടി.

After having brought the cow and milked her, I got an abundance of milk.

VERBAL NOUNS.

OF VERBAL ABSTRACT NOUNS.

223. These nouns can only be used in the nominative and ablative cases, or with the particle കൊണ്ടു; thus.

ചാടുക എന്നുള്ളതിന്റെ അൎത്ഥം ഇതാകുന്നു.

The meaning of the word jumping is this.

അവൻ വരികയാൽ ഞാൻ പൊകയില്ല.

I will not go on account of his coming.

അവർ എന്നെ വിളിക്കകൊണ്ട ഞാൻ വന്നു.

I came in consequence of their calling me.

അവൻ പൊകായ്കകൊണ്ട ആ കാൎയ്യം സാധിച്ചില്ല.

On account of his not going, that business was not effected.

OF VERBAL PERSONAL NOUNS.

224. After the full explanation that has been given respecting this part of speech it will be only necessary to add,

1st. That neither verbal abstract, nor personal nouns can govern a genitive case; for the reason, see para 120.

2nd. Verbal personal nouns always require to be preceded by the same cases as the verbs form which they are derived; as,

അവന്ന പുസ്തകം കൊടുത്തവൻ ഇവിടെ വന്നു.

He, who gave him the book, came here.

അവനെ അടിച്ച ആൾ അവിടെ നില്ക്കുന്നത ഞാൻ കണ്ടു.

I saw the person, who beat him, stand there.

അവനൊട സംസാരിച്ച സ്ത്രീ വീട്ടിൽ പൊകുന്നതിനെ ഞാൻ കണ്ടു.

I saw the woman, who spake with him, go home.

പാമ്പിനാൽ കടിക്കപ്പെട്ട ആൾ മരിച്ചു പൊയി.

The person, who was bitten by the serpent, died.

CAUSAL VERBS.

225. Causal verbs, formed from verbs active, govern nouns in the accusative case like their actives, and require a second noun in the accusative governed by the particle കൊണ്ട, in the sense of an instrumental ablative, to be expressed or understood in the same sentence; as,

അവൻ ആശാരിമാരെകൊണ്ട വീട പണിയിച്ചു.

He caused the carpenters to build the house.

അവർ അടിപ്പിച്ച പൈതൽ ഇവിടെ ഉണ്ട.

Here is the child whom they caused (him) to beat.

It has been before observed that many verbs[36] have no causal forms; when therefore the actives of such verbs, or the active forms of any verb, are used in the sense of English compound verbs, the noun with the instrumental particle is omitted, and the verb governs nouns in the usual way, as,

ഞാൻ അവനെ ചിരിപ്പിച്ചു. *I caused him to laugh.*

അവൻ അവരെ വരുത്തി അവനൊട കൂടെ അവരെ ഇരുത്തുകയും ചെയ്തു.

He made them to come and sit with him.

PASSIVE VERBS.

226. When simple sentences formed by a nominative case, active verb, and an objective, are rendered by the passive form, the *agent* is put into the 1st ablative and the object into the nominative case; as,

അവൻ എന്നെ അടിച്ചു. *He beat me.*

അവനാൽ ഞാൻ അടിക്കപ്പെട്ടു. *I was beaten by him.*

അവനാൽ അത കൊല്ലപ്പെട്ടു. *It was slain by him.*

In sentences where other nouns are used, such nouns must be placed in the same cases, as if used with active or neuter verbs; thus,

താൻ സത്യം പറഞ്ഞാൽ ആ കുററം തന്നൊട ക്ഷമിക്കപ്പെടും.

If you speak truth you will be forgiven that fault.

അവനാൽ ൟ ആളിനൊട പറയപ്പെട്ട ഗുണദൊഷം നല്ലതാകുന്നു.

The advice, that was given by him to this person, is good.

അവൻെറ വീട്ടു വസ്തുക്കൾ എല്ലാം അപഹരിക്കപ്പെട്ടു.

The whole of his household furniture was taken away by force.

നിനക്ക ഗുണം ചെയ്യുന്നവൻ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവനായിരിക്കട്ടെ.

May he who doeth you good, be blessed by God.

---

[36] The Malayalim verb പൊകുന്നു *to go*, is only used in the neuter; when therefore any of the English words compounded with *to go* are to be rendered into Malayalim, other verbs must be used; as,

അവൻ അവനെ വിട്ടയച്ചു.

He let him go; lit: *he dismissed and sent him*, as from confinement, &c.

അവൻ ആ ആളിനെ പറഞ്ഞയച്ചു.

He made that person go; lit: *he told and sent.*

When two or more passive verbs occur in the same sentence, the rules for placing them is the same as in the active voice; thus,

ഈ പശു വില്ക്കപ്പെട്ട അതിന്റെ വില ദാരിദ്ര്യക്കാൎക്കകൊടുക്കപ്പെടുവാനുള്ളതായിരുന്നു.

This cow ought to have been sold, and its price given to the poor.

അവിടെ ചെന്നാൽ താൻ അടിക്കപ്പെട്ട കൊല്ലപ്പെടും.

If you go there, you will be beaten and killed.

Passive verbs may be placed in connexion with other verbs; but in most cases it is better to make separate sentences, or to put the passive verb into the active form;

അവൻ ആ സ്ത്രീയെ കൊന്നത കൊണ്ട തൂക്കപ്പെട്ടു.

He was hanged, because he killed that woman.

അവൻ പാമ്പിനാൽ കടിക്കപ്പെട്ട പത്ത ദിവസം കഴിഞ്ഞപ്പൊൾ മരിച്ചു പൊയി.

He died ten days after he had been bitten by a serpent.

ക്രിസ്തു സ്വൎഗ്ഗത്തിൽനിന്ന ഇറങ്ങി മനുഷ്യനായി തീൎന്ന നമുക്ക വെണ്ടി കുരിശിൽ തറെക്കപ്പെട്ട മരിച്ചു.

Christ came down from heaven, became man, was crucified and died for us.

SYNTAX OF DEFECTIVE VERBS.

227. Of Affirmative Defective Verbs.

1st. Examples of the use of വെണം.

നമ്മുടെ അടിയന്തിരത്തിന്ന ഇത വെണം.

This is necessary for our business.

യജമാനൻ പറയുന്നതൊക്കയും ഞാൻ ചെയ്യെണം.

I must do all that Master commands me.

നീ വെല ചെയ്കയും മിനക്കെടാതെ ഇരിക്കയും വെണം.

You must do your work without being idle.

2nd Of വെണ്ടി.

അത വെണ്ടുന്ന കാൎയ്യം ആകുന്നു.

That is a necessary affair.

വെള്ളം വെണ്ടുവൊളം ഉണ്ട. *There is plenty of water.*

ഞാൻ നിന്റെ വീട്ടിൽ പാൎക്കെണ്ടുന്നതാകുന്നു.

I must dwell in your house.

3rd. Of ഒക്കും.

നീ അവിടെ പൊയാൽ ആ കാൎയ്യം ഒക്കും.

If you go there, that affair will be settled.

അവൻ പറഞ്ഞത ഒക്കും എങ്കിൽ താൻ അത സാധിപ്പാൻ പ്രയത്നം ചെയ്യാനുള്ളതാകുന്നു.

If what he says is right, you ought to strive to effect it.

4th. Of കഴിവു. When connected with a sentence that implies *necessity* the governing noun must be in the dative; in other cases the nominative is required; as,

ഇനിക്ക ഉറങ്ങിയെ കഴിവു. *I must sleep.*

ഇനിക്ക കുളിച്ചെ കഴിവു. *I must bathe.*

ഞാൻ കൂടെ അവിടെ ചെന്നെ കഴിവു.

I also must, or *ought to*, *go thither.*

5th. Of ആവു.

കാൎയ്യക്കാരൻ അഞ്ചെ രുപായെ പ്രായശ്ചിത്തം ചെയ്യിക്കാവു.

The Tassildar can only fine to the amount of five Rupees.

അവൻ അവിടെ ചെന്നെ നീ ചെല്ലാവു.

You can, or *must*, *only go after he has been.*

ദുഷ്ടന്മാൎക്ക ശിക്ഷ കല്പിച്ചെ മതിയാവു.

It is necessary to award punishment to the wicked.

The particle കൂടു is used like the last verb, and with a similar meaning; thus,

കണ്ണാടി ഉണ്ടെങ്കിലെ ഇനിക്ക എഴുത്ത കണ്ടു കൂടു.

I can only see the letters if I have spectacles.

പുസ്തകം ശൊധന ചെയ്യെ സത്യം അറിഞ്ഞു കൂടു.

The truth can only be known by examining the Book.

OF NEGATIVE DEFECTIVE VERBS.

228. Examples of the method of placing these verbs in a sentence.

1st. Of വെണ്ടാ.

ഇനിക്ക വെണ്ടാ. *I do not want.*

അത അവൎക്ക വെണ്ടാഞ്ഞു.

It was not necessary for them.

ആൎക്കും വെണ്ടാത്ത കുതിരയെ അവർ ഇവിടെ കൊണ്ടു വന്നു.

They brought a horse here which no one wanted.

സാധിക്കാത്തതിന്ന വെല ചെയ്യെണ്ടാ.

Bestow no labor on what cannot be effected.

ദുഷ്പ്രവൃത്തി ചെയ്തു കൊണ്ട ദൈവത്തെ കൊപിപ്പിക്കെണ്ടാ.

Do not make God angry by doing evil.

When several of these verbs are required, verbal nouns may be used with വെണ്ടാ; thus,

നീ വൃക്ഷത്തെൽ കരെറുകയും അതിന്റെ കൊമ്പുകളെ വെട്ടുകയും വെണ്ടാ.

Neither ascend the tree, nor cut down the branches.

The form may be altered thus,

നീ അവിടെ പൊകെണ്ടാ അവനൊട സംസാരിക്കയും വെണ്ടാ.

Neither go there, nor speak with him.

2nd. Of അല്ല.

ഞാൻ കള്ളൻ അല്ല. *I am not a thief.*

അത പച്ച നിറമുള്ളതാകുന്നുവൊ? അല്ല.

Is that a green colour? No.

ഈ ആൾ ആശാരിയൊ അല്ലയൊ?

Is this person a carpenter or not?

അവൻ അവരെ പഠിപ്പിച്ചത അവരുടെ പട്ടക്കാർ പഠിപ്പിച്ചത പൊലെ അല്ല സത്യത്തിൻ പ്രകാരം അത്രെ ആയിരുന്നത.

What he taught them was not like what their priests taught them, but it was according to truth.

നല്ലതല്ലാത്ത ഗുണദൊഷം അവൻ പറഞ്ഞു.

He spake counsel that was not good.

Two or more negatives of this description in a sentence, are connected by the particle ഉം; thus,

ആ തെങ്ങാ അത്ര നല്ലതല്ല അത്ര ചീത്തയുമല്ല.

That Cocoa-nut is not very good nor very bad.

പ്ലാം തടി ഈട്ടി തടി പൊലെ നല്ലതും ബലമുള്ളതുമല്ല.

Jack wood timber is neither so strong nor so good as Black wood.

3rd. Of ഇല്ല.

അവൻ പൊയൊ? ഇല്ല.

Did he go? No.

തനിക്ക വിശക്കുന്നില്ലയൊ?

Are you not hungry.

ഞാൻ അവനാൽ അടിക്കപ്പെട്ടിരുന്നില്ല.

I was not beaten by him.

ഞാൻ വീട്ടിലും പൊയില്ല അങ്ങാടിയിലും പൊയില്ല.

I neither went to the house, nor to the bazar.

നിങ്ങൾ കെൾക്കുന്നില്ലയൊ കാണുന്നില്ലയൊ ഒൎക്കുന്നില്ലയൊ? or, നിങ്ങൾ കെൾക്കയും കാണുകയും ഒൎക്കയും ചെയ്യുന്നില്ലയൊ?

Do you neither hear, see, nor remember?

ഞാൻ അത കണ്ടിട്ടുമില്ല കെട്ടിട്ടുമില്ല; or, ഞാൻ അത കണ്ടിട്ടും കെട്ടിട്ടും ഇല്ല.

I have neither seen nor heard it.

4th. Of ആതെ. As forming negative participles.

അവൻ അവിടെ ഉണ്ട എന്ന അറിയാതെ അവർ അവന്ന വിരൊധമായിട്ടുള്ള കാൎയ്യങ്ങളെ സംസാരിച്ചു.

Not knowing that he was there, they spake against him.

ഇത പിണങ്ങാത്ത കുതിര ആകുന്നു.

This is a horse without vice.

ആരും സഞ്ചരിക്കാത്തതും വെയിൽ തട്ടാത്തതുമായുള്ള വനഭൂമികൾ വളരെ ഉണ്ട.

There are many forests where no one travels and into which the rays of the sun never enter.

അവൻ ആ കാൎയ്യം തന്റെ യജമാനനെ ബൊധിപ്പിക്കാഞ്ഞത കുററം തന്നെ ആയിരുന്നു.

That he did not tell that business to his Master was a fault.

ഞാൻ അത അറിയാഞ്ഞിട്ട അവൻ എന്നെ ശാസിച്ചു.

He reproved me on account of my not knowing it.

Examples of the use of ആതെ in the formation of the negative imperative.

അവനെ കാണുമ്പൊൾ മിണ്ടാതെ ഇരിക്ക.

Be silent when you see him.

നിങ്ങൾ ബുദ്ധിയില്ലാത്തവരാകാതെ ഇരിപ്പിൻ.

Be ye not unwise.

ഞങ്ങൾ കറ കൂടാതെയും കുററം കൂടാതെയും ഇരിക്കുമാറാകെണമെ.

May we be without spot or blemish.

ൟശ്വരനെ കൊപിപ്പിക്കാതെയും യാതൊരുത്തരെ എങ്കിലും ഉപദ്രവിക്കാതെയും ഇരിപ്പാനായിട്ട നൊക്കികൊള്ളെണമെന്ന അവൻ എന്നൊട പറഞ്ഞു.

He told me that I must take care not to displease God, nor injure any one.

Examples of the use of the indefinite negative made with ആതെ ഇരിക്കുന്നു.

കച്ചവടം ചെയ്യുമ്പൊൾ ചെതം വരാതെ ഇരിക്കെണ്ടുന്നതാകുന്നു.

Business should be carried on without loss.

നീ അവിടെ പൊകാതെ ഇരിക്കെണ്ടുന്നതായിരുന്നു.

You ought not to have gone there.

നീ നല്ലവനായിരുന്നു എങ്കിൽ നിന്നെ തല്ലാതെ ഇരുന്നെനെ.

If you had been good I would not have beaten you.

5th. Of അരുത.

നീ എന്റെ വീട്ടിൽ വരരുത.

You must not come to my house.

ദുഷ്ടന്മാരൊട കൂടെ നടക്കരുത. *Do not go with the wicked.*

നീ മരിക്കാതെ ഇരിക്കെണം എങ്കിൽ അത ഭക്ഷിക്കരുത.

If you do not wish to die, do not eat that.

ആഭാസന്മാരുടെ ഗുണദൊഷം കെൾക്കരുത സജ്ജനങ്ങളെ നിന്ദിക്കയുമരുത.

Hearken not to the advice of the vile, nor despise good people.

നീ ദൂരദെശത്ത പൊകയും നിന്റെ കുഡുംബത്തെ ഉപെക്ഷിക്കയും ചെയ്യരുത.

You must not go to a far country, nor forsake your family.

പറയരുതാത്ത കാൎയ്യങ്ങളെ കുറിച്ച വിചാരിക്കയും കൂടെ അരുത.

Do not even think of things that must not be spoken.

6th. Examples of the use of വഹിയ, മെല, കഴികയില്ല, and കൂടാ.

ഇനിക്ക വള്ളം ഇല്ലായ്കകൊണ്ട അക്കരെക്ക പൊകുവാൻ വഹിയ.

I cannot cross, because I have no boat.

ഇനിക്ക നീന്തുവാൻ വഹിയാത്തതകൊണ്ട കുളത്തിൽ കിടക്കുന്ന കല്ല എടുപ്പാൻ മെല.

I cannot take the stone out of the tank, because I cannot swim.

കഴികയില്ലാത്തത കഴികയില്ല എന്ന ഖണ്ഡിച്ച പറയെണം.

Say at once you cannot do what is impossible.

ഇത ഇനിക്ക ചെയ്യു കൂടാ.

I cannot do this.

അവൎക്ക ഇവിടെ വന്നു കൂടാ.

They cannot come here.

VERBS OF INTENSITY.

229. These verbs may be used with principal verbs in any part of the sentence; thus,

1st. Examples of the use of കൊള്ളുന്നു with a principal verb.

അവൻ ഇനിയും എന്റെ ആളുകളെ പിടിച്ചുകൊള്ളുന്നു എങ്കിൽ ഞാൻ എഴുതി ബൊധിപ്പിക്കും.

If he seize my people any more, I will complain against him, lit: *will write and inform.*

അവർ എന്റെ കണ്ടത്തിന്റെ വരമ്പ വെട്ടി മാററികൊള്ളുന്നു.

They are cutting down and removing the bank of my paddy field.

ലങ്കയിൽ കടന്നുകൊൾവാൻ പണി.

It is difficult to pass over to Lenka.

ആയാൾ എന്റെ നിലം അപഹരിച്ചു കൊണ്ടു എന്ന ഞാൻ ആവലാധി ബൊധിപ്പിച്ചാൽ കെൾക്കയില്ല.

If I complain (to the court) that that person seized my field, it will not be heard.

2nd. Of കളയുന്നു.

ആ പശു ദിവസവും ൟ പറമ്പിൽ കെറി വാഴ എല്ലാം തിന്നുകളയുന്നു.

That cow is daily coming into my ground, and eating up all the plantain trees.

ആർ ഇത കീറികളഞ്ഞു എന്ന ഞാൻ അറിയുന്നില്ല.

I do not know who tore this.

ഇത ഉപെക്ഷിച്ചുകളഞ്ഞാൽ മറ്റൊന്നും കിട്ടുകയില്ല.

If you reject this, you will get nothing else.

അവൻ കുറ്റം ചെയ്തതകൊണ്ട അവന്റെ ഉദ്യൊഗത്തിൽനിന്ന അവനെ തള്ളികളവാൻ നിശ്ചയിച്ചിരിക്കുന്നു.

It has been determined to cast him out of his employ, because he committed a crime.

3rd. Of കിടക്കുന്നു.

ഞാൻ ചെന്ന നൊക്കിയപ്പൊൾ നിലം വിതച്ചു കിടക്കുന്നത കണ്ടു.

When I went and looked, I saw that the field was sown.

വാതിൽ പൂട്ടി കിടക്കുന്നു എന്ന അവൻ പറഞ്ഞു.

He said that the door was locked up.

4th. Of തരുന്നു, and കൊടുക്കുന്നു.

എന്നൊട കൂടെ രണ്ട സിപ്പായിമാരെ വിട്ടു തരാം എന്ന കാര്യക്കാർ പറഞ്ഞിരിക്കുന്നു.

The Tahsildar hath said, he will send two Sepoys with me.

അവൻ അവന്റെ ചുമട പിടിച്ചുകൊടുത്തു.

He gave him a lift up with his load.

അവൎക്ക വിളമ്പികൊടുത്തിട്ട അവനും ഭക്ഷിച്ചു.

Having distributed the food to them, he also eat.

5th. Of പൊകുന്നു.

ൟ കയറ പൊട്ടിപ്പൊയി. *This rope is broken.*

താൻ നന്നായി സൂക്ഷിക്കെണം അല്ലെങ്കിൽ വീണു പൊകും.

Take great care, or you will fall.

The manner of using ചെയ്യുന്നു has been already fully explained: (See para 127. Sec. 6th.)

SYNTAX OF ADJECTIVES.

230. Examples of the manner of using Malayalim adjectives.

1st. When the noun has but one adjective.

ഒരു വെളുത്ത പശു വന്നു വിളഞ്ഞ നെല്ലു എല്ലാം തിന്നു കളഞ്ഞു.

A white cow came, and eat up all the ripe paddy.

കറുത്ത കുതിരയുടെ പുറകിലത്തെ കാൽ ഒടിഞ്ഞുപോയി.

The hind leg of the black horse, is broken.

ധൈര്യമുള്ള മനുഷ്യൻ ധൈര്യമില്ലാത്തവനെ നിന്ദിക്കാതെ ഇരിക്കയില്ല.

A brave man will most certainly despise a coward.

അവന്റെ കുപ്പായത്തിന്റെ നിറം പച്ചയാകുന്നു.

The colour of his clothes, is green.

2nd. If there are several adjectives belonging to the same noun, such adjectives, if they will admit of it, are changed into abstract nouns, to each of which the conjunction ഉം must be affixed and ഉള്ള added to the last; which gives to the whole the force of adjectives; as,

ഭംഗിയും വലിപ്പവുമുള്ള ഒരു ആന ഇവിടെ ഉണ്ടു.

Here is a large and beautiful Elephant.

പഠിത്വവും ബുദ്ധിയുമുള്ള മനുഷ്യൻ മാനിക്കപ്പെടുവാനുള്ളവനാകുന്നു.

A wise and learned man ought to be respected.

വിശ്വാസവും ദൈവഭക്തിയുമുള്ളവൻ ആരൊടും ചെറിയ ഉപദ്രവം പൊലും ചെയ്കയില്ല.

A faithful and pious man, will not even do a trifling injury to any one.

3rd. In other cases, when several adjectives belong to the same noun, they are changed into personal nouns, and in this way all adjectives may be, and in native writings generally are, formed; as,

ഭംഗിയുള്ളതും വലിപ്പമുള്ളതുമായ ഒരു ആന ഇവിടെ ഉണ്ടു.

Here is large and beautiful Elephant.

ധനവാനും വൈദ്യനുമായുള്ള ഒരു മനുഷ്യൻ ദാരിദ്ര്യക്കാരനും രൊഗിയുമായുള്ളവനെ സഹായിക്കെണ്ടുന്നവനാകുന്നു.

A man who is a physician and rich, ought to help a poor and sick man.

ഞാൻ നിങ്ങൾക്ക നല്ലതും നെരുമായുള്ള മാൎഗ്ഗത്തെ ഉപദെശിക്കും.

I will teach you a good and right way.

4th. When one of the cardinal numbers, used adjectively, is connected with a noun; if there be another adjective, belonging to the same noun, the number is placed first in its full shape, and the adjective is put between it and the word to be qualified; as,

നാല വലിയ ആന കാട്ടിൽനിന്ന വന്ന പത്ത ചെറിയ പൈതങ്ങളെ കൊന്നുകളഞ്ഞു.

Four large Elephants came from the Jungle, and killed ten little children.

5th. If besides the number, there be several adjectives the number in its full shape, must be placed between them and the noun; as,

ഭംഗിയും വലിപ്പവുമുള്ള അഞ്ച കുതിരയെ ഞാൻ കണ്ടു.

I saw five large and beautiful horses.

സൌന്ദൎയ്യവും പുഷ്ടിയുമുള്ള ആറ പശുക്കൾ വന്നു.

Six fine fat cows came.

In the above cases the number is sometimes placed first, as in English; but this is not good Malayalim.

OF THE COMPARATIVE DEGREE.

231. In sentences of this kind the person or thing compared may be placed first in the sentence or not; but that which is affirmed of it must follow the thing with which the comparison is made; thus,

ആ ആന ഇതിനെകാൾ ചെറിയതാകുന്നു.

That Elephant is smaller than this.

ആയാളിനെക്കാൾ വലിയവനും ഇവനെക്കാൾ ചെറിയവനും ആരുമില്ല.

There is no one greater than that person, nor smaller than this.

എന്നെക്കാൾ എററവും ബലവാനായൊരുത്തൻ നാളെ വരും.

One who is much stronger than I, will come to-morrow.

അവൻ തന്റെ മക്കളെക്കാളും തന്റെ കുതിരകളെ അധികം സ്നെഹിക്കുന്നു.

He loves his horses more than his children.

ഇതിലും നന്നായിട്ട ഒന്ന ഇനിക്ക വീട്ടിൽ ഉണ്ട.

I have one in the house better than this.

എല്ലാത്തിനെക്കാളും മൃദുവായുള്ള വസ്തു വെണ്ണയാകുന്നു, അതിനെക്കാളും മൃദുവായുള്ളത സജ്ജനങ്ങളുടെ ഹൃദയങ്ങൾ ആകുന്നു അതെന്തകൊണ്ടെന്നാൽ വെണ്ണ തനിക്ക ചൂടവന്നല്ലാതെ ഉരുകുന്നില്ല സജ്ജനങ്ങളുടെ ഹൃദയങ്ങൾ മററ ആൾക്ക എങ്കിലും ചൂടവന്നാൽ ഉരുകിപ്പൊകുന്നു.

Butter is softer than all things, but the hearts of good people are softer than that; because butter will not melt unless itself feel the heat, but good mens hearts melt when any other one feels the heat; i. e. *distress.*

OF THE SUPERLATIVE DEGREE.

232. Examples of the method of using this part of speech.

നായൊളം നന്ദിയുള്ള മൃഗം ഒന്നുമില്ല.

There is no animal so grateful as a dog.

ആ മല ഭൂലൊകത്തിൽ എററവും ഉയരമുള്ളതാകുന്നു എങ്കിലും ഈ ആൾ മനുഷ്യരിൽ തുലൊം ചെറിയവൻ ആകുന്നു എങ്കിലും അവൻ അതിനെ പ്രയാസം കൂടാതെ കടന്നു പൊയി.

Though that mountain is the highest in the world, and this person the smallest among men, yet he crossed it without difficulty.

ഈ ലൊകത്തിലുള്ള നല്ല മനുഷ്യൻ അവനാകുന്നു; or, ഈ ലൊകത്തിലുള്ള നല്ല മനുഷ്യരിൽ ഒന്നാമൻ അവനാകുന്നു.

He is the best man in the world.

The last form, which is most agreeable to the idiom of the language, is lit: *He is the first man in the world.*

മീനൊ ഇറച്ചിയൊ എത അധികം നല്ലത?

Which is best, fish or flesh?

താൻ പറഞ്ഞത കെട്ടിട്ട ഇനിക്ക എത്രയും വളരെ ലജ്ജ ഉണ്ടായി.

I felt the greatest shame, after I heard what you said.

SYNTAX OF ADVERBS.

233. Adverbs are placed in a sentence before Verbs, Adjectives, and even before other Adverbs; sometimes they are found in any part of the sentence; as,

അവന്റെ കുതിര അതിവെഗമായിട്ട ഒടുന്നു.

His horse is running very swiftly.

അവൻ നന്നായി സംസാരിച്ചു.

He conversed well.

ഇത എറ്റവും നല്ല കാൎയ്യം ആകുന്നു.

This is a very good thing.

അവർ ആ വീട്ടിൽ ആനന്ദമായിട്ട അനെകം നാൾ ഒന്നിച്ചു പാൎത്തു.

They lived together joyfully, for a long time in that house.

അവൻ ഇപ്പൊൾ വരും ഇപ്പൊൾ വരും എന്ന അവർ വിചാരിച്ചിരുന്നു.

They were every moment expecting his coming.

നന്ന നന്നെത്രയും ചിത്രം!

Good, good, how very wonderful!

APPENDIX.

OF ACCENT.

1. In the Malayalim language syllables are unaccentuated; each word, consisting of the same kind of letters,[37] must be pronounced alike.

EMPHASIS

2. Emphasis is not so frequently used as in the English language. Tones,[38] as they are technically termed, are much more common. Whole sentences being often expressed in a way that proves how effective the language may become under proper cultivation.

VERSIFICATION.

3. Native works are, for the most part, written in Verse, but the laws for the arrangement of which, being purely Sanscrit, the ingenious Student is referred to that language for information on the subject. To any one learning Malayalim and having a taste for such studies, the task will not prove difficult, as all the Sanscrit taught in this country is through the medium of the Malayalim character.

PUNCTUATION.

4. The Natives have no points or divisions of any kind in their writings; and, except their poetry the style of which is foreign to the Malayalim language, their works present a confused mass of matter huddled together without any mark to distinguish one subject from another. The method of marking sentences, that may be found in some few modern native writings, has been introduced by, or borrowed from, Europeans.

---

[37] See para 13 on the letters ഐ and ഔ.

[38] Accent respects the pronunciation of words. Emphasis the meaning of the sentence. Tone or Cadence refers to the feelings of the Speaker. In all these subjects, the Malayalim is susceptible of great improvement; and the name of that Native Gentleman who may, in these respects, strive to advance and enrich his own language, will be remembered with respect and honor by generations yet unborn.

FIGURES OF SPEECH.

5. Figurative language is used by all classes of the people. The Figures in most common use are,

1st. *Personification.* This figure is well known by the natives; as,

ആ ദിവാനിജി ചെല്ലുമ്പൊൾ കച്ചെരി ഒക്കെയും വിറെക്കുന്നു.

When that Dewan goes, (to court) the whole Cutcherry trembles.

അവന്റെ സങ്കടം കാണുമ്പൊൾ വൃക്ഷങ്ങളും കൂടെ കരഞ്ഞുപൊകും.

The very trees will weep, when they see his grief.

എല്ലാ പൎവ്വതങ്ങളും ഭൂമിയെ കറന്ന പാലിന്ന പകരം രത്നങ്ങളെയും ഔഷധികളെയും എടുത്തു.

All the mountains milked the Earth and drew from it precious stones and medicine, instead of milk.

ആദിത്യൻ തന്റെ വിരലുകളുടെ അറ്റം കൊണ്ടു രാവണന്റെ ഭാൎയ്യമാരെ മുത്തുമണികളെ അലങ്കരിപ്പിക്കുന്നു.

The sun, with the tips of his fingers, decorates the wives of Ravenen with pearls.

2nd. *Simile* or *Comparison*, *Metaphor*, and *Allegory*, are in constant use. Native writings are full of fables; thus,

ആ ആന ഒരു മല പൊലെ ഇരിക്കുന്നു.

That Elephant is like a mountain.

ആയുസ്സ ചുട്ട പഴുത്ത ഇരിമ്പിന്മെൽ വീണ വെള്ളത്തുള്ളി പൊലെ ആകുന്നു.

Life is like a drop of water that falls upon red hot iron.

തിരുവിതാംകൊട്ട രാജാവ കൊച്ചീൽ രാജ്യത്തിന്ന ഒരു കൊട്ട ആകുന്നു.

The king of Travancore is a fort to the Cochin country.

വിഷ്ണു സകല ലൊകങ്ങളുടെയും നാരായ വെരാകുന്നു.

Vishnoo is the tap root of all worlds.

ജനന മരണമാകുന്ന കടലിന്റെ നടുവിൽ കിടന്ന വലയുന്ന ജനങ്ങൾക്ക കര പറ്റുവാൻ നിന്റെ കരുണ ഒരു പൊങ്ങു തടി ആകുന്നു.

Thy mercy is a floating timber, by which the people who lie tossing in the midst of the sea of life and death, may reach the land.

ഒരു സമയത്ത ഒരു സിംഹം ഒരു കാട്ടിൽ ചെന്ന അവി
ടെ ഉള്ള മൃഗങ്ങളെ എല്ലാം ഭക്ഷിച്ചുതുടങ്ങി അപ്പൊൾ
ആ കാട്ടിലുള്ള മൃഗങ്ങൾ എല്ലാം കൂടി ഞങ്ങൾ ഒരൊ
ദിവസം ഒരൊന്ന നിനക്ക ഭക്ഷണത്തിന്നായിട്ട വ
ന്നുകൊള്ളാമെന്ന സിംഹത്തൊട ഉടമ്പടി ചെയ്തു. അ
പ്രകാരം നടന്ന വരുമ്പൊൾ ഒരു മുയലിന്റെ മുറ വ
ന്നു അത ഇന്ന ഞാൻ മരിപ്പാൻ മുറയുള്ള ദിവസമാ
കുന്നു എങ്കിലും ഭക്ഷകനായ സിംഹത്തെ തന്നെ
കൊന്ന ഠരം ആപത്തിൽനിന്ന ഒഴിവാൻ കഴിയുന്നെ
ടത്തൊളം ശ്രമിക്കെണം എന്ന വിചാരിച്ചു ഒരു ഉപാ
യം നിശ്ചയിച്ചു വളരെ താമസിച്ചു പതുക്കെ പതുക്കെ
സിംഹത്തിന്റെ അടുക്കൽ ചെന്നു അപ്പൊൾ അത
നീ ഇത്ര താമസിപ്പാൻ എന്ത എന്ന ചൊദിച്ചു എ
ന്നാറെ മുയൽ സിംഹത്തൊട ഉത്തരമായിട്ട പറഞ്ഞു
സ്വാമി ഇപ്രകാരം ഞങ്ങളെ രക്ഷിച്ചു വരുമ്പൊൾ ദു
ഷ്ടനായിട്ട നിന്നെക്കാൾ ബലമുള്ള ഒരു സിംഹം വ
ന്ന അക്രമം ചെയ്യുന്ന കാരണത്താൽ അത്രെ വരു
വാൻ താമസിച്ചത സിംഹം അത കെട്ടപ്പൊൾ അവ
നെ കാണിച്ചു താ എന്ന പറഞ്ഞു എന്നാറെ ആ മുയ
ൽ സിംഹത്തെ കൂട്ടി കൊണ്ടു പൊയി എറെ ആഴമുള്ള
ഒരു കിണററിൽ ചൂണ്ടി കാണിച്ചു കൊടുത്തു സിംഹം
കീഴ്പ്പൊട്ട നൊക്കിയപ്പൊൾ അതിനെ പൊലെ ത
ന്നെ ഒരു രൂപം കിണററിൽ കണ്ടു അപ്പൊൾ ഉറക്കെ
ശബ്ദിച്ചു കിണററിൽനിന്നും മുഴങ്ങിക്കൊണ്ടു ഒരു പ്ര
തിധ്വനി കെട്ടു എന്നാറെ കിണററിൽ കണ്ട രൂപത്തി
ന്റെ നെരെ കൈ ഒങ്ങി അതും അപ്രകാരം തന്നെ
ചെയ്തു എന്നാൽ ഇനി നിന്നെ കൊന്നല്ലാതെ മറെറാ
രു കാര്യമില്ല എന്ന പറഞ്ഞ സിംഹം കിണററിലെക്ക
ചാടി അവിടെ കിടന്ന കുടിച്ചു ചാകുകയും ചെയ്തു.

The following is nearly a literal translation:—

Once upon a time a Lion entered a Forest and began to devour the Beasts; upon which they all met together and made an agreement with the Lion that one should come to him every day to be eaten; while they were thus doing, it happened one day to fall to the lot of a hare to come, upon which the hare reflected within itself, that as this is the day in which I am to die I must

strive, as much as possible, to destroy the devouring Lion and rescue myself from danger. Having contrived a plan, he walked very slowly towards the Lion and delayed going to him for a long time. Then the Lion asked him the cause of his delay: upon which he replied, Swâmy, while you are thus protecting us a wicked Lion stronger than yourself came and did much injury, which is the cause of my delay. When the Lion heard it he said, point him out to me; upon which the hare took the Lion and pointed him to a deep well: when the Lion looked down he saw in the well a figure like himself; then he roared loudly, and having heard the echo of the roar issuing from the well, he stretched out his paw towards the shadow in the well; when that did the same he said that henceforth nothing can be done without killing you, and jumping into the well was drowned.

MORAL.

Wisdom is better than strength.

3rd. *Hyperbole.* This figure is in common use; as,

ഇം മാവിലുള്ള മാങ്ങാ ഒരു പൊതിക്കാത്ത തെങ്ങായെക്കാൾ വലിപ്പമുള്ളതും പഞ്ചസാരയെക്കാൾ മധുരമുള്ളതും ആകുന്നു.

The mangoes on this tree are larger than a cocoa-nut, before the husk is removed, and sweeter than sugar.

അവൻെറ കണ്ണു ചെമ്പരത്തി പൂവിനെക്കാൾ ചുവന്നിരിക്കുന്നു.

His eyes are redder than a shoe-flower.

4th. *Irony.* This figure is well known by the natives; as,

നീ അവൻെറ വിരുന്നിന പൊകുമൊ? അതിന്ന എന്തൊരു സംശയം അവൻ എന്നൊട ചെയ്തിട്ടുള്ള അന്ന്യായം വിചാരിച്ചാൽ ഞാൻ പൊകാതെ ഇരിക്കുമൊ?

Will you go to his feast? What doubt is there about it. When you reflect upon the injury he hath done me; do you think I shall fail to go?

നീ ഇം മച്ചിപശുവിനെ ഇരുപത രൂപാ കൊടുത്ത വാങ്ങിച്ചത കൊണ്ട നിന്നെപ്പൊലെ ബുദ്ധിമാൻ ആരുമില്ല.

Because you paid 20 Rupees for this barren cow, there is no one so wise as you.

5th. *Antithesis* or *Contrast*, is much in use. Many examples have been given of it in the Syntax; as,

> നന്മ വിചാരിക്കയും പ്രവൃത്തിക്കയും ചെയ്യുന്നവന്ന വരുന്നത ഒക്കയും ഗുണമായിട്ട തീരും തിന്മ ആയാലൊ ദൊഷം തന്നെ.
>
> *Every thing will turn out well to him, who thinks and acts well; but evil to him that thinks and acts evil.*

6th. *Climax* or *Amplification* is used, but not to a great extent; thus,

> മഹാ രാജാവ നാട്ടിൽനിന്ന തള്ളികളവാൻ നിശ്ചയിച്ചവനെ നാട്ടിൽ നിൎത്തുവാൻ ആൎക്ക അല്ലെങ്കിൽ എന്തിന്ന കഴിയും തന്റെ മക്കളുടെ കണ്ണുനീരുകൾക്കൊ തന്റെ ഭാൎയ്യയുടെ അപെക്ഷകൾക്കൊ തന്റെ ചെങ്ങാതിമാരുടെ സഹായത്തിന്നൊ ദിവാന്ജിയുടെ കൃപയ്ക്കൊ യാതൊന്നിന്ന എങ്കിലും കഴിയുമൊ?
>
> *Who, or what can keep in the country him whom the Rajah has resolved to banish: can the tears of his children, the supplications of his wife, the assistance of his friends, the compassion of the Dewan, can any thing?*

Examples of the other figures of speech that are sometimes used in this language, have been already exhibited in the Syntax.

DIVISION OF TIME.

6. The Natives of Malayala have adopted the astronomical system of the Brahmins with regard to the measurement of time; but as this is taught in their Sanscrit Books, and written in the Malayalim character, specimens of which will be given here, the Student is referred to that source for full information on this interesting but complicated subject. It will be sufficient for ordinary purposes to confine these observations to a general explanation of the native method of dividing time, and of their astronomical and astrological terms; an acquaintance with which, will be found of great assistance to any one wishing to make himself acceptable to the people, or who may be desirous of becoming thoroughly acquainted with their language and customs.

> മാസൈനസ്യാദഹൊരാത്രഃ പൈത്രൊവൎഷ്ണെനദൈവതഃ
> ദിവ്യൈൎവൎഷസഹസ്രൈൎദ്വാദശഭിൎദ്ദൈവതംയുഗം.
> ദൈവെയുഗസഹസ്രെദ്വെബ്രാഹ്മഃകല്പൌതുതെനൃണാം.

The following is a translation of these Sanscrit lines:—

ഒരു മാസം കൊണ്ടു പിതൃക്കൾക്കു ഒരു പകലും രാവും ഭവിക്കും.

One month makes a day and night of the spirits of departed men.

ഒരു വൎഷം കൊണ്ടു ദേവകൾക്കു ഒരു പകലും രാവും.

A year makes a day and night of the gods.

ദേവകളുടെ പന്തീരായിരം സംവത്സരം കൊണ്ടു ഒരു ദൈവയുഗം

12,000 *years of the gods, make an age of the gods.*

ദൈവയുഗം രണ്ടായിരം കൊണ്ടു ബ്രഹ്മമാകുന്ന പകലും രാവും അവ തന്നെ മനുഷ്യൎക്കു രണ്ടു കല്പങ്ങളാകുന്നു.

2,000 *ages of the gods, make a day and night of Bramum, these are two Culpas of men.*

OF THE YUGAS.

7. A space of time equal to one Divine Age, is divided into four ages, supposed to be in constant revolution like tbe Seasons of the year. These periods probably refer to imaginary dates of some remote conjunctions of the heavenly bodies, assumed by ancient Astronomers merely to assist their computations; but which has given rise to the absurd, indecent, and monstrous fables with which the Puranas abound, and which are received among the people as solemn realities. These യുഗങ്ങൾ are named കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം; answering to the Golden, Silver, Brazen and Iron ages of European Mythology. The fourth, കലിയുഗം, in which we live, embraces a period of 432,000 years, of which, to the current year A. D. 1840-1, 4941 have elapsed.

OF SOLAR TIME.

8. The Solar year, which commences on the Sun's entrance into Aries, is divided into 12 parts or months, whose names are derived from the signs of the Indian Zodiac.

When these names are used, the word മാസം *month* must be added; sometimes instead of മാസം. ഞായർ, one of the names of the Sun, is added; as മകരഞായർ, *January month*; but this latter form is nearly obsolete.

9. Corresponding Signs of the Zodiac.

മെടം,	ആട്ടുപൊലെ,	*The Ram.*
ഇടവം,	കാളപൊലെ,	,, *Bull.*
മിഥുനം,	വീണപൊലെ,	,, *Twins.*
കൎക്കടകം,	ഞണ്ടപൊലെ,	,, *Crab.*
ചിങ്ങം,	സിംഹംപൊലെ,	,, *Lion.*
കന്നി,	കന്യകപൊലെ,	,, *Virgin.*
തുലാം,	ത്രാസപൊലെ,	,, *Balance.*
വൃശ്ചികം,	തെളപൊലെ,	,, *Scorpion.*
ധനു,	വില്ലപൊലെ,	,, *Archer.*
മകരം,	മാൻപൊലെ,	,, *Goat.*
കുംഭം,	കുടംപൊലെ,	,, *Water bearer.*
മീനം,	മീൻപൊലെ,	,, *Fishes.*

10. Corresponding Solar Months.

മെടമാസം,	*April.*
ഇടവമാസം,	*May.*
മിഥുനമാസം,	*June.*
കൎക്കടകമാസം,	*July.*
ചിങ്ങമാസം,	*August.*
കന്നിമാസം,	*September.*
തുലാമാസം,	*October.*
വൃശ്ചികമാസം,	*November.*
ധനുമാസം,	*December.*
മകരമാസം,	*January.*
കുംഭമാസം,	*February.*
മീനമാസം,	*March.*

A Month is sometimes called തിങ്ങൾ; thus,

ഈ തിങ്ങൾ ൧൫നു എന്റെ അമ്മയുടെ ദീനം വൎദ്ധിച്ചു പൊകയും ചെയ്തു.

On the 15th of this month, my mother died.

The months are not adjusted by intercalary days, according to the European method; and therefore do not entirely correspond to them. Each month properly contains as many days and fractional parts of a day, as the Sun remains in each sign. To adjust the fractional parts, the method adopted is taught in the following lines, the especial object of

which is to teach the exact time of സങ്ക്രമം; *i. e.* the exact time when the Sun enters a new sign.

തിമിരെ,	മെടം,	തിമിരാദികൾ വാക്യങ്ങൾ വെണ്ടു ന്നതിനെ വെച്ചതിൽ സങ്ക്രമധ്രു വവും കൂട്ടി കാണെണം രവിസ ങ്ക്രമം ആഴ്ച തീയതി ആയീടും.
നീരതം,	ഇടവം,	ഇലിനാഴികയായിവരും പതിനെ ട്ടിന്ന മുമ്പാകിൽ ഒന്നാം തീയതി അദ്ദിനം പതിനെട്ടു കഴിഞ്ഞാകിൽ ഒന്നാം തീയതി പിറെറന്നാൾ.
ചമരെ,	മിഥുനം.	
മരുത,	കക്കടകം.	
സുമരാൾ,	ചിങ്ങം.	
ഫല്ഗുണിഭ,	കന്നി.	
ജവത,	തുലാം.	
ധടക,	വൃശ്ചികം.	
നൂപര,	ധനു.	
സനിഭ,	മകരം.	
മണിമാൻ,	കുംഭം.	
ചയക,	മീനം.	

The purport of the two last lines is, that if the Sun should enter a new sign within 18 Narikas, after sun rise; that is before 1 12 P. M. English time; that day will be the first day of the month. If the Sun enter a new sign after that time, the first day of the month will commence on the next day.

The Solar year is also divided into two parts, each consisting of six solar months; the first of which is called a day of the gods; thus,

> പകൽ ദെവകൾക്ക മൃഗമാസമാദിയായാറുതിങ്ങളുണ്ട വി
> ടമുത്തരായണം ഉപനീതിചൌളമപരപ്രതിഷ്ഠയും ഇ
> വയന്നുവെണ്ടപതപാരാശ്ച സൽക്രിയാഃ

In Malayalim thus,

> മകരമാസം ൧– മുതൽ ആറുമാസം ഉത്തരായണം ആ
> ത ദെവകളുടെ പകൽ അന്ന ഉപനയനം ചൌളം
> ദെവപ്രതിഷ്ഠ മുതലായ സൽക്രിയകൾ ഒക്കെയും ചെ
> യ്യെണ്ടുന്ന കാലം.

In English thus,

Six months from the first of January is Uterayanum, (the Northern way,) this is a day (of 12 hours) of the gods. In this time the ceremonies of putting on the sacred thread, the first shaving of the head, the consecration of Idols and other rites, must be performed.

Six months from the first of July is called ദക്ഷിണായനം *Dechanayanum,* (the southern way,) This is a night of the gods.

11. The ആഴ്ചവട്ടം or *week*, is divided into seven days, named after the *Sun, Moon, Mars. Mercury, Jupiter, Venus,* and *Saturn* with ആഴ്ച *day*, affixed to each of them; as,

ഞായറ്,	*Sun.*	ഞായറാഴ്ച,	*Sunday.*
തിങ്കൾ,	*Moon.*	തിങ്കളാഴ്ച,	*Monday.*
ചൊവ്വ,	*Mars.*	ചൊവ്വാഴ്ച,	*Tuesday.*
ബുധൻ,	*Mercury.*	ബുധനാഴ്ച,	*Wednesday.*
വ്യാഴം,	*Jupiter.*	വ്യാഴാഴ്ച,	*Thursday.*
വെള്ളി,	*Venus.*	വെള്ളിയാഴ്ച,	*Friday.*
ശനി,	*Saturn.*	ശനിയാഴ്ച,	*Saturday.*

ആഴ്ച is sometimes used to signify *week;* or *a day* when considered as part of a week.

12. The ദിവസം *day*, of 24 English hours, is divided into 60 നാഴികകൾ *Narikas,* each of which is equivalent to 24 English minutes.

The day or date of the months is called തീയതി.

നാൾ is a day of the Moon's periodical revolution, and is used in reference to the 27 *Natchatras.*

തിഥി or പക്കം refers to the different phases of the Moon; but both നാൾ and പക്കം, are commonly, though erroneously, used in the same sense as ദിവസം.

The day distinguished from the night is termed പകൽ, and the night രാത്രി.

Other divisions of time of this description are as follows,

൬൦ വിനാഴിക,	൧ നാഴിക,	*Equal to* 24 *Minutes.*
൨ നാഴിക,	൧ മുഹൂർത്തം,	" " 48 *Minutes.*

൨ൽ നാഴിക,	൧ മണിനെരം,	*Equal to* 1 *Hour.*
൭ൽ നാഴിക,	൧ യാമം,	„ „ 3 *Hours, or one watch.*
൬൰ നാഴിക,	൧ ദിവസം,	„ „ 1 *Day.*
൭ ദിവസം,	൧ ആഴ്ചവട്ടം,	„ „ 1 *Week.*
൩൰[39] ദിവസം,	൧ മാസം	„ „ 1 *Month.*
൨ മാസം,	൧ ഋതു,	„ „ 1 *Season.*
൧൨ മാസം,	൧ സൌരസംവത്സരം,	„ „ 1 *Solar Year.*

OF LUNAR TIME.

13. The natives adapt the Zodiac to Lunar, as well as to Solar time. Besides the twelve divisions already named, it is further divided into 27 നക്ഷത്രങ്ങൾ, or Constellations, each containing 13′ 20″.

The names and figures of the 27 Natchatras, as taught in this country, are as follows,

അശ്വതി,	അശ്വമുഖംപൊലെ,	*Like a horse's head.*
ഭരണി,	അടുപ്പുപൊലെ,	„ *a fire place.*
കാൎത്തിക,	കൈവട്ടകപൊലെ,	„ *a small vessel used in sacrifice.*
രൊഹിണി,	ചുവന്നൊറ,	*Red one.*
മകയിരം,	മാൻതലപൊലെ	*like a deer's head.*
തിരുവാതിര,	തീകട്ടപൊലെ,	„ *burning coal.*
പുണൎതം,	കൊമ്പൻപാറുപൊലെ,	„ *a large sea boat.*
പൂയം,	വാൽകണ്ണാടിപൊലെ,	„ *a looking glass with a handle.*
ആയില്യം,	അമ്മിചാരിച്ചതപൊലെ,	„ *a sloping stone, on which the natives grind curry stuff.*
മകം,	നുകംപൊലെ,	„ *a yoke.*
പൂരം, ഉത്തിരം,	കട്ടിൽകാലപൊലെ,	„ *legs of a bedstead.*
അത്തം,	അമ്പുന്തരംപൊലെ,	„ *point of an arrow.*
ചിത്തിര,	ഛിദ്രിച്ചത,	*The scattered.*
ചൊതി,	ചുണ്ടപഴംപൊലെ,	*Like a small brinjal.*

[39] These vary from 29 to 32.

വിശാഖം,	വട്ടകിണറപൊലെ,	*Like a round well.*
അനിഴം,	ഉണ്ടവില്ലപൊലെ,	„ *a bow.*
തൃക്കെട്ട,	ഒരംട്ടിപൊലെ,	„ *a sort of spear.*
മൂലം,	കാഹളംപൊലെ,	„ *a trumpet.*
പൂരാടം, ഉത്രാടം,	കട്ടിൽകാലപൊലെ,	„ *legs of a bedstead.*
തിരുവൊണം,	മുഴക്കൊൽപൊലെ,	„ *a measuring rod.*
അവിട്ടം,	ചക്രംപൊലെ,	„ *a wheel.*
ചതയം,	അഞ്ചു നക്ഷത്രം,	*Five stars.*
പൂരുരുട്ടാതി, ഉത്രട്ടാതി,	രാവണൻ കട്ടിൽകാല പൊലെ,	*Like the legs of Ravenen's bedstead.*
രെവതി,	മിഴാവപൊലെ,	„ *a small sort of Tabor.*

These constellations are sometimes represented by different figures; thus,

മകയിരം,	തെങ്ങാകണ്ണപൊലെ,	*Like the eyes of a cocoa-nut.*
അവിട്ടം,	പടവപൊലെ,	*Like a small ship, &c.*

The lunar ecliptic is used to show the constellation in which the moon appears every day. It requires more than 27 days for the moon to make one complete revolution from any point of the Zodiac, to the same point again; but the natives intercalate the fractional parts in a way similar to that of their other calculations. In common however, they reckon 27 days as the period of the moon's revolution round her orbit, giving to each day one of the names of the above constellations, beginning with അശ്വതി; as അശ്വതിനാൾ.

Besides the above named constellations, they have another termed അഭിജിത്ത, which is formed from part of the stars in ഉത്രാടം and തിരുവൊണം, as described in the following lines,

> ഉത്രാടത്തിൽ നാലാംകാൽ തിരുവൊണത്തിലാദിയിൽ നാല നാഴിക കൂടുമ്പൊൾ അഭിജിത്തായ നാളത.
>
> *When four Narikas (*i. e. *two from each constellation) from the fourth part of Utteradem and the beginning of Tiruohnum meet together, they form Abighit day.*

This അഭിജിത്ത നാൾ is merely used in some calculations to make up an equal number of 28 days.

14. Their lunar year consists of 12 lunar months, reckoned from new

moon to new moon, contrary to the practice of the Brahmins residing in North India, who reckon from full moon to full moon.

There are but 354 days in their ചാന്ദ്ര സംവത്സരം *Lunar year*, more than 11 days less than in the Solar year. To adjust the lunar to solar computation intercalary months called അധിമാസങ്ങൾ are inserted.

15. The lunar months derive their names from the particular Natchatra near which the moon is observed to be generally at the full.

The names of the lunar months, are taught in the following Slogum,

> ചാന്ദ്രമാസാശ്ചൈത്രവൈശാഖസംജ്ഞൌജ്യേഷ്ഠാഷാ
> ഢഃ ശ്രാവണഃ പ്രോഷ്ഠപാദഃ അശ്വിന്യാഖ്യഃ കാൎത്തി
> കൊ മാൎഗ്ഗശീൎഷഃ പൌഷൊ മാഘഃ ഫാല്ഗുനഃ പവ്നി
> ക്ഷ്യാഃ

The new moon in the lunar month ചൈത്രം, corresponding to the latter part of March or the beginning of April, is the commencement of the lunar year: thus for the year 1841 March 23rd, or March 12th, Malayalim time, will be കറുത്ത വാവു; and the next day the first day of the lunar year.

16. The lunar month is divided into two parts termed പക്ഷം, each consisting of 15 പക്കം, or days.

The first or bright half of the month is called ശുക്ലപക്ഷം, പൂൎവ്വപക്ഷം, or വെളുത്തപക്ഷം. The second or dark fortnight is termed കൃഷ്ണപക്ഷം, അപരപക്ഷം, or കറുത്തപക്ഷം.

The 15th day or full moon is termed പൂൎണ്ണവാവു, or more commonly വെളുത്ത വാവു; the 30th or day of her conjunction is termed അമാവാസി, more commonly കറുത്തവാവു.

17. A പക്കം or lunar day is, for astrological purposes, divided into two parts called കരണങ്ങൾ *Karanas*. Of these, there are eleven; four which, viz. പുള്ളും നാല്ക്കാലികളും പാമ്പും പുഴുവും, are always in connexion with the new moon; the others succeed each other in regular order; thus,

> പ്രതിപദ മെൽ മുറിമുതലായി സിംഹം പുലി പന്നി ക
> ഴുത കരിസുരഭി വിഷ്ടിരിതിത്ഥം കൃഷ്ണചതുൎദ്ദശിക്രമശഃ
> പരദലംയാവൽ പുള്ളും നാല്ക്കാലികളും പാമ്പും പുഴ
> വും ക്രമെണ പിന്നെ വകരണാനി.

Malayalim explanation of the above.

പൂൎവ്വപക്ഷത്തിൽ പ്രതിപദത്തിൽ പുഴ സിംഹം; ദ്വിതിയയിൽ പുലി പന്നി; തൃതീയയിൽ കഴുത ആന; ചതുൎത്ഥിയിൽ പശു വിഷ്ടി; പഞ്ചമിയിൽ സിംഹം പുലി; ഷഷ്ഠിയിൽ പന്നി കഴുത; സപ്തമിയിൽ ആന പശു; അഷ്ടമിയിൽ വിഷ്ടി സിംഹം; നവമിയിൽ പുലി പന്നി; ദശമിയിൽ കഴുത ആന; ഏകാദശിയിൽ പശു വിഷ്ടി; ദ്വാദശിയിൽ സിംഹം പുലി; ത്രയോദശിയിൽ പന്നി കഴുത; പതിന്നായങ്കിൽ ആന പശു; വാവിന്ന വിഷ്ടി സിംഹം.

അപരപക്ഷത്തിൽ പ്രതിപദത്തിൽ പുലി പന്നി; ദ്വിതീയയിൽ കഴുത ആന; തൃതീയയിൽ പശു വിഷ്ടി; ചതുൎത്ഥിയിൽ സിംഹം പുലി; പഞ്ചമിയിൽ പന്നി കഴുത; ഷഷ്ഠിയിൽ ആന പശു; സപ്തമിയിൽ വിഷ്ടി സിംഹം; അഷ്ടമിയിൽ പുലി പന്നി; നവമിയിൽ കഴുത ആന; ദശമിയിൽ പശു വിഷ്ടി; ഏകാദശിയിൽ സിംഹം പുലി; ദ്വാദശിയിൽ പന്നി കഴുത. ത്രയോദശിയിൽ ആന പശു; പതിന്നായങ്കിൽ വിഷ്ടി പുള്ളു; വാവിന്ന നാല്ക്കാലികളും പാമ്പും.

18. നവഗ്രഹങ്ങൾ. Nine planets are,

ആദിത്യൻ,	*Sun.*
ചന്ദ്രൻ,	*Moon.*
ചൊവ്വ,	*Mars; son of the Earth.*
ബുധൻ,	*Mercury; son of the Moon by Rohini.*
വ്യാഴം,	*Jupiter; preceptor to the gods.*
ശുക്രൻ,	*Venus; preceptor to the* അസുരന്മാർ *Assuranmar.*
ശനി,	*Saturn; offspring of the Sun by Chiya.*
രാഹു,	*Moon's ascending Node.*
കെതു,	*Moon's descending Node.*

An Eclipse is called ഗ്രഹണം.

A Planet „ „ ഗ്രഹം.

A Star, „ „ നക്ഷത്രം.

Lucky time „ „ മുഹൂൎത്തം. *i. e.* favorable time for the performance of religious and other ceremonies.

Copies of original letters with nearly literal translations, intended to exhibit the style of writing in common use both in North and South Malabar.

ശ്രീ

മഹാ രാജശ്രീ——————സായ്പു അവർകൾക്ക——————വാകുന്ന——————രാജാവ അവർകൾ സെലാം എന്തെന്നാൽ നാം അവിടെ നിന്ന പൊരുമ്പൊൾ സായ്പു അവർകളെ കണ്ട ഇവിടെ എത്തി ഒരു കൊല്ലത്തൊളമായി ശരീര സൌഖ്യത്തൊട കൂടെ പാൎത്തുവരുന്നു. സായ്പു അവർകളുടെ ശരീര സൌഖ്യ സന്തൊഷാദികൾ ഇപ്പൊൾ നാം ദൂരസ്ഥനാകയാൽ കൂടകൂടെ അറിഞ്ഞ സന്തൊഷിപ്പാൻ സംഗതി വരാതെയും ആയിരിക്കുന്നു. ഇവിടെ ഉള്ള പല താലൂക്ക കാൎയ്യങ്ങൾക്ക ഇതവരെയും ഒരു നിവൃത്തി വന്നിട്ടില്ലാത്തതിനാൽ ഇനിയും താമസിച്ചിരിപ്പാൻ സംഗതി ആയിരിക്കുന്നു. വിശെഷിച്ചും നമുക്കുള്ള ചില കാൎയ്യങ്ങളിലെക്ക തലശ്ശെരി പാൎക്കുന്ന—— ——അവർകളെ കൊണ്ട വലുതായുള്ള ഗുണങ്ങളെ ചെയ്യിപ്പാൻ കഴിയുന്നതാകകൊണ്ട സായ്പു അവർകൾ നമ്മുടെ മെൽ ദയവിചാരിച്ച മെപ്പടി സായ്പു അവർകളാൽ നമുക്ക ചെയ്യാൻ കഴിയുന്നെടത്തൊളമുള്ള സഹായങ്ങൾ ചെയ്തു തരുവാനായി ഒരു കത്ത എഴുതി നമ്മുടെ കൈവശം എത്തിച്ച തന്ന ഗുണം വരെണ്ടുന്നതിലെക്ക സംഗതി വരുത്തി തരിക വെണ്ടിയിരിക്കുന്നു എന്ന കൊല്ലം ൧൦൧൫മത കന്നിമാസം ൩൦നു–എഴുതിയത.

ശ്രീ.————രാജാവ.

To——————Saib——————The Rajah residing at,————(in the North,)————with his salam writes as follows. After having seen you at the time of my leaving, I reached hither and have continued to reside here, with bodily health for the space of one year. On account of my living at such a distance, I have now but few opportunities to know and rejoice respecting your bodily health and other enjoyments. As nothing, among the many Talook affairs, has yet been effected, I shall be obliged to remain here sometime longer. Moreover as————residing at Tellichery is able to render me great assistance in some of my affairs, you showing me favor must be pleased to write a letter and send it by me to that Gentleman, that he may assist me as much as possible.

Written on the 30th of Cunne in the year 1015, Malabar date[40] corresponding to Oct. 14th 1839-40.

Shri————Rajah.

[40] The natives compute their present era from the building of കൊല്ലം Quilon. A. D. 825.

നീട്ട

————വിചാരത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾക്ക————
കുടയും ചങ്ങലവിളക്കും കൊടുത്ത വകയ്ക്കും————കൂടെ നി
ല്ക്കുന്ന കൊച്ചിട്ടി എന്നവനും മാത്തൻ എന്നവനും വീരച
ങ്ങലയും പൊന്ന കെട്ടിയ പിച്ചാത്തിയും നാരായവും കൊടു
ക്കുന്ന വകെക്കും കൂടെ അടുക്കു[41] മുതൽ ഉൾപ്പടെ നാല്പതിനാ
യിരം കലിയൻ അടിയറയും[42] തീർപ്പിച്ചയക്ക കൊണ്ട അതി
ന്മണ്ണം നടത്തിച്ചുകൊള്ളണം————പിള്ളേർ രണ്ട പെർക്കും
വീരചങ്ങലയും പിച്ചാത്തിയും നാരായവും മാവെലിക്കരെ
വെച്ച കൊടുപ്പാൻ കൂടായ്കകൊണ്ട അവർ രണ്ട പെരും നി
ന്റെ അടുക്കൽ വന്നാൽ രണ്ട പെർക്കും വീരചങ്ങലയും പൊ
ന്നും പിച്ചാത്തിയും നാരായവും കൊടുത്ത വെക്കയും വെണം.

ഠ൦ കാൎയ്യം ചൊല്ലി ൯൬൪മാണ്ട തുലാമാസം ൨൫൹- കൃഷ്ണൻ
ചെമ്പകരാമന്ന നീട്ട എഴുതി വിട്ട എന്ന തിരുവിളമായ നീട്ട.

Rajah's Letter or Order.

Whereas because 40,000 Kulleyans, (about 570 pounds English money) including all expences, have been paid for the privilege of giving the people under the authority of———an Umbrella[43] and Lamp with a Chain; and for permitting Coche-Itty and Matten, servants to the———, to wear a (particular kind of,) Bracelet, a Knife, and Style (*i. e.* Iron pen,) inlaid with Gold; you must put this order into execution. And whereas because there was no opportunity at Mavelicara of presenting the Bracelet, Knife and Style to the two servants———(lit: Children,) of the———. If they come to you, you must present the Bracelet, Knife, and Style, to each; (lit: both of them.) Respecting this

The Rajah's order is written and sent to Krishnen Chembaker-Ramen, in the year 964, Oct. 25th A. D. 1788.

---

[41] അടുക്കുമുതൽ, or അടുക്കുവത. Used in the above sense അടുക്കുമുതൽ signifies *fees*, or *perquisites* given to officers employed as agents in such matters. This word is also used in reference to ജന്മികൾ, or persons possessing land in their own right. Whenever such lands are let, or re-let a certain sum, besides the amount given for the land, called അടുക്കുവത must be given to the ജന്മി.

[42] അടിയറ. The money given for the purchase of privileges.

[43] In former days it was the custom of the Travancore Government, to extort vast sums of money from the people under the denomination of privilege. By the giving the Umbrella and Lamp is meant permission to allow privileged persons, when walking, to have servants to carry an Umbrella and a particular kind of Lamp before them.

മഹാ രാജമാന്യ രാജശ്രീ——————സന്നിധാനത്തുങ്കൽ ചങ്ങനാശെരിൽ പാൎക്കുന്ന വീരാപ്പിള്ള മെത്തര വളരെ സെലാം ചെയ്തു എഴുതി ബൊധിപ്പിക്കുന്നത തടി വിലയ്ക്കുള്ള പണം വാങ്ങിക്കുന്നതിന ഞാൻ ആലുവായ്ക്ക വരത്തക്കവണ്ണം സായ്പു അവൎകൾ കൎക്കടകമാസം ഢന്മ എഴുതിയ കടലാസ വന്ന ചെൎന്ന അവിടെ വരത്തക്കവണ്ണം വിചാരിച്ചിരിക്കുമ്പൊൾ തെക്കതിൽ ഒരു കാൎയ്യമായിട്ടു കൊലത്ത നാട്ടിലെക്ക പൊക കൊണ്ടു വരും വഴി ആലുവായ്ക്ക വന്ന കണക്ക തീൎത്ത പണം വാങ്ങിക്കയും ചെയ്യാം. നംധ൭മാണ്ട ചിങ്ങമാസം ൭ന്മ.

Werapilla Maytera[44] residing at Changanachery (in the South) with many Salams, writes to inform————Saib that the letter which Saib wrote on the 20th for me to go to Alway and receive the money for the timber, reached me. But while intending to go thither, I was obliged to go on some business to Koletenata. On my way back I will go to Alway, settle the account, and receive the money.

1017 August 7th.

Signed————

Common form of Malabar Brahmins letters written to Equals.

Northern Style.

താന്നിക്കാട എഴുത്ത എളെടം അറിയവെണ്ടും അവസ്ഥ ഠരം മാസം ധന്മ വൃശ്ചികം രാശിക്ക നാരായണന്നെ വിവാഹം നിശ്ചയിച്ചിരിക്കകൊണ്ടു ൻന്മ കുളിപ്പാൻ തക്കവണ്ണം എളെടവും അകായിലുള്ള ആളുകളും ഇവിടെ എത്തുകയും വെണം ഇത നംധമാണ്ട തുലാമാസം ൫ന്മ എഴുത്ത.

The same written in the Southern Style.

എളെടം അറിയവെണ്ടും അവസ്ഥ ഠരം മാസം ധന്മ നാരായണന്നെ വിവാഹം നിശ്ചയിച്ചിരിക്ക കൊണ്ടു ൻന്മ കുളിപ്പാൻ തക്കവണ്ണം എളെടവും അകായിലുള്ള ആളുകളും ഇവിടെ എത്തുകയും വെണം ഠരം അവസ്ഥയ്ക്ക എഴുതിയ താന്നിക്കാട്ടു നാരായണൻ നീലകണ്ഠൻ.

നംധമാണ്ട തുലാമാസം ൫ന്മ

44 Maytera is a term of distinction among the Mahomedans of this country.

The letter of Tanekata to inform Yeletum that on the 10th of this month at the time of the constellation Vrechecum, as it is appointed to celebrate the nuptials of Narayenen. Yeletum and all his family are requested to come on the 9th, to be ready for the bathing, (*i. e.* to the preparatory feast and ceremonies of which bathing is the commencement.)

This is written in the year 1010, on the 5th of Oct.

ആദംസെട്ട മുതലാളി ബൊധിപ്പാൻ മുട്ടത്ത അങ്ങാടിയിൽ കിണററുങ്കരെ വറുക്കി എഴുതുന്നത ഞാൻ മുതലാളിയൊട വെള്ളകൊപ്രായ്ക്ക പണം വാങ്ങിച്ച വകയിൽ തന്ന നീക്കി തരുവാനുള്ള കൊപ്രാ ൰൩ കണ്ടിയും കൊടുത്തയക്കത്തക്കവണ്ണം എഴുതി കൊടുത്തയച്ച എഴുത്ത ൰-ന ഇവിടെ കൊണ്ടുവന്ന തന്ന വായിച്ച കാണുകയും ചെയ്തു കൊപ്രാ എതാനും വെട്ടി ശെഖരിച്ചിരിക്കുന്നതും ശെഷം വെട്ടി വരുന്നതും ആകകൊണ്ട ൨൰-ക്കകം കൊപ്രാ ൰൩ കണ്ടിയും അവിടെ കൊണ്ടുവന്ന തന്നുകൊള്ളുകയും ആം.

ഇത ൲൰മാണ്ട കന്നിമാസം ൨-ന-

George Kinattumkara of Muttata Street writes to inform Adam Sata the Mutelāli (*i. e.* rich tradesman.) The letter desiring me to send the 13 Candies of white Kopra which is still owing, besides that which was forwarded, on account of the money I received from you, was brought here on the 10th and given, and I saw and read it. As some of the Kopra is prepared, and the rest is being prepared, I will bring the 13 Candies of Kopra within the 20th of this month.

This is written in the year 1010, September 2nd.

From an Inferior to a Superior of high rank.

ഇവിടത്തെ അവസ്ഥയാവിതു ഌം മാസം ൰൫-ന വാസുദെവന്ന മിത്രപൊററിയുടെ മകളെ വിവാഹം നിശ്ചയിച്ചിരിക്കകൊണ്ട കൂടെ ഇവിടെ വന്നിരുന്ന അടിയന്തിരം കഴിപ്പിച്ചുകൊള്ളുവാറാകണം ഌം അവസ്ഥ എല്ലാം പിള്ളമാര വായിച്ച വഞ്ഞിപ്പുഴപണ്ടാരത്തിലെ കെൾപ്പിച്ച വൈക്കയും വെണം ഌം അവസ്ഥയ്ക്ക എഴുതിയ കെതപ്പെള്ളിൽ നാരായണൻ നീലകണ്ടൻ.

൲൰൨മാണ്ട കന്നിമാസം ൫-ന-

The affairs here are as follows. As it is determined to marry the daughter of Mitra Potty, (*i. e.* one of the class of Malayalim Brahmins.) to Wasudeywan, you must also be pleased to come to conduct the neces-

sary affairs. The writers must read and inform Wanyppura Pandārum of the whole of this affair.

This is written by Kathappalil Narayanen Nelakunda.

In the year 1012: on the 5th of September.

From a Superior to an Inferior.

ആലുമ്മൂട്ടിൽ ഉമ്മമ്മന്ന വരുന്ന ചീട്ട ൩൹ അസ്തമിച്ച ൰ നാഴിക രാച്ചെന്നപ്പൊൾ അമ്മയുടെ ദീനം വദ്ധിക്കയും ചെയ്തു ൰൪൹ പിണ്ഡം ആകകൊണ്ട ആ വകയ്ക്കു രണ്ട ചൊതിന വെളിച്ചെണ്ണയും ൨൲ പഴക്കായും കൊണ്ട ൰൩൹ തന്നെ നീ ഇവിടെ വരികയും വെണം ഇപ്പടിക്ക ചീട്ട എഴുതിയ ആലപ്പുറത്ത മണിയൻ നാരായണനൻ കണക്ക ചെറുതാലെ രാമൻ രാമൻ.

൲൰ാമാണ്ട ചിങ്ങമാസം ൪൹

The Chit that is coming to Alummutil Ummumen.

At 10 in the evening of the 3rd my mother died[45]. The 14th being Pindem[46] you must come here on the 13th, and bring two Chodenas of cocoa-nut oil, and 2,000 ripe plantains.

This Chit is written by Cherutala-Ramen Ramen the accountant of Alappurattam manyen Narayanen.

In the year 1010, on the 4th of August.

---


[45] The student will perceive that the words rendered *my mother died*, literally mean *my mother's sickness increased*. From a superstitious motive, the natives are afraid to use the word death in reference to their own families, instead of which the different classes use a variety of terms; as തീപ്പെട്ടു, നാടനീങ്ങി, ദീനംവൈഷമ്മികയും ചെയ്തു, ക്ഷയിച്ചുപൊയി, കഠഠം പിഴച്ചുപൊയി, &c.

[46] Pindem is a ceremoney performed on behalf of the dead: the time for celebrating which, is determined by the Cast to which the deceased belonged.

പള്ളിപിണ്ഡം,	*Among*	*Rajahs.*
പിണ്ഡം,	,,	*Brahmins and other high classes.*
പതിനാറ,	,,	*Soodras;* lit: 16, because this ceremony is celebrated on the 16th day after the death of one of that Cast.
പുലകളി,	,,	*Roman Catholics, Syrians, and low class Heathens.*

പുലകളി, Signifies washing away the uncleanness supposed to be contracted by the death of an individual; thus പുല *Uncleanness*, and കളി *Bathing*.

THE END.





Digitized by Google